പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 1

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2015

International Conference
on Deepening Democracy

ICODD 2015

Thiruvananthapuram May 15, 16, 17

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'

- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്
ഏപ്രിൽ 2015

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 സദ്ഭരണത്തിന് ഇ ഗവേർണൻസ്
ഡോ. എം.കെ. മുനീർ

8 വരൾച്ചയ്ക്കും പറയാനുണ്ട്
ഡോ. വി. സുഭാഷ് ചന്ദ്രബോസ്

11 കേരളത്തിലെ ഗ്രാമപഞ്ചായത്തുകളെ അവഗണിച്ച പതിനാലാം ധനകാര്യകമ്മീഷൻ
ഡോ. സി. പ്രദീപ്

14 2015-16 ലേയ്ക്കുള്ള കേന്ദ്ര ബജറ്റും സാമൂഹ്യക്ഷേമ മേഖലയും
ഡോ. മേരിജോർജ്ജ്

18 മിഷൻ ഇന്ദ്രധനുസ് ശൈശവ രോഗ പ്രതിരോധ പരിപാടിയിൽ ഒരു പുതിയ കുതിപ്പ്

20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 മണ്ണും ഭൂപടവും
ആഷ വി. എൻ

24 കൃഷി ക്ലിനിക്ക്
എം. എ. സുധീർ ബാബു പട്ടാമ്പി

25 പഞ്ചായത്ത് കോടതി
ചന്ദ്രമോഹനൻ നായർ

29 പതിനാലാം ധനകാര്യ കമ്മിഷൻ ശുപാർശകൾ
പ്രവാകർ സാഹു

32 ലോകാരോഗ്യദിനം : ഭക്ഷണസുരക്ഷ
ഡോ.എം.കെ. മുഹമ്മദ് അസ്‌ലം

35 ദേശീയ ശ്രദ്ധേയരാകുന്ന കേരള നിയമസഭാ സാമാജികർ
ഡോ. പി.പി. ബാലൻ

39 ജീവകാരുണ്യപദ്ധതികളിൽമാതൃകയായി കോറാടൻ റംല
ഗോപകുമാർ പൂക്കോട്ടൂർ

ഗ്രാമലക്ഷ്മി മുദ്രാലയം, കഞ്ചിക്കോട് ജനറൽ സ്റ്റോർ ഉദ്ഘാടനം

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ യൂണിറ്റായ കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ പുതിയതായി നിർമ്മിച്ച ജനറൽ സ്റ്റോറിന്റെ ഉദ്ഘാടനവും കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികളുടെ ഉദ്ഘാടനവും ഫെബ്രുവരി മാസം 19-ാം തീയതിപഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ ക്രൂസ് ചെയർമാൻസൂപ്പിനരിക്കാട്ടേരി അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ഛായാചിത്രം അനാച്ഛാദനം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി.മാത്യൂ നിർവ്വഹിച്ചു.

പഞ്ചായത്ത് ഡയറക്ടർ എ.സെയ്ദ് (ഇൻ ചാർജ്), ക്രൂസ് സെക്രട്ടറി എസ്.ലത എന്നിവർ ആശംസകൾ നേർന്നു.

ജനാധിപത്യ ശാക്തീകരണത്തിന്റെ 2-ാം അന്താരാഷ്ട്ര സമ്മേളനം

മേയ് 15, 16, 17

ICODD- 2015

International Conference on Deepening Democracy
ICODD 2015
Thiruvananthapuram May 15, 16, 17

2014 ജനുവരിയിൽ കോവളത്ത് വച്ച് നടന്ന ഒന്നാം ICODDന്റെ ഗംഭീര വിജയത്തെ തുടർന്ന് രണ്ടാം ICODD 2015 മേയ് 15, 16, 17 തീയതികളിലായി കോവളത്ത് വച്ച് നടത്തപ്പെടുകയാണ്. ഈ വർഷം "Local Governments and rights based developmet" എന്നതാണ് തീം. ഇതിനെ ആസ്പദമാക്കി 16 Sub theme തെരഞ്ഞെടുത്തിട്ടുണ്ട്. സമ്മേളത്തിൽ അവതരണത്തിനായി 200ലധികം പ്രബന്ധങ്ങൾ ഇതിനകം ലഭിച്ചു കഴിഞ്ഞു. നാല് വേദികളിലായി നടത്തപ്പെടുന്ന Technical session-ൽ ഗ്രാമപഞ്ചായത്തുകളുടെ അനുകരണിയ മാതൃകകൾ അവതരിപ്പിക്കുന്നതിനായി പ്രത്യേക സെഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് ഒരു ജില്ലയിൽ നിന്നും ശരാശരി 60 പ്രതിനിധികൾ വീതം വിവിധ സെഷനുകളിൽ പങ്കെടുക്കും.

മുഖ്യമന്ത്രി, പഞ്ചായത്ത് വകുപ്പ് മന്ത്രി, മറ്റ് മന്ത്രിമാർ, കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രി എന്നിവർ പങ്കെടുക്കുന്ന സമ്മേളനത്തിൽ വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖരായ കൈലാസ് സത്യാർത്ഥി, ഡോ. വിനായ്കസെൻ, അരുണാറോയ്, മേധാപട്കർ, ജയറാം രമേശ്, ടി. സായിനാഥ്, റ്റി.ആർ. രഘുനന്ദൻ, ഡോ. തോമസ് ഐസക്, ഡോ. ഇക്ബാൽ, ഡോ. നിഖിൽ ഡേ, പ്രൊഫ. മാധവ മേനോൻ, സമീർഘോഷ്, സുഖദേവ് ത്രോട്ട, അഞ്ജലി ഭരദ്വാജ്, മാത്യു ചെറിയാൻ തുടങ്ങിയവർ വിവിധ സെഷനുകളിൽ മുഖ്യപ്രഭാഷണം നടത്തുന്നതാണ്. കേരളത്തിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്കും, സെക്രട്ടറിമാർക്കും ഒരു ദിവസം സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനായുള്ള വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. ഏപ്രിൽ മദ്ധ്യത്തോടെ Tendative programme തയ്യാറാകും.

ഓഫീസ് ഫോൺ: 0471-2321321

ഇ-മെയിൽ: ICODD2015@gmail.com

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2015 | പുസ്തകം 55 | ലക്കം 1 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ

പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

പി.പി. ജയിംസ്

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

എ. ഹാഷിം

പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

സി.എ. ലത ഐ.എ.എസ്.

പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

സി.എ. ലത ഐ.എ.എസ്.

e-mail: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം

e-mail: prodp12@gmail.com

Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.

എഡിറ്റോറിയൽ

ഒരു സാമ്പത്തിക വർഷം കൂടി പിന്നിട്ട് 2015-16 എന്ന പുതിയ സാമ്പത്തിക വർഷത്തിലേക്ക് കടന്നിരിക്കുകയാണ് നാം. ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും കൂടുതൽ സുതാര്യതയും മാറ്റങ്ങളും നടപ്പിലാക്കിയ കാലഘട്ടമായിരുന്നു. പദ്ധതി ആസൂത്രണത്തിൽ ഇടത്തട്ട് കമ്മിറ്റിയെ ഒഴിവാക്കിയും പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ:ടെൻഡർ നടപ്പിലാക്കിയതും ആസൂത്രണത്തിൽ കാര്യമായ നേട്ടം ഉണ്ടാക്കാനായി. എന്നാൽ ഇ:ടെൻഡർ മുഖേന കൂടുതൽ സുതാര്യത ഏർപ്പെടുത്തിയിട്ടും പൊതുമരാമത്ത് പ്രവൃത്തികൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നിർവ്വഹണത്തിന് സമയം ദീർഘിപ്പിച്ച് നല്കിയതിനാൽ പ്രവൃത്തികൾ നല്ല രീതിയിൽ പൂർത്തീകരിക്കാൻ ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കും. ദീർഘിപ്പിച്ചു നൽകിയ സമയത്തിനുള്ളിൽ തന്നെ പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകണം. കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയ വസ്തുനികുതി പരിഷ്കരണം മൂലം ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാര്യമായ പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. എപ്പോഴും സർക്കാർ സഹായം മാത്രം പ്രതീക്ഷിച്ച് വികസന ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് തനത് വരുമാനത്തിലൂടെ അവ നടപ്പിലാക്കാൻ സാധിക്കുക എന്നത് യഥാർത്ഥ പ്രാദേശിക സർക്കാരായി ഗ്രാമപഞ്ചായത്തുകൾ മാറുന്നു എന്നതിന്റെ സൂചന തന്നെയാണ്. മുപ്പതിലധികം ഗ്രാമപഞ്ചായത്തുകൾ അന്താരാഷ്ട്ര ഗുണനിലവാരമായ ISO അംഗീകാരം നേടി സേവന രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നു. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ ISO അംഗീകാരം നേടുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തുകാര്യാലയങ്ങൾ ആധുനികവല്കരണത്തിന്റെ പാതയിലാണ്. മറ്റൊരു വകുപ്പിനും അവകാശപ്പെടാനില്ലാത്ത നേട്ടങ്ങളും മികച്ച സേവന പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തുകൾ കാഴ്ചവെക്കുന്നുണ്ട്.

2015-16 സാമ്പത്തിക വർഷത്തിന്റെ ആദ്യനാളുകളിലാണ് ഇപ്പോഴുള്ളത്. ഒരു സാമ്പത്തിക വർഷം അവസാനിപ്പിച്ചതിന്റെ (ജോലി തിരക്കുകൾ ഒഴിഞ്ഞതിന്റെ) ആലസ്യത്തിലേക്ക് പോകുന്ന അവസ്ഥയുണ്ടാകരുത്. ഈ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് പുതിയ ഭരണസമിതി അധികാരത്തിൽ വരുന്ന സമയം കൂടിയാണ്. 2015-16ലെ പദ്ധതികൾ അതിനുമുമ്പ് പൂർത്തീകരിക്കേണ്ടതുണ്ട്. 2014-15ൽ തന്നെ 15-16 ലെ പദ്ധതി അംഗീകാരം നേടണമെന്ന് നിർദ്ദേശം നല്കിയിരുന്നതു അതു കാരണമാണ്. എന്നാൽ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് ഇത്തരത്തിൽ പദ്ധതിക്ക് അംഗീകാരം നേടിയെടുത്തത്. ഈ മാസം 30നു മുമ്പ് എല്ലാ ഗ്രാമപഞ്ചായത്തും പദ്ധതി അംഗീകാരം നേടിയെടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഇലക്ഷനു മുമ്പായി പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയൂ. നവംബർ മാസത്തിൽ പുതിയ കമ്മിറ്റി നിലവിൽ വരുമ്പോൾ പഴയ ഭരണസമിതി എടുത്ത പ്രോജക്ടുകൾ എന്ന തരംതിരിവ് ഉണ്ടാകാതിരിക്കണമെങ്കിൽ അതിനു മുമ്പ് പദ്ധതികൾ പൂർത്തീകരിച്ചിരിക്കണം. കൂടാതെ 2014-15 വർഷത്തെ വാർഷിക കണക്കുകൾ പ്രാരംഭ ബാക്കി ഉൾപ്പെടെ കൃത്യമായി ട്രഷറി കണക്കുകളുമായി ഒത്തു നോക്കിയും ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതുമുണ്ട്.

കഴിഞ്ഞ 4 വർഷമായി പഞ്ചായത്തു വകുപ്പ് കരസ്ഥമാക്കിയ എണ്ണമറ്റ നേട്ടങ്ങളും പരിഷ്കാരങ്ങളും തുടരുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനു പുതിയ ഭരണസമിതികൾക്കു കഴിയണമെങ്കിൽ അവർ അധികാരം ഏൽക്കുമ്പോൾ അടുക്കും ചിട്ടയും ഉള്ള ഒരു ഓഫീസ് സംവിധാനവും സുതാര്യതയും എല്ലാ ഗ്രാമപഞ്ചായത്തിലും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വരുംനാളുകൾ ഇലക്ഷന്റെ ജോലിതിരക്ക്, പുതുതായി രൂപീകരിക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം തുടങ്ങി നിരവധി ജോലികൾ കൃത്യതയോടെ സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തു സെക്രട്ടറിമാർ ഇക്കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് സഹപ്രവർത്തകരുമായി ആവശ്യമായ ചർച്ചകൾ നടത്തി മുന്നൊരുക്കങ്ങൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സി.എ. ലത ഐ.എ.എസ്.

പഞ്ചായത്ത് ഡയറക്ടർ

സദ്ഭരണത്തിന്
ഇ ഗവേർണൻസ്

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

ജനാധിപത്യശാക്തീകരണം, അധികാര വികേന്ദ്രീകരണം, ജനകീയാസൂത്രണം തുടങ്ങിയവയിലൂടെ പഞ്ചായത്ത്‌രാജ് സംവിധാനം കേരളത്തിൽ ശക്തമായി എന്ന് ഏവർക്കും അനുഭവവേദ്യമായ കാര്യമാണ്. അധികാരം വലിയ ഒരളവോളം ജനങ്ങളിലേക്ക് കൈമാറപ്പെട്ടു. സേവനലഭ്യത എളുപ്പമായി. സദ്ഭരണം എന്നത് പൗരന്റെ അവകാശമായി. പൗരന് ലഭിക്കേണ്ടവ സേവനങ്ങൾ സുഗമമായും സുതാര്യമായും അവന് ലഭിക്കുക എന്നതിന് ഊന്നൽ വന്നു. അതിനും അപ്പുറം സേവനങ്ങൾ ഓരോ പൗരനും നേരിട്ടു പ്രാപ്യമാക്കാവുന്ന സ്ഥിതിയിലേക്ക് ത്രിതല പഞ്ചായത്ത് രാജ് സംവിധാനം പുരോഗമിച്ചു. സേവന ലഭ്യതക്ക് ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി പ്രയോജനപ്പെടുത്തി പഞ്ചായത്ത് രാജ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കാൻ രൂപം നൽകപ്പെട്ടതാണ് ഇൻഫർമേഷൻ കേരള മിഷൻ.

കുറേയധികം സോഫ്റ്റ്‌വെയറുകൾ കഴിഞ്ഞകാലങ്ങളിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തു. പഞ്ചായത്ത് അക്കൗണ്ടിംഗ് സിസ്റ്റം കുറ്റമറ്റതാക്കാൻ സാബിൾ എൻട്രി അക്കൗണ്ടിംഗ് 'സുലേഖ' സോഫ്റ്റ് വെയറിലൂടെ പ്രാവർത്തികമാക്കി. പദ്ധതി സബ്മിഷനും അനുവാദവും ഓൺലൈനാക്കാൻ കഴിഞ്ഞതും ഐ.കെ.എം. സോഫ്റ്റ് വെയറിലൂടെയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരവധി സർട്ടിഫിക്കറ്റുകളുടെ ഓൺലൈൻ ലഭ്യതക്കും സോഫ്റ്റ് വെയറുകൾ ഐ.കെ.എം. വികസിപ്പിച്ചെടുക്കുക യുണ്ടായി. എന്നാൽ ഒരു മിഷനായി അല്ലെങ്കിൽ ഒരു പ്രത്യേക കാലഘട്ടത്തിലേക്ക് മാത്രം പ്രവർത്തനം വിഭാവന ചെയ്യപ്പെട്ട ഐ.കെ.എമ്മിന്റെ പ്രവർത്തനം സാധാരണഗതിയിൽ അവസാനിക്കേണ്ട ഘട്ടം ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായി. എന്നാൽ സദ്ഭരണം കൈവരുത്തുന്നതിലും ജനങ്ങൾക്ക് ലഭിക്കേണ്ട സുഗമമായും സുതാര്യമായും അവന് ലഭിക്കണം എന്ന ദൃഢനിശ്ചയം ഈ ഗവൺമെന്റിനുണ്ടാ

യിരുന്നു. അങ്ങനെ സംഭവിക്കണമെങ്കിൽ ഐ.കെ.എം. നിലനിൽക്കുകയും അതിനെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യണം എന്ന തിരിച്ചറിവ് ഈ ഗവൺമെന്റിനുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനമാണ് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനമായി ഐ.കെ.എമ്മിനെ നിലനിർത്തുക എന്നുള്ളത്. ഇന്ന് ഐ.കെ.എം. പുത്തൻമേഖലകളിലേക്ക് പ്രവേശിക്കുന്നത് വീക്ഷിക്കുമ്പോൾ, ഗവൺമെന്റിന്റെ തീരുമാനം തികച്ചും ശരിയായിരുന്നു എന്നത് ബോധ്യമാക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ സൗജന്യമായി കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലും ലഭ്യമാക്കുന്ന ഒരു ഘട്ടത്തിലേക്കാണ് നാം കടക്കുന്നത്. 'സുരേഖ' ആപ്ലിക്കേഷനിലൂടെ ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ മുതൽ 11 സേവനങ്ങൾ ലഭ്യമാക്കും. ഏറ്റവും പുതിയ സോഫ്റ്റ് വെയറാണ് സമഗ്ര. ഇത് മൊബൈൽ ആപ്ലിക്കേഷനാണ്. ആൻഡ്രോയ്സ് മൊബൈൽ ഫോണിൽ പ്ലേസ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 'സമഗ്ര' സോഫ്റ്റ് വെയറിലൂടെ ലഭിക്കും. ഐ.സി.റ്റി. എനേബിൾസ് ഇ ഗവേർണൻസിൽ ഇനിയും മുന്നോട്ടുപോകാനുണ്ട്. നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് കണക്ടിവിറ്റിയിൽ നമ്മുടെ എല്ലാ പഞ്ചായത്തുകളും ഉടൻതന്നെ ഹുക്ക് ചെയ്യപ്പെടുകയാണ്. ഇതുമായി ബന്ധപ്പെട്ട ഗ്രാമീണജനത, ഡിജിറ്റൈസേഷന്റെ നേരിട്ടുള്ള ഗുണഭോക്താക്കളാവുകയാണ്. ആരോഗ്യ, വിദ്യാഭ്യാസ, കൃഷി മേഖലകളിൽ വിവരവിനിമയത്തിനും വികസനത്തിന്റെ ഒരു പുത്തൻമേഖലയിലേക്കും ഉള്ള കവാടം തുറക്കുകയാണ് ഇതിലൂടെ.

ഇൻഫർമേഷൻ കേരള മിഷൻ ഉടനേ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഓരോ വീട്ടിലും എത്തി ടാക്സ് കളക്ഷൻ. പഞ്ചായത്തുകൾ മുഖേന പ്രാവർത്തികമാക്കുന്ന ഈ പദ്ധതിക്ക് ഓരോ ടാക്സ് കളക്ടർക്കും ഒരു ഹാൻഡ് ഹെൽഡ് ടാക്സ് കളക്ഷൻ ഡിവൈസ് നൽകും. ചെറിയ ഒരു ടാബ്ലറ്റ് പിസിയും പ്രിന്ററും ചേർന്നതായിരിക്കും ഈ ഉപകരണം. ഇത് ഐ.കെ.എം. നൽകും. സ്വീകരിച്ച നികുതിക്ക് താത്കാലിക റസീപ്റ്റ് അപ്പോൾത്തന്നെ നൽകും. ഒറിജിനൽ റസീപ്റ്റ് നെറ്റിൽ നിന്നെടുക്കുകയും ചെയ്യാം. കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിൽ കരം ഈ രീതിയിൽ സ്വീകരിക്കുന്ന സംവിധാനം ഉടൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഓൺലൈനായി സാധാരണ ജനങ്ങൾക്ക് എങ്ങനെ സർട്ടിഫിക്കറ്റുകൾ എടുക്കാൻ കഴിയും എന്നത് സംബന്ധിച്ച് സംസ്ഥാനതലത്തിൽ വ്യാപകമായ ഒരു ഡെമോ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരെയും ഇതര ജീവനക്കാരെയും ഉപയോഗിച്ച് ഗ്രാമസഭകളിൽ വച്ച് അതാത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഈ ഡെമോ നടത്താനാണ് ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ ഇൻഫർമേഷൻ ലിറ്ററസി (വിവര സാക്ഷരത) എന്ന പ്രക്രിയയിലേക്ക് സാധാരണ ജനങ്ങളെ ആകർഷിക്കുന്നതിന് കൂടി ഇത് പ്രേരണയാകും.

കേരള ഗവൺമെന്റ് വിവിധ അവസരങ്ങളിൽ ഒട്ടേറെ ഇന്റർനെറ്റ് അധിഷ്ഠിത സേവനങ്ങൾ നടപ്പിലാക്കുകയുണ്ടായി. എന്നാൽ ഇതേപ്പറ്റി ഉദ്ദേശിച്ചത്ര അവബോധം പൊതുജനങ്ങളിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിൽ, ഓൺലൈൻ സേവനങ്ങളെക്കുറിച്ചുള്ള പരിജ്ഞാനം വ്യാപകമാക്കാനുള്ള ഒരു പദ്ധതി ഇൻഫർമേഷൻ കേരള മിഷൻ മുഖേന ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭകൾ എന്നിവിടങ്ങളിലെ ഓരോ വാർഡുകളും കേന്ദ്രീകരിച്ച് നടത്താൻ ഉദ്ദേശിക്കുന്ന ഈ അവബോധന പ്രക്രിയ 'സ്വാശ്രയ' എന്ന പേരിൽ അറിയപ്പെടും. തദ്ദേശഭരണ സ്ഥാപന അംഗങ്ങൾ, അധികൃതർ എന്നിവരുടെ നേതൃത്തിൽ ഐ.കെ.എമ്മിന്റെ ടെക്നോളജി, മാനവവിഭവശേഷി എന്നിവ സമന്വയിപ്പിച്ച് ഈ പദ്ധതി നടപ്പാക്കാൻ കഴിയും. സദ്ഭരണത്തിനായി ഇ ഗവേർണൻസ് പരമാവധി പ്രയോജനപ്പെടുത്താനുള്ള കൂടുതൽ നടപടികൾ ഇനിയും സ്വീകരിക്കും. ഇൻഫർമേഷൻ കിയോസ്കുകൾ ഇതിന്റെ ഭാഗമാണ്. ◆

വരൾച്ചയ്ക്കാലം

ആണ്ടുതോറും വരുന്ന ജലക്ഷാമവും വരൾച്ചയുടെ വിവിധ രൂപങ്ങളും ഈ വർഷവും പൂർവാധികം ഭംഗിയായി വരുന്നുണ്ട്. വരൾച്ചയും വെള്ളപ്പൊക്കവുമില്ലാത്ത ഭൂമിയെ കുറിച്ച് പറയുന്നത് ശാസ്ത്രീയ കാഴ്ചപ്പാടല്ല. അധിക ജലമുണ്ടാകുന്ന വെള്ളപ്പൊക്കവും ജലക്ഷാമ വരൾച്ചയുമെല്ലാം പ്രകൃതിയുടെ പ്രതിഭാസങ്ങളാണ്. അന്തരീക്ഷത്തിലെ മണ്ണിനെ ശുദ്ധീകരിക്കുന്നതിലും മണ്ണിലെ ജൈവ, രാസ, ഭൗതിക ഘടകങ്ങളെ വേർതിരിച്ചും പൊടിച്ചും അലിയിച്ചും ഒഴുക്കിയുമെല്ലാം മാറ്റുന്നതിലും വരൾച്ചയ്ക്കും മഴയ്ക്കുമെല്ലാം നിർണ്ണായകമായ പങ്കാണുള്ളത്.

ഒരു പ്രദേശത്തിലോ രാജ്യത്തിലോ ക്രമാതീതമായി മഴ കുറയുമ്പോഴാണ് വരൾച്ചയുണ്ടാകുന്നത്. കാലാവസ്ഥ മാറ്റത്തിന്റെ രൂപങ്ങൾ വിവിധതലങ്ങളിലായിട്ടാണ് അനുഭവപ്പെടുന്നത്. മഴകുറയുകയും ജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്ന കാലാവസ്ഥാ വരൾച്ചയാണ് (Matereological drought) ഒന്നാം ഘട്ടം. ജലക്ഷാമം രൂക്ഷമാവുമ്പോൾ കൃഷിയെയും മറ്റും ബാധിച്ച് രണ്ടാം ഘട്ടമായ കാർഷിക വരൾച്ചയിലേയ്ക്ക് (Agricultural drought) മാറും. രൂക്ഷമാവുമ്പോൾ ഭൂജല വരൾച്ച (Hydrological drought) എന്ന ഗുരുതരമായ ഘട്ടത്തിലേയ്ക്കും നീങ്ങും.

കാർണാഡിന്റെ (1994) പഠന പ്രകാരം അമേരിക്കയിൽ തുടർച്ചയായി ഇരുപതു ദിവസം മാർച്ചു മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ മഴകുറയുകയാണെങ്കിൽ വരൾച്ച പ്രതീക്ഷിക്കാവുന്നതാണ്. ആസ്ട്രേലിയയിലെ ഗിബ്സ്, മാഹർ (1967) എന്നിവരുടെ നിഗമനത്തിൽ മഴകുറയുന്നതു തന്നെ വരൾച്ചയുടെ സൂചകമായി കാണാവുന്നതാണ്.

ഇന്ത്യൻ കാലാവസ്ഥാവകുപ്പിന്റെ കണക്കുകളനുസരിച്ച് രാജ്യത്ത് ഇരുപത്തിയാറു ശതമാനമോ അതിൽ കൂടുതലോ ശരാശരി മഴലഭ്യതയിൽ കുറവുണ്ടായാൽ വരൾച്ച അനുഭവപ്പെടുന്നതാണ്. 26 മുതൽ 50 ശതമാനം വരെ കുറവുണ്ടായാൽ മിതപരമായും 50 ശതമാനത്തിൽ കൂടുതൽ മഴലഭ്യതയിൽ കുറവുണ്ടായാൽ തീവ്രവരൾച്ചയുമാണ് ഫലമെന്നാണ് നിർണ്ണയിച്ചിട്ടുള്ളത്. രാജ്യത്തെ 20 ശതമാനത്തിൽ കൂടുതൽ പ്രദേശങ്ങളിൽ 10 ശതമാനത്തിൽ കൂടുതൽ മഴലഭ്യതയിൽ കുറവുണ്ടായാൽ ദേശവ്യാപകമായി വരൾച്ച ബാധിത പ്രദേശങ്ങളായി കണക്കാക്കുന്നതാണ്.

മഴയുടെ ലഭ്യതയിലും വരൾച്ചയുടെ രീതിയിലും കേരളത്തിന്റെ സ്ഥിതി വ്യത്യസ്തമാണ്. ഇക്കഴിഞ്ഞ വർഷത്തിൽ ശരാശരിയേക്കാൾ 24 ശതമാനം മഴ കൂടുതൽ ലഭിച്ചിട്ടും വേനൽ മഴയിലുണ്ടാകുന്ന വ്യതിയാനത്തിനനുസരിച്ച് ജലക്ഷാമം രൂക്ഷമാവുകയാണ്.

കാലാവസ്ഥാ ശാസ്ത്രജ്ഞനായ കൂപ്പൻസിന്റെ (Koppen) വർഗീകരണമനുസരിച്ച് കേരളത്തിൽ ഉഷ്ണമേഖല മൺസൂൺ കാലാവസ്ഥയാണുള്ളത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന കാലവർഷവും ഒക്ടോബർ നവംബർ, ഡിസംബർ മാസങ്ങളിലെ തുലാവർഷവും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ വേനൽ മഴയുമാണ് കേരളത്തിലെ മഴക്കാലങ്ങൾ. അറബികടലിലെ വെള്ളം സൂര്യപ്രകാശത്താൽ ചൂടേറ്റ് നീരാവിയായി കാറ്റിന്റെ രൂപത്തിൽ തിരശ്ചീന ദിശയിൽ സഞ്ചരിക്കുന്നു. എന്നാൽ പശ്ചിമഘട്ടമലനിരകളുടെ സാന്നിദ്ധ്യമുള്ളതിനാൽ ആ ദിശയിൽ കാറ്റിന് സഞ്ചരിക്കാനാവാതെ വരികയും കാറ്റ് ഉയർന്ന് ലംബമായി സഞ്ചരിക്കും. ഉയർച്ചയിലേയ്ക്കു പോകുന്ന നീരാവി തണുത്ത് മലനിരകളുടെ പടിഞ്ഞാറു വശത്ത് മഴ തരികയും ചെയ്യുന്നുണ്ട്. അങ്ങനെ മലനിരകളാൽ തടയപ്പെട്ട് മഴ ലഭിക്കുന്നതിനാൽ പർവതജന്യമഴ (Orographic rainfall) എന്ന വിഭാഗത്തിലാണ് കേരളത്തിലെ മഴയെ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടു തന്നെ കേരളത്തിൽ നല്ലമഴ ലഭിക്കുവാൻ പശ്ചിമഘട്ട മലനിരകളാവശ്യമാണ്.

ലോകത്തിലേറ്റവും കൂടുതൽ മഴപെയ്യുന്ന രാജ്യങ്ങൾ ബ്രസീൽ, ഹവായ് എന്നിവയാണ്. (പ്രതിവർഷം ശരാശരി 2100 മി. മീ) എന്നാൽ കേരളത്തിൽ വർഷത്തിൽ 3000 മി. മീറ്റർ മഴ ലഭിക്കുന്നു. ലോകത്തിലേറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളായ ഭാരതത്തിലെ ചിറാപുഞ്ചിയിലും മൗൺസിൻ റാമിലും മഴ മാറിയാൽ ടാങ്കർ ലോറി വെള്ളം നൽകേണ്ടി വരുന്നു. അപ്പോൾ എത്രമഴ പെയ്യുന്നു എന്നതല്ല കാര്യം. എത്രമഴയും ജലസ്രോതസ്സുകളും സംരക്ഷിക്കുന്നു എന്നതാണ് പ്രധാനം.

കേരളത്തിൽ മഴയുടെ ലഭ്യതയിൽ ഗൗരവമായ ഏറ്റക്കുറിച്ചിലുകൾ കാണാവുന്നതാണ്. തീരദേശങ്ങളിലാണ് മഴയിൽ കുറവുള്ളത്. ഇടനാട് പ്രദേശങ്ങളിൽ താരതമ്യേന നല്ല മഴയും മലനാട് വനപ്രദേശങ്ങളിൽ വലിയതോതിലുള്ള മഴയുമാണ് ലഭിക്കുന്നത്. 900 മി.

പറയാനുണ്ട്

ഡോ. വി. സുഭാഷ് ചന്ദ്രബോസ്

മീറ്റർ മുതൽ 5000 മി. മീറ്റർ വരെ വ്യത്യാസത്തിലാണ് മഴ ലഭിക്കുന്നതെങ്കിലും കേരളത്തിലാകെ ശരാശരി പ്രതിവർഷം 3000 മി. മീറ്റർ മഴയാണ് ലഭിക്കുന്നത്. വടക്കൻ കേരളത്തിലാണ് തെക്കൻപ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ മഴ ലഭിക്കുന്നത്. വർഷത്തിൽ 500 മി. മീറ്ററിനു താഴെ മഴ ലഭിക്കുന്ന ഇടുക്കിയിലെ മറയൂർ, കാന്തല്ലൂർ, വട്ടവട, മലനാട്ടിലെ മുള്ളൻ കൊല്ലി, പുൽപ്പള്ളി, പാലക്കാട് ജില്ലയിലെ വടകര പതി, എരുത്തോംപതി തുടങ്ങിയ മേഖലകളെ മഴ നിഴൽ പ്രദേശങ്ങളെന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വർഷം തോറും ശരാശരി 120 ദിവസങ്ങളിലാണ് മഴ ലഭിക്കുന്നത്. പെയ്യുന്ന ദിവസങ്ങളിലാവട്ടെ ഏതാനും മണിക്കൂർ മാത്രം. ഒരു കണക്കിൽ പറഞ്ഞാൽ തുടർച്ചയായി പെയ്തിരുന്നെങ്കിൽ 35 മുതൽ 40 മണിക്കൂർ വരെ പെയ്യുന്നയത്ര വെള്ളമേ നമുക്കു ലഭിക്കുന്നുള്ളൂ. അപ്പോൾ 120 ദിവസത്തെ ഏതാനും മണിക്കൂറിലെ മഴവെള്ളമാണ് പ്രധാന സമ്പത്ത്. 365 ദിവസവും കുടിവെള്ളം, ഗാർഹികം, ശുചിത്വം, ആരോഗ്യം, വ്യവസായം, ജലവൈദ്യുതി, കൃഷി എന്നിവക്കെല്ലാമാവശ്യമായ വെള്ളം ഉറപ്പാക്കേണ്ടത് പ്രധാനമായും ഈ മഴകൊണ്ടാണ്. 5000 മി. മീറ്ററിലധികം ലഭ്യമായിരുന്ന വാർഷിക മഴ ഇക്കഴിഞ്ഞ നൂറുവർഷം കൊണ്ട് 3000 മി. മീറ്ററായി കേരളത്തിൽ കുറഞ്ഞിട്ടുണ്ട്. 44 നദികളിൽ നല്ലൊരു ഭാഗവും വേനൽക്കാലത്ത് നീരൊഴുക്ക് ഉണ്ടാകാറില്ല. സമീപ പ്രദേശങ്ങളിലെ കിണറുകൾ ഉൾപ്പെടെ വറ്റുന്നതോടൊപ്പം തീരദേശമേഖലകളിൽ ഉപ്പുവെള്ളം വ്യാപകമായി നദികളിലേയ്ക്ക് തള്ളി കയറുന്നുമുണ്ട്. എല്ലാ കാലത്തും നദികളുൾപ്പെടെയുള്ള നീരൊഴുക്കാവശ്യമാണ്. നദികളുടെ ഉൽഭവസ്ഥാനത്തുനിന്നും ധാരാളം വെള്ളമെടുത്താലും വീണ്ടും നീരുറവയുണ്ടാകും. മധ്യമേഖലകളിൽ നിന്ന് നദിയിലെ നീരൊഴുക്കിന്റെ 50 ശതമാനമേ എടുക്കാവൂ. തീരദേശത്തോടനുബന്ധിച്ചുള്ള മേഖലകളിൽ 75 ശതമാനം വെള്ളവും നദികളിലുൾപ്പെടെ കാണേണ്ടതാണ്. അല്ലാതെ വരുമ്പോഴാണ് വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നുത്.

ഒരു ഹെക്ടർ വനം മുപ്പതിനായിരം ഘനകിലോമീറ്ററും ഒരു ഹെക്ടർ വയൽ 3 ലക്ഷം ലിറ്ററും മഴയെ ഉൾക്കൊള്ളും. കാവുകളും തണ്ണീർതടങ്ങളും നല്ല ജല ആവാസ വ്യവസ്ഥകളാണ്. ഇക്കഴിഞ്ഞ നൂറുവർഷത്തിനുള്ളിൽ കേരളത്തിൽ വലുതും ചെറുതുമായ വരൾച്ച വിവിധ വർഷങ്ങളിലായി അനുഭവപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ വരൾച്ചയുടെ നാൾവഴികൾ

വരൾച്ച വർഷങ്ങൾ

1901, 1904, 1905, 1911, 1913, 1915, 1918, 1920, 1925, 1939, 1941, 1961, 1965, 1966, 1968, 1972, 1974, 1979, 1982, 1985, 1987, 2000, 2002, 2009, 2013.

തുടർ വരൾച്ച വർഷങ്ങൾ

1951 – 1952
1965 – 1966
2002 – 2003

രണ്ടു വർഷത്തിലും നാലു വർഷത്തിലുമൊരിക്കലുണ്ടാകുന്ന വരൾച്ച രൂക്ഷമാകാറുണ്ട്. ഗ്രാമപദേശങ്ങളിലെ പ്രധാന ജലസ്രോതസ്സ് തുറന്ന കിണറുകളാണ്. 78 ലക്ഷം കുടുംബങ്ങൾക്കായി ഏകദേശം 60 ലക്ഷം വരെ കിണറുകൾ കാണുന്നതായിട്ടാണ് പഠനങ്ങൾ പറയുന്നത്. സംസ്ഥാനത്തെ 30 ബ്ലോക്കുകളിൽ ഭൂജലവിതാനം ക്രമാതീതമായി താഴ്ന്നതായും റിപ്പോർട്ടുകളുണ്ട്.

മഴയുടെ ലഭ്യതയിൽ വർദ്ധനവുണ്ടായിട്ടും കേരളത്തിൽ ജലക്ഷാമമുണ്ടാകുന്നത് നാം ചർച്ച ചെയ്യപ്പെടേണ്ടതാണ്. നഗരവൽക്കരണവും ഭൂവിനിയോഗ രീതിയിലെ മാറ്റവും ധാരാളമായി ജലസ്രോതസ്സുകളെയാണ് നശിപ്പിക്കുന്നത്. അതുപോലെ കെട്ടിട നിർമ്മാണ രീതികളും പലപ്പോഴും ജലത്തെ ഒഴുക്കികളയുന്നതാണ്. മുറ്റവും മറ്റിടങ്ങളും വ്യാപകമായി സിമന്റിടുന്നതിനാൽ ഭൂജലത്തിലേയ്ക്ക് മഴവെള്ളം പോകുന്നതിന്റെ അളവിലും കുറവുണ്ടാകുന്നുണ്ട്. മാത്രമല്ല മണ്ണിന്റെ ജൈവാംശവും ജലാഗിരണ ശേഷിയും കുറഞ്ഞു വരികയാണ്. ഏറ്റവും വലിയ മഴസംഭരണിയായ മണ്ണിലുണ്ടാകുന്ന മാറ്റം ദീർഘ കാലത്തിൽ വലിയ വെല്ലുവിളിയാണുയർത്തുന്നത്.

ആറുമാസക്കാലം മഴ, തുടർന്ന് പിന്നാലെ വരൾച്ചയുടെ ആറുമാസം എന്നതാണ് അവസ്ഥ. വെള്ളത്തിന്റെ സമ്പന്ന കാലമായ മഴക്കാലത്തെ വെള്ളം സമഗ്രവും ശാസ്ത്രീയവുമായി സംഭരിക്കുകയും സംരക്ഷിക്കുകയും ചെയ്താൽ വേനലിന്റെ വറുതിയെ പ്രതിരോധിക്കുവാൻ കഴിയും. വേനൽക്കാലത്ത് വെള്ളത്തിന്റെ ലഭ്യതയിൽ കുറവുണ്ടാകുന്നതിനോടൊപ്പം

ജലത്തിന്റെ ഗുണനിലവാരത്തിനും പ്രശ്നങ്ങളുണ്ടാകുന്നു. വരൾച്ചയെ പ്രതിരോധിക്കുവാനും ജലസുരക്ഷ ഉറപ്പാക്കുവാനുമായി മഴവെള്ള സംഭരണം, ഭൂജലപരിപോഷണം എന്നിവയ്ക്ക് വലിയ സാധ്യതയാണുളളത്. ആയിരം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു പുരപ്പുറത്ത് പ്രതിവർഷം 3 ലക്ഷം ലിറ്ററും ഒരു ഹെക്ടർ ഭൂമിയിൽ ഒരു കോടി ഇരുപതുലക്ഷം ലിറ്ററും മഴയാണ് വീഴുന്നത്.

പുരപ്പുറത്തെ മഴവെള്ളത്തെ ഫെറോസിമന്റ് ടാങ്കിലും മറ്റ് സംഭരണികളും ശേഖരിക്കാവുന്നതാണ്. മഴവെള്ളത്തെ തുറന്ന കിണറുകളിലേയ്ക്ക് ശുദ്ധീകരിച്ച് കടത്തി വിടുന്ന കിണർ റീചാർജിന് നല്ല സാധ്യതയാണുള്ളത്. കൃത്രിമമായി കുളങ്ങൾ തയ്യാറാക്കിയും തടയണകൾ നിർമ്മിച്ചും പരമാവധി മഴയെ കരുതേണ്ടതുണ്ട്. വീഴുന്ന മഴയെ അതാതിടങ്ങളിൽ താഴ്ത്തുകയെന്നതാണ് ജലസംരക്ഷണത്തിലെ പ്രധാന രീതി. ഓടുന്ന വെള്ളത്തെ നടത്തിയും നടക്കുന്നവയെ നിർത്തിയും നിൽക്കുന്നവയെ ഇരുത്തിയും ഇരിക്കുന്നവയെ ഉറക്കിയും പരമാവധി ഭൂമിയിൽ തന്നെ കരുതണം. ജലസ്രോതസ്സുകൾ പരമാവധി മലിനരഹിതമായി സംരക്ഷിക്കേണ്ടതുണ്ട്. തണ്ണീർത്തടങ്ങൾ, വയലുകൾ, നദികൾ, തോടുകൾ, പുഴകൾ, നീരുറവകൾ, മലകൾ, വനങ്ങൾ, കാവുകൾ മറ്റ് ജലാർദ്രമേഖലകൾ എന്നിവയെല്ലാം നിലനിറുത്തിയും ശുദ്ധിയായി പരിപാലിച്ചും മാത്രമെ വരൾച്ചയെ പ്രതിരോധിക്കാനാവൂ.

എല്ലാവർക്കും കുടിവെള്ളം ഉൾപ്പെടെ ലഭ്യമാക്കുന്നതിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപ്രകാരം തന്നെ ഉത്തരവാദിത്വമുണ്ട്. തൊഴിലുറപ്പു പദ്ധതി, സംയോജിത നീർത്തട വികസന പരിപാടി, നബാർഡ് നീർത്തട പദ്ധതികൾ, ജലനിധി തുടങ്ങിയ വിവിധ പദ്ധതികളിൽ ജലസംരക്ഷണത്തിന് വലിയ സാധ്യതയാണു ള്ളത്. നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാനുകൾ ബ്ലോക്കു പഞ്ചായത്തുകളിലും ജലവിഭവ ഭൂപടം ഗ്രാമപഞ്ചായത്തുകളിലും തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്.

ജലപഞ്ചായത്തുകൾ നമുക്കാവശ്യമാണ്. ജലസഭകൾ ചേർന്നും ജലവിഭവ പഠനങ്ങൾ നടത്തിയും കൂടുതൽ ജലാവബോധ പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടതാണ്. ജലസൗഹൃദ ഭവനങ്ങളും ജലസൗഹൃദ കാമ്പസുകളും ജലസൗഹൃദ ഗ്രാമങ്ങളും നാം വിചാരിച്ചാൽ സജ്ജമാക്കുവാൻ കഴിയും. മഴവെള്ളസംഭരണത്തിന്റെയും കൃത്രിമഭൂജലപരിപോഷണത്തിന്റെയും നിരവധി മാതൃകകൾ മുന്നിലുണ്ട്. ജലസുരക്ഷാപ്രവർത്തനങ്ങളിൽ നല്ല പ്രവർത്തനങ്ങൾ ഏറ്റെടുത്ത പഞ്ചായത്തുകളുടെ അനുഭവങ്ങൾ ഏറ്റെടുക്കുവാൻ പഞ്ചായത്തുകൾക്കു കഴിയണം.

മഴയുടെയും മൺസൂണിന്റെയും നാട്ടിൽ വരൾച്ചയുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുന്നതാണ്. വെള്ളത്തിന്റെ സമ്പന്നകാലത്ത് മഴയെ പരമാവധി സംഭരിച്ചും ശേഖരിച്ചും സംരക്ഷിച്ചും വേനലുകൾക്കായി കരുതാം. വരൾച്ചയെ നമുക്ക് ഇല്ലാതാക്കുവാൻ കഴിയില്ല. പക്ഷെ വരൾച്ച കാലത്തുണ്ടാകുന്ന കെടുതികൾ നമുക്ക് പ്രതിരോധിക്കുവാൻ കഴിയും. മഴയുടെ വരവിന്റെയും പോക്കിനെയും തിരിച്ചറിയുന്ന വേനൽക്കാലത്തേയ്ക്കും ജലം കരുതുന്ന പ്രവർത്തനങ്ങളാണ് നമുക്കാവശ്യം. ജലസുരക്ഷ, ജലശുദ്ധി മേഖലകളിൽ വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങി സമസ്ത ജനവിഭാഗങ്ങൾക്കും വലിയ പങ്കാണുള്ളത്. പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ നിരവധി മാതൃകകൾ സൃഷ്ടിക്കുന്ന പഞ്ചായത്തുകൾക്ക് കഴിയട്ടെ. പ്രശ്നം നിലനിൽപ്പിന്റെയാണ്. ജീവന്റെ അടിസ്ഥാനവുമാണ്. ◆

(ലേഖകൻ ജലവിഭവ വകുപ്പ്
സി.സി.ഡി.യു. ഡയറക്ടറാണ്)

ഡോ. സി. പ്രദീപ്

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളെ അവഗണിച്ച പതിനാലാം ധനകാര്യകമ്മീഷൻ

പഞ്ചായത്തീരാജ് ഭരണഘടനാ ഭേദഗതികളും കേന്ദ്ര ധനകാര്യകമ്മീഷന്റെ പരിഗണനാവിഷയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തിയതും ഇന്ത്യയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രത്തിലെ നാഴികകല്ലുകളാണ്. ഇപ്പോഴുള്ള പഞ്ചായത്ത് രാജ് സംവിധാനം നിലവിൽവന്നതിനുശേഷം പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്, പതിനാല് എന്നീ അഞ്ചു ധനകാര്യ കമ്മീഷനുകളാണ് റിപ്പോർട്ടുകൾ സമർപ്പിച്ചത്. 2015-2020 വർഷത്തേയ്ക്കുള്ള പതിനാലാം ധനകാര്യകമ്മീഷൻ റിപ്പോർട്ടാണ് ഫെബ്രുവരിയിൽ സമർപ്പിക്കുകയും കേന്ദ്രസർക്കാർ അംഗീകരിച്ച് 2015-16 കേന്ദ്രബജറ്റിൽ നടപ്പിലാക്കുകയും ചെയ്തത്. കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെയും, ഗ്രാമപഞ്ചായത്തുകളെയും ഉത്തരവാദിത്വങ്ങളെയും സവിശേഷതകളെയും ജനസംഖ്യാപരമായ നേട്ടങ്ങളെയും പരിഗണിക്കാത്ത ഒരു റിപ്പോർട്ടാണ് പതിനാലാം ധനകാര്യകമ്മീഷൻ തയ്യാറാക്കിയത്. അതിനാൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കേണ്ടിയിരുന്ന ഉയർന്ന വിഹിതം ലഭിച്ചില്ലെന്നു മാത്രമല്ല ലഭിച്ചുകൊണ്ടിരുന്ന ആനുപാതിക വിഹിതം കുറയുന്നതിനും കാരണമായി.

മുൻ കമ്മീഷനുകൾ

രാഷ്ട്രപതി ആവശ്യപ്പെടാതെ തന്നെ പത്താം ധനകാര്യകമ്മീഷൻ 1995-2000 വർഷത്തേയ്ക്ക് 1971-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി പ്രതിശീർഷ സഹായമായി 100 രൂപ വീതം നൽകാൻ നിർദ്ദേശിച്ചു. ഇതിനു പുറമെ നഗരങ്ങൾക്കായി 1000 കോടിരൂപയാണ് പത്താം ധനകാര്യകമ്മീഷൻ നല്കാൻ നിർദ്ദേശിച്ചത്. പതിനൊന്നാം ധനകാര്യകമ്മീഷൻ 2000-2005 കാലഘട്ടത്തിലേക്കായി പ്രതിവർഷം 1,600 കോടിവീതം അതായത് 8,000 കോടി രൂപയാണ് ഗ്രാമപഞ്ചായത്തുകൾക്കായി നിർദ്ദേശിച്ചത്. നഗരപ്രദേശങ്ങൾക്കായി 2000 കോടിയും നിർദ്ദേശിച്ചു. 12-ാം ധനകാര്യകമ്മീഷൻ ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 25,000 കോടിരൂപ (20,000 കോടി ഗ്രാമപഞ്ചായത്തുകൾക്കും, 5,000 കോടി നഗരസഭകൾക്കും) യാണ് നിർദ്ദേശിച്ചത്. 2010-15 വർഷത്തേക്ക് 13-ാം ധനകാര്യകമ്മീഷൻ ആകെ 87,519 കോടി രൂപയാണ് നിർദ്ദേശിച്ചത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി ആകെ അനുവദിച്ച ധനസഹായത്തിൽ 63,051 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്കും 23,111 കോടി രൂപ നഗര സ്ഥാപനങ്ങൾക്കും 1357 കോടി രൂപ പ്രത്യേക പ്രദേശങ്ങൾക്കുമായാണ് വകയിരുത്തിയിരുന്നത്.

പതിനാലാം ധനകാര്യകമ്മീഷൻ

പതിനാലാം ധനകാര്യകമ്മീഷൻ 2.5 ലക്ഷം വരുന്ന സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2,87,436 കോടിരൂപയാണ് (പഞ്ചായത്തുകൾക്ക് 2,00,292 കോടിയും നഗരസഭകൾക്ക് 87,143 കോടിയും) 2015-2000 കാലഘട്ടത്തേക്ക് നിർദ്ദേശിച്ചിരുന്നത്. പതിനാലാം ധനകാര്യകമ്മീഷൻ ധനസഹായം നിർദ്ദേശിച്ചിരുന്നത് രണ്ട് ഹെഡുകളിലായാണ്. അടിസ്ഥാന ഗ്രാന്റായും പ്രവർത്തന മികവിനായും അടിസ്ഥാന ഗ്രാന്റായി ഗ്രാമപഞ്ചായത്തുകൾക്ക് 1,80,262.98 കോടിയും നഗരസഭകൾക്ക് 69,715.04 കോടിയും വകയിരുത്തിയിരിക്കുന്നു. പ്രവർത്തന മികവിനായി ഗ്രാമപഞ്ചായത്തുകൾക്ക് 20,029.22 കോടിയും നഗരസഭകൾക്ക് 17428.76 കോടിയും പതിനാലാം ധനകാര്യകമ്മീഷൻ നിർദ്ദേശിക്കുന്നു.

വിഹിത മാനദണ്ഡങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള വിഹിതം തീരുമാനിക്കുന്നതിന് മുൻ കമ്മീഷൻ മാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്ത വെയിറ്റേജുകളാണ് പതിനാലാം ധനകാര്യകമ്മീഷൻ നല്കിയിരിക്കുന്നത്. പതിമൂന്നാം ധനകാര്യകമ്മീഷൻ ജനസംഖ്യക്ക് 50 ശതമാനവും ഏരിയയ്ക്ക് 10 ശതമാനവും ഉയർന്ന വരുമാനത്തിൽ നിന്നുള്ള വ്യത്യാസത്തിന് 10 ശതമാനവും പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യയുടെ ശതമാനത്തിന് 10 ശതമാനവും വികേന്ദ്രീകരണത്തിന് 15 ശതമാനവും ധനകാര്യ കമ്മീഷൻ ലഭ്യമാക്കിയ ഫണ്ടിന്റെ വിനിയോഗത്തിന് 5 ശതമാനവുമാണ് നല്കിയിരുന്നത്. എന്നാൽ പതിനാലാം ധനകാര്യ കമ്മീഷൻ 2011-ലെ ജനസംഖ്യയ്ക്ക് 90 ശതമാനവും ഭൂഏരിയയ്ക്ക് 10 ശതമാനവുമാണ് വിഹിത നിശ്ചയത്തിനായി നല്കിയിരിക്കുന്ന വെയിറ്റേജുകൾ. ധനകാര്യകമ്മീഷന് നല്കിയിരുന്ന നിർദ്ദേശത്തിൽ 1971-ലെ ജനസംഖ്യയെ അടിസ്ഥാനമാക്കിയാകണം വിഹിതം നിശ്ചയിക്കേണ്ടതെന്ന് പറഞ്ഞിരുന്നെങ്കിലും കമ്മീഷൻ 2011-ലെ ജനസംഖ്യയെയാണ് പരിഗണിച്ചത്. ഇത് കമ്മീഷന് നല്കിയിരുന്ന ടേം ഓഫ് റഫറൻസിന് (TOR) വിരുദ്ധമാണ്. അതുകൊണ്ട് തന്നെ കേരളം, ആന്ധ്രാപ്രദേശ്, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളുടെ വിഹിതം കുറയുന്നതിന് കാരണമായി.

പട്ടിക –1
പതിനാലാം ധനകാര്യകമ്മീഷന്റെ വിവിധ സംസ്ഥാനങ്ങൾക്കുള്ള വിഹിതം (രൂപ കോടിയിൽ)

	ബേസിക് ഗ്രാന്റ്	പ്രവർത്തന മികവ് ഗ്രാന്റ്	ആകെ
ആന്ധ്രാപ്രദേശ്	7788.68	865.41	8654.09
അരുണാചൽ പ്രദേശ്	737.93	81.99	819.92
ആസാം	4,874.92	541.66	5416.58
ബീഹാർ	18916.05	2101.78	21017.83
ഛത്തീസ്ഗഡ്	4719.72	524.41	5244.13
ഗോവ	120.39	13.38	133.77
ഗുജറാത്ത്	7771.26	863.47	8634.73
ഹരിയാന	3495.17	388.35	3883.52
ഹിമാചൽ പ്രദേശ്	1628.82	180.98	1809.8
ജമ്മു-കാശ്മീർ	3117.36	346.37	3463.73
ഝാർഖണ്ഡ്	5442.07	604.67	6046.74
കർണാടക	8359.79	928.87	9288.66
കേരളം	3615.85	401.76	4017.61
മധ്യപ്രദേശ്	12200.72	1355.64	13556.36
മഹാരാഷ്ട്ര	13532.11	1503.57	15035.68
മണിപ്പൂർ	185.44	20.60	206.04
മേഘാലയ	0.00	0	0.0
മിസോറം	0.00	0	0.0
നാഗാലാൻഡ്	0.00	0	0.0
ഒറീസ്സ	7965.28	885.03	8850.31
പഞ്ചാബ്	3682.02	409.11	4091.13
രാജസ്ഥാൻ	12270.27	1363.36	13633.63
സിക്കിം	133.64	14.85	148.49
തമിഴ്നാട്	7899.69	877.74	8777.43
തെലുങ്കാന	4837.75	537.53	5375.28
ത്രിപുര	302.11	33.57	335.68
ഉത്തർപ്രദേശ്	32198.90	3577.66	35776.56
ഉത്തരാഖണ്ഡ്	1694.42	188.27	1882.69
പശ്ചിമ ബംഗാൾ	12772.60	1419.18	14191.78
ആകെ	180262.98	20029.22	200292.2

പട്ടിക 2
വിവിധ സംസ്ഥാനങ്ങൾക്കുള്ള ധനസഹായ അനുപാതം

	ഏരിയ	ജനസംഖ്യ	ആകെ
ആന്ധ്രാപ്രദേശ്	0.506	3.770	4.276
അരുണാചൽപ്രദേശ്	0.265	0.106	0.370
ആസാം	0.171	2.051	2.222
ബീഹാർ	0.297	7.946	8.243
ഛത്തീസ്ഗഡ്	0.427	1.950	2.377
ഗോവ	0.012	0.111	0.123
ഗുജറാത്ത്	0.620	4.613	5.233
ഹരിയാന	0.140	1.935	2.075
ഹിമാചൽ പ്രദേശ്	0.176	0.524	0.700
ജമ്മു-കാശ്മീർ	0.702	0.957	1.659
ഝാർഖണ്ഡ്	0.252	2.518	2.770
കർണാടക	0.606	4.663	5.269
കേരളം	0.123	2.550	2.673
മധ്യപ്രദേശ്	0.974	5.544	6.517
മഹാരാഷ്ട്ര	0.972	8.577	9.549
മണിപ്പൂർ	0.007	0.125	0.132
മേഘാലയ	0.000	0.011	0.011
മിസോറാം	0.002	0.040	0.042
നാഗാലാന്റ്	0.001	0.044	0.044
ഒറീസ്സ	0.492	3.204	3.696
പഞ്ചാബ്	0.159	2.118	2.277
രാജസ്ഥാൻ	1.081	5.232	6.313
സിക്കിം	0.022	0.047	0.069
തമിഴ്നാട്	0.411	5.507	5.918
തെലുങ്കാന	0.363	2.686	3.049
ത്രിപുര	0.011	0.184	0.194
ഉത്തർപ്രദേശ്	0.761	15.251	16.013
ഉത്തരാഖണ്ഡ്	0.169	0.770	0.939
പശ്ചിമ ബംഗാൾ	0.280	6.967	7.247
ആകെ	10.000	90.000	100.00

പട്ടിക 3
പതിമൂന്ന്, പതിനാല്, ധനകാര്യകമ്മീഷൻ വിഹിത വ്യത്യാസം

	13FC	14FC	വ്യത്യാസം
ആന്ധ്രാപ്രദേശ്	8.29	4.276	-4.02
അരുണാചൽപ്രദേശ്	0.43	0.370	-0.06
ആസാം	2.50	2.222	-0.28
ബീഹാർ	7.86	8.243	0.38
ഛത്തീസ്ഗഡ്	2.65	2.377	-0.28
ഗോവ	0.14	0.123	-0.01
ഗുജറാത്ത്	3.70	5.233	1.53
ഹരിയാന	1.72	2.075	0.35
ഹിമാചൽ പ്രദേശ്	0.88	0.700	-0.18
ജമ്മു-കാശ്മീർ	1.46	1.659	0.20
ഝാർഖണ്ഡ്	2.41	2.770	0.29
കർണാടക	7.14	5.269	-1.87
കേരളം	3.09	2.673	-0.42
മധ്യപ്രദേശ്	6.52	6.517	0
മഹാരാഷ്ട്ര	8.72	9.549	0.83
മണിപ്പൂർ	0.35	0.132	-0.22
മേഘാലയ	0.50	0.011	-0.49
മിസോറാം	0.32	0.042	-0.28
നാഗാലാന്റ്	0.48	0.044	-0.44
ഒറീസ്സ	4.11	3.696	-0.42
പഞ്ചാബ്	1.78	2.277	0.49
രാജസ്ഥാൻ	6.25	6.313	0.06
സിക്കിം	0.29	0.069	-0.23
തമിഴ്നാട്	4.89	5.918	1.03
തെലുങ്കാന	0	3.049	3.04
ത്രിപുര	0.47	0.194	-0.28
ഉത്തർപ്രദേശ്	15.52	16.013	0.49
ഉത്തരാഖണ്ഡ്	0.94	0.939	0
പശ്ചിമ ബംഗാൾ	6.57	7.247	0.68
ആകെ	100.00	100.00	

പട്ടിക -4
കേരളത്തിന് ലഭിച്ച വിഹിതം

കേന്ദ്രധനകാര്യകമ്മീഷൻ	നിർദ്ദേശിച്ച തുക കോടിയിൽ
10-ാം ധനകാര്യകമ്മീഷൻ(1995-00)	182
11-ാം ധനകാര്യകമ്മീഷൻ (2000-05)	330
12-ാം ധനകാര്യകമ്മീഷൻ (2005-10)	985
13-ാം ധനകാര്യകമ്മീഷൻ (2010-15)	1950
14-ാം ധനകാര്യകമ്മീഷൻ (2015-20)	4017

കേന്ദ്ര ധനകാര്യ കമ്മീഷനുകളും കേരളവും

ഇന്ത്യയ്ക്കാകെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കാഴ്ചവെക്കുന്നത്. ഇതിന് പ്രധാന കാരണം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന നയപരവും ഭരണപരവും സാമ്പത്തിക പരവുമായ സഹായങ്ങളാണ്. കേന്ദ്ര ധനകാര്യകമ്മീഷൻ മുഖേന ലഭിക്കുന്ന അനുപാതം കുറഞ്ഞുവരികയാണ്. 12-ാം ധനകാര്യ കമ്മീഷൻ മൊത്ത വിഹിതത്തിന്റെ 4.925 ശതമാനം നല്കിയപ്പോൾ 13-ാം ധനകാര്യകമ്മീഷൻ 3.09 ശതമാനവും 14-ാം ധനകാര്യകമ്മീഷൻ 2.673 ശതമാനവുമാണ് വകയിരുത്തിയത്.

സംസ്ഥാനങ്ങൾക്ക് വിഹിതം നിശ്ചയിക്കുന്നതിന് 14-ാം ധനകാര്യകമ്മീഷൻ കൈക്കൊണ്ട വെയിറ്റേജുകളാണ് കേരളത്തിന് വിഹിതം കുറയുവാനുണ്ടായ കാരണം. ജനസംഖ്യക്ക് 90 ശതമാനം വെയിറ്റേജും ഏരിയയ്ക്ക് 10 ശതമാനം വെയിറ്റേജുമാണ് നല്കിയത്. ഇത് ജനസംഖ്യ കുറഞ്ഞുകൊണ്ടുവരുന്ന കേരളത്തിന് ദോഷകരമായി ബാധിച്ചു. ജനസംഖ്യാ വളർച്ചാ നിയന്ത്രണത്തിലുണ്ടായ പുരോഗതി വിഹിതത്തിൽ കുറവുവരാതിരിക്കുന്നതിന് വേണ്ടിയാണ് 1971-ലെ ജനസംഖ്യയെ കണക്കിലെടുക്കാൻ TOR-ൽ നിർദ്ദേശിച്ചിരുന്നത്. ഈ വ്യവസ്ഥയെ കാറ്റിൽപറത്തികൊണ്ടാണ് 2011 ജനസംഖ്യയെ 14-ാം ധനകാര്യകമ്മീഷൻ ആശ്രയിച്ചത്.

വികേന്ദ്രീകരണത്തെയോ, ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വങ്ങളോ പരിഗണിക്കാതെയാണ് ഗ്രാമപഞ്ചായത്തുകളുടെ സഹായ അനുപാതം തീരുമാനിച്ചത്. ധനകാര്യകമ്മീഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് സഹായകരമായ നിലപാടായിരുന്നു എടുക്കേണ്ടിയിരുന്നത്. വികേന്ദ്രീകരണം ശരിയായ രീതിയിൽ നടക്കുന്ന സംസ്ഥാനങ്ങൾക്ക് ഉയർന്ന അനുപാതസഹായം നല്കിയിരുന്നെങ്കിലും അത് മറ്റ് സംസ്ഥാനങ്ങൾക്ക് പ്രചോദനമാകുമായിരുന്നു. നിർഭാഗ്യവശാൽ 14-ാം ധനകാര്യകമ്മീഷൻ വികേന്ദ്രീകരണത്തെ പ്രോൽസാഹിപ്പിക്കുന്ന ഒരു നയമായിരുന്നില്ല കൈക്കൊണ്ടത്.

കേന്ദ്രബജറ്റും ധനകാര്യകമ്മീഷൻ നിർദ്ദേശങ്ങളും

14-ാം ധനകാര്യകമ്മീഷൻ നിർദ്ദേശങ്ങളെ കേന്ദ്രസർക്കാർ അംഗീകരിക്കുകയും അതിനാവശ്യമായ നടപടികൾ 2015-16 കേന്ദ്രബജറ്റിൽ കൈകൊള്ളുകയും ചെയ്തു. 14-ാം ധനകാര്യകമ്മീഷൻ കേന്ദ്രനികുതി വിഹിതമായി 42 ശതമാനം തുകയാണ് സംസ്ഥാന സർക്കാറുകൾക്ക് നല്കാനായി നിർദ്ദേശിച്ചത്. 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശം 32 ശതമാനമായിരുന്നു. കേന്ദ്രം 2015-16 ബജറ്റിൽ നല്കിയത് 8,42,963 കോടി അതായത് 2014-15 വർഷത്തേക്കാൾ 23 ശതമാനം തുകയാണ് അധികമായി നല്കിയത്. ഇവിടെ ഓർത്തിരിക്കേണ്ട ഒരുകാര്യം സംസ്ഥാനങ്ങൾക്ക് ഉയർന്ന വിഹിതം നൽകിയപ്പോൾ ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം ഗ്രാമവികസന വകുപ്പ് മുഖേനയും നടപ്പിലാക്കികൊണ്ടിരുന്ന പല പദ്ധതികളും നിർത്തലാക്കി. 2014-15-ൽ ഗ്രാമവികസന വകുപ്പിന് 83,852 രൂപയായിരുന്ന ബജറ്റ് വിഹിതം 2015-16-ൽ 79,536 കോടി രൂപയായി കുറഞ്ഞു. പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ബജറ്റ് വിഹിതം 3401 കോടിയിൽ നിന്നും 2015-16 ബജറ്റിൽ 95 കോടിയായാണ് കുറഞ്ഞത്. ചുരുക്കത്തിൽ 2015-16 ബജറ്റിൽ പഞ്ചായത്ത് മന്ത്രാലയം മുഖേനയും ഗ്രാമവികസന വകുപ്പ് മുഖേനയും, മറ്റ് വകുപ്പുകൾ മുഖേനയും ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കി കൊണ്ടിരുന്ന പല പദ്ധതികളും ഇല്ലാതാകുകയോ, ബജറ്റ് വിഹിതം കുറയുകയോ ചെയ്തിട്ടുണ്ട്. ഇത് ഗ്രാമീണരുടെ വികസനത്തെ ദോഷകരമായി ബാധിക്കും.

14-ാം ധനകാര്യകമ്മീഷൻ കേരളത്തിന് അർഹമായത് ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടു. കേന്ദ്ര ധനകാര്യകമ്മീഷൻ വിഹിത അനുപാതം തുടർച്ചയായി കുറഞ്ഞുവരുകയാണ്. ഇനിയും ഇടിവ് സംഭവിക്കാതിരിക്കുന്നതിനുള്ള ശ്രമങ്ങൾ കേരളം നടത്തേണ്ടിയിരിക്കുന്നു. സംസ്ഥാനങ്ങൾക്ക് കേന്ദ്രവിഹിതം വർദ്ധിപ്പിച്ചതുകൊണ്ട് ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരുന്ന പല പദ്ധതികളും പൂർണ്ണമായോ ഭാഗികമായോ കേന്ദ്രസർക്കാർ 2015-16 ബജറ്റിൽ പിൻവലിച്ചിരിക്കുകയാണ്. ഇതും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തെ ബാധിക്കും. ◆

(ലേഖകൻ തിരുവനന്തപുരം ഗാന്ധി മീഡിയ ഫൗണ്ടേഷൻ സെക്രട്ടറിയാണ്)

ഡോ. മേരിജോർജ്ജ്

2015 – 16 ലേയ്ക്കുള്ള കേന്ദ്ര ബജറ്റും സാമൂഹ്യക്ഷേമ മേഖലയും

അമർത്യാസെൻ, ജോസഫ് സിറ്റ്ഗ്ലിറ്റ്സ് തുടങ്ങിയ ക്ഷേമ സാമ്പത്തിക ശാസ്ത്രജ്ഞർ ദേശീയ വികസനം അക്കങ്ങളിലല്ല അതിന്റെ ഗുണത്തിലാണ് ദർശിക്കുന്നത്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് (ദാരിദ്ര്യരേഖയ്ക്ക് താഴെയും തൊട്ടുമുകളിലുമുള്ളവരെ) വിദ്യാഭ്യാസം/ആരോഗ്യം/തൊഴിൽ എന്നിവയിൽ മുന്നേറാനുള്ള സാഹചര്യം സൃഷ്ടിച്ച്, വരുമാനം വർദ്ധിപ്പിച്ച് വികസനത്തിന്റെ ഗുണഭോക്താക്കളാക്കി മാറ്റുകയാണ് ദേശീയ വികസനത്തിന്റെ ലക്ഷ്യം. സാമ്പത്തിക സർവ്വെ ഉയർത്തിക്കാട്ടുന്ന കണക്കുകൾ അനുസരിച്ച് ഉൽപ്പാദന മേഖലകൾ ലക്ഷ്യമിട്ടതിലും വളരെ താഴ്ന്ന നിരക്കിൽ വളർച്ച രേഖപ്പെടുത്തുമ്പോൾ (കാർഷിക മേഖല 1.1% ഉം വ്യാവസായിക മേഖല 1.7 % ഉം) എങ്ങനെയാണ് മൊത്ത ദേശീയ വരുമാനം 7.4 ശതമാനം വളർച്ച കൈവരിക്കുന്നത്? കാർഷിക/ വ്യാവസായിക മേഖലകൾ തളർച്ചയിലാണെന്ന് അവയുടെ വക്താക്കൾ തന്നെ അവകാശപ്പെടുകയും ചെയ്യുന്നു. കേന്ദ്ര ബാങ്ക് 2004–05 അടിസ്ഥാനമാക്കി കണക്കു കൂട്ടിയത് ജി.ഡി.പി വളർച്ച് 5.5 ശതമാനം എന്നതാണ്. ഉപഭോക്തൃ വില 5.1 ശതമാനത്തിൽ എത്തിയത് ത്വരിത ഗതിയിലുള്ള വളർച്ച കൊണ്ടല്ല മറിച്ച് പ്രധാനമന്ത്രി തുടക്കത്തിൽ ഉയർത്തിക്കാട്ടിയ ഡെമോക്രസി, ഡെമോഗ്രഫി, ഡിമാന്റ് എന്നീ ത്രിമൂർത്തികൾ പ്രവർത്തിക്കാത്തതുമൂലമാണ്. ഇന്ത്യൻ ഡെമോഗ്രഫിയുടെ (ജനതയുടെ) ശരാശരി വയസ്സ് 28 ആണ് (അമേരിക്കയുടേത് 38 വയസ്സും, ജപ്പാന്റേത് 39 വയസ്സുമാണ്.) ഈ യുവശക്തിയുടെ സഹായത്തോടെ 'മെയ്ക്ക് ഇൻ ഇന്ത്യ' വേഗം വിജയിപ്പിക്കാമെന്ന് കരുതി. എന്നാൽ ഇവരുടെ തൊഴിൽ ലഭ്യതാ വൈഭവം വളരെ പിന്നിലാണെന്നും മൂന്നിൽ രണ്ടു ഭാഗത്തോളം പാർശ്വവൽക്കരിക്കപ്പെട്ടവരും ഒരു ദിവസം ഒന്നേകാൽ ഡോളറിൽ ജീവിതം തളച്ചിടപ്പെട്ടവരുമാണെന്ന കാര്യം ഭരണകർത്താക്കൾ വിസ്മരിച്ചു. തൊഴിലുറപ്പുപോലുള്ള ഫ്ളാഗ് ഷിപ്പ് പദ്ധതികൾക്ക് ആദ്യവർഷം തന്നെ ഊന്നൽ കൊടുത്തിരുന്നെങ്കിൽ ക്രയശേഷി താഴെത്തട്ടിലുള്ള വലിയൊരു വിഭാഗം ജനങ്ങളിലെത്തുകയും പ്രധാനമന്ത്രി ഉയർത്തിക്കാട്ടിയ ഡെമോഗ്രഫിയും, ഡിമാന്റും ഉത്തേജകങ്ങളായി ഭവിച്ച് ഉയർന്ന വളർച്ച ഉരുത്തിരിയുകയും ചെയ്യുമായിരുന്നു. ഇത്തരണുത്തിലാണ് പുതിയ ബജറ്റിൽ സാമൂഹ്യ മേഖലയോടുള്ള ഉത്തരവാദിത്വം ഗവൺമെന്റെ ഏങ്ങനെ നിറവേറ്റുന്നു എന്നത് വിലയിരുത്തേണ്ടത്. തീർച്ചയായും കഴിഞ്ഞ ബജറ്റിനെ അപേക്ഷിച്ച് കൂടുതൽ വ്യാപ്തമായ ഒരു സാമൂഹ്യ സുരക്ഷ വലയാണ് ഈ ബജറ്റ് ഉയർത്തിക്കാട്ടുന്നത്. ആ വലയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ ഏവയാണെന്നു നോക്കാം.

വായ്പ നിഷേധിക്കപ്പെട്ട വിഭാഗത്തിന് വായ്പ പദ്ധതി

നാമമാത്ര സംരംഭങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള റീഫിനാൻസ് ഏജൻസിയായി പ്രവർത്തിക്കുന്ന 'മുദ്ര' ബാങ്ക് 20,000 കോടി മൂലധനത്തോടെ സ്ഥാപിക്കുന്നു. വായപ്കൾക്ക് ജാമ്യം നൽകുന്നതിനായി 3000 കോടി രൂപ കൂടി വകക്കൊ

ള്ളിക്കുമെന്ന് അവകാശപ്പെടുന്നു. പട്ടികജാതി/വർഗത്തിന് പ്രത്യേക ഊന്നലുള്ള ഈ ബാങ്ക് നബാർഡു പോലുള്ളൊരു റീ ഫിനാൻസിങ് ഏജൻസിയാണ്. 2011 സെൻസസ് പ്രകാരം 68.8 ശതമാനം ജനങ്ങൾ വസിക്കുന്നത് ഗ്രാമങ്ങളിലാണ്. അവിടെ നാമമാത്ര സംരംഭങ്ങളിലേർപ്പെടുന്നവർ യുവതീ യുവാക്കളാവാം. എന്നാൽ 2014-15 ബജറ്റ് മൊത്തം ചെലവിന്റെ 4.7 ശതമാനം (83,852 കോടി) ഈ മേഖലയ്ക്കായി മാറ്റി വച്ചപ്പോൾ ഈ വർഷം നീക്കി വച്ചിട്ടുള്ളത് മൊത്തം ചെലവിന്റെ 4.4 ശതമാനം (79536 കോടി രൂപ) മാത്രമാണ്.

തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധിദേശീയ തൊഴിലുറപ്പു പദ്ധതിക്ക് തരക്കേടില്ലാത്ത മുൻഗണന കൊടുത്തിട്ടുണ്ട്. വകകൊള്ളിച്ചിരിക്കുന്ന 34699 കോടി.പക്ഷേ ഇന്ത്യയുടെ തൊഴിലില്ലായ്മയുടെ തോത് വച്ച്, താഴെ തട്ടിലുള്ളവർക്ക് ജീവനോപാധി ഉറപ്പു വരുത്താൻ തീരെ അപര്യാപ്തമെന്ന് പറയാതെ വയ്യ. 2005-06 ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഈ പദ്ധതി താഴ്ന്ന വരുമാനമുള്ള ഗ്രാമീണ കുടുംബങ്ങളിൽ ഒരാൾക്ക് ഒരു വർഷം 100 തൊഴിൽ ദിനങ്ങൾ അവകാശമായി ത്തീരുന്ന, ഫ്ളാഗ് ഷിപ്പ് പദ്ധതികളിൽ തന്നെ ഏറ്റവും മേന്മയേറിയതും ഇടനിലക്കാരുടെ അഭാവം കൊണ്ടുതന്നെ ഗുണഭോക്താക്കൾക്ക് പൂർണ്ണ പ്രയോജനം ലഭിക്കുന്നതുമാണ്. തുടക്കത്തിൽ തെരഞ്ഞെടുത്ത 200 പിന്നോക്ക ജില്ലകളിൽ ഒതുക്കിയ പദ്ധതി ഘട്ടം ഘട്ടമായി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയാണുണ്ടായത്. തൊഴിലുറപ്പു പദ്ധതിയുടെ മിനിമം കൂലി പല സംസ്ഥാനങ്ങളിലും നിലവിലിരിക്കുന്ന ദിവസക്കൂലിയേക്കാൾ ഉയർന്നതായതിനാൽ അത്തരം സംസ്ഥാനങ്ങളിലെ ദിവസ വേതനത്തിൽ തൊഴിലാളി സൗഹൃദ ചലനമുണ്ടാക്കാനും ഈ പദ്ധതിക്കു കഴിഞ്ഞു.

പ്രധാന സാമൂഹിക സുരക്ഷ-ക്ഷേമ പദ്ധതികൾ

ഈ ഇനത്തിൽ വകകൊള്ളിച്ചിരിക്കുന്നത് 9082 കോടി രൂപയാണ്. അതിൽ നിന്ന് 909 കോടി വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കുവേണ്ടി നീക്കി വച്ചിരിക്കുന്നു. ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന പദ്ധതികൾ:

- പ്രധാനമന്ത്രി സുരക്ഷാ ഭീമ യോജന
- അടൽ പെൻഷൻ യോജന
- പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമായോജന
- മുതിർന്ന പൗരന്മാർക്ക് ശാരീരിക സഹായ ഉപകരണങ്ങൾ
- പെൺകുട്ടികൾക്കുള്ള സുകന്യ സമൃദ്ധി അക്കൗണ്ട്
- പട്ടികജാതി ക്ഷേമ പദ്ധതികൾ
- പട്ടികവർഗ ക്ഷേമ പദ്ധതികൾ
- സ്ത്രീ ക്ഷേമ പദ്ധതികൾ
- ശിശുക്ഷേമ പദ്ധതികൾ
- ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള നയി മൻസിൽ
- നിർഭയ പദ്ധതി തുടങ്ങിയവയാണ്.

ഈ പദ്ധതികൾക്കുവേണ്ടി 2015-16 ലെ ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുകയും 2013-14 ലെ ബജറ്റിൽ വകകൊള്ളിച്ച തുകയും തമ്മിൽ താരതമ്യം ചെയ്യുമ്പോഴാണ് കാഴ്ചപ്പാടിലും മുൻഗണനയിലുമുള്ള വ്യത്യാസം നാം മനസ്സിലാക്കുന്നത്. ശിശുക്ഷേമത്തിന് മാത്രമായി 77,236 കോടിയും വനിതാക്ഷേമത്തിനായി 97,134 കോടി രൂപയുമാണ് മാറ്റി വച്ചിരുന്നത്. വനിതകൾക്കു വേണ്ടിയുള്ള 'നിർഭയ' പദ്ധതി 1000 കോടി രൂപ വകയിരുത്തി തുടങ്ങി വച്ചതാണ്. അതിനുശേഷമുള്ള ഓരോ ബജറ്റിലും 1000 കോടി വീതം മാറ്റി വച്ചു. ഒരു പൈസ പോലും ചെലവഴിക്കാതെ സ്ത്രീ സുരക്ഷ ഇപ്പോഴും മരക്കൊമ്പിൽ ഊയലാടുന്നു, ഓടുന്ന വണ്ടിയിൽ വച്ചും പിച്ചി ചീന്തപ്പെടുന്നു. ഏത്ഭരണം വന്നാലും സ്ത്രീയുടെ അവസ്ഥ ദുരസ്ഥ തന്നെയെന്നതിന് തെളിവെന്തിന് വേറെ?

സാമൂഹ്യ മേഖലയും കേന്ദ്രാവിഷ്കൃത പദ്ധതികളും

സാമൂഹ്യ മേഖലയിൽ നേരിട്ടിടപെടുന്നതിനും പിന്നോക്ക മേഖകളെ വികസന വഴിയിൽ കൈപിടിച്ചു നടത്തുന്നതിനുമായി ആരംഭിച്ചതാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾ. അവയിൽ തൊഴിലുറപ്പു പദ്ധതി പോലുള്ളത് ജനങ്ങളുടെ അവകാശവും ഗവൺമെന്റിന്റെ അവശ്യം ഉത്തരവാദിത്തവുമാണെങ്കിൽ മറ്റു പലതും രാഷ്ട്രീയ-സാമ്പത്തിക നയത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞവയാണ്. ഇത്തരം പദ്ധതികളുടെ എണ്ണം ക്രമാതീതമായി പെരുകുകയും പലതും പല സംസ്ഥാനങ്ങളുടേയും ആവശ്യങ്ങൾക്ക് ഉപകരിക്കാത്തതുമായപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തെരഞ്ഞെടുപ്പിൽ സംസ്ഥാനങ്ങൾക്ക് ഇടപെടാനുള്ള സ്വാതന്ത്ര്യം വേണമെന്ന ആവശ്യം ഉയർന്നു. അതോടൊപ്പം കേന്ദ്രത്തിന്റെ ഡിവിസ്സിബിൾ പൂളിൽ നിന്നുള്ള വിഹിതം 13-ാം ധനകാര്യകമ്മീഷൻ നിർദ്ദേശ പ്രകാരം നിലവിലിരുന്ന 32 ശതമാനം എന്നത് 50 ശതമാനം ആക്കി ഉയർത്തണമെന്നും മുഖ്യമന്ത്രിമാർ ആവശ്യപ്പെട്ടിരുന്നു. ഈ രണ്ട് ആവശ്യങ്ങളും കണക്കിലെടുത്ത് 14-ാം ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിൽ നിന്നുള്ള വിഹിതം 32 ശതമാനത്തിൽ നിന്ന് 42 ശതമാനമാക്കി ഉയർത്തി. ഒറ്റനോട്ട

ത്തിൽ കോ-ഓപ്പറേറ്റീവ് ഫെഡറലിസത്തിന്റെ പച്ചപ്പും വളർച്ചയുമായി ഇതിനെ കാണാമെങ്കിലും കേന്ദ്രം ഒറ്റവെടിക്ക് രണ്ട് പക്ഷികളെ വീഴ്ത്തുകയായിരുന്നു. രണ്ടാമത്തെ പക്ഷി കേന്ദ്രാവിഷ്കൃത പദ്ധതികൾ തന്നെ. ആകെ പദ്ധതികളുടെ എണ്ണം 63 ആയി പുനസംഘടിപ്പിച്ചു. അതിൽ നിന്ന് എട്ടു പദ്ധതികൾ എടുത്തു മാറ്റി. മുപ്പത്തൊന്നു പദ്ധതികൾ തുടർന്നും പൂർണ്ണമായും കേന്ദ്ര സഹായത്തോടെ തുടരും. 24 പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന വിഹിതം പുനർനിർണ്ണയിച്ചു. ഓരോന്നും വ്യത്യസ്ത അനുപാതത്തിലായിരിക്കും. അതായത് കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചതു വഴി സംസ്ഥാനങ്ങൾക്ക് അധിമകമായി ലഭിച്ചതിലധികം വിഭവം കണ്ടെത്തിയാലേ കേന്ദ്രസഹയം നിറുത്തലാക്കിയ പദ്ധതികൾ നിലനിർത്താനാവുകയുള്ളൂവെന്നർത്ഥം. പൂർണ്ണമായും എടുത്തു കളഞ്ഞ പദ്ധതികൾ, അവയുടെ പ്രസക്തി എന്നിവ എന്താണെന്നു നോക്കാം.

1. ദേശീയ ഇ-ഗവേണൻസ് പദ്ധതി
2. പിന്നോക്ക് മേഖല വികസന ഫണ്ട്
3. പോലീസിന്റെ നവീകരണത്തിനുള്ള ഫണ്ട്
4. രാജീവ്ഗാന്ധി പഞ്ചായത്ത് സശക്തികിരൺ അഭിയാൻ
5. കയറ്റുമതി അടിസ്ഥാന സൗകര്യ വികസന ഫണ്ട്
6. 6000 മോഡൽ സ്കൂളുകൾ പടുത്തുയർത്തി പ്രവർത്ത ക്ഷമമാക്കുന്ന പദ്ധതി
7. ഭക്ഷ്യോൽപ്പനങ്ങൾ തരം തിരിക്കുക, കേടുവരാതെ സൂക്ഷിക്കുക തുടങ്ങിയവ
8. വിനോദ സഞ്ചാര അടിസ്ഥാന സൗകര്യ വികസനം

ഏതൊരു സംസ്ഥാനത്തെ സംബന്ധിച്ചും അവശ്യ മേഖലകളാണ് എട്ടും. അതുകൊണ്ടു തന്നെ ഇവയുടെ നടത്തിപ്പ് വൻ ബാധ്യതയാണ് സംസ്ഥാനങ്ങൾക്കുണ്ടാക്കുന്നത്. ദേശീയ ഇ-ഗവേണൻസ് തന്നെ എടുക്കുക. 'ഡിജിറ്റൽ ഇന്ത്യ' ഗവൺമെന്റിന്റെ ഏറ്റവും മുൻഗണനയുള്ള പദ്ധതിയാണ്. അതുവഴി ലക്ഷ്യമിടുന്നത്. ചുവപ്പുനാട ഇല്ലാതാക്കുക, തീരുമാനങ്ങൾ എടുക്കുന്നതിലെ കാലതാമസം ഒഴിവാക്കി ഭരണശേഷി വർദ്ധിപ്പിക്കുക, നികുതി മേഖലയിലും മറ്റും വ്യക്തികൾ തമ്മിൽ (പിരിക്കേണ്ടവരും കൊടുക്കേണ്ടവരും) കൂടിക്കാണുന്നതിനുള്ള അവസരം നിഷേധിച്ച് അഴിമതി കുറച്ചുകൊണ്ടു വരിക എന്നിവയൊക്കെയാണ്. 2000-ാമാണ്ടു തൊട്ടേ ഈ വഴിയിൽ ശ്രമം തുടങ്ങിയതാണ്.മുകളിൽ സൂചിപ്പിച്ച ലക്ഷ്യങ്ങളുള്ള ഒരു സംസ്ഥാനത്തിനും ഇ-ഗവേൺസിൽ നിന്ന് വിട്ടു നില്ക്കാനാവുകയില്ല.

ഉച്ചഭക്ഷണ പദ്ധതി(മിഡ് – ഡേ മീൽ): പ്രൈമറി വിദ്യാർത്ഥികൾക്കായി ആരംഭിച്ച ഉച്ചകഞ്ഞി പദ്ധതി ലോക ശ്രദ്ധ പിടിച്ചു പറ്റി വളർന്നു. ഇതിന്റെ പ്രയോജനം മനസ്സിലാക്കി 2007 ഒക്ടോബറിൽ അപ്പർ പ്രൈമറി വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി വികസിപ്പിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2015 – 16 ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത് 9236. 40 കോടിയാണ്. (2013 – 14 വകകൊള്ളിച്ചത് 13215 കോടി) ഇതിൽ നിന്ന് 907 കോടി വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കായി നീക്കി വച്ചിട്ടുമുണ്ട്.

പിന്നോക്ക മേഖല വികസന ഫണ്ടും ഒട്ടും കുറയാത്ത പ്രാധാന്യമുള്ളതാണ്. കേരളത്തിൽ തന്നെ വയനാട്, ഇടുക്കി ജില്ലകൾക്ക് ഈ വിഹിതം ലഭിച്ചിട്ടുള്ളതാണ്.പോലീസ് ഫോഴ്സിന്റെ നവീകരണം അവശ്യ മേഖലയല്ലെന്ന് ആരും പറയുകയില്ല. എന്നാൽ കേരളത്തിൽ ഇങ്ങനെ എല്ലാ വർഷവും കിട്ടുന്ന ബഹുകോടികൾ പോലീസ് സേനയുടെ നവീകരണത്തിനല്ല മറിച്ച് ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് ആഡംബര വാഹനങ്ങൾ വാങ്ങുന്നതിനുള്ള ദുർച്ചെലവിനാണ് ഉപയോഗിക്കുന്നതെന്ന് പോലീസ് വകുപ്പിൽ നിന്ന് തന്നെ വിമർശനമുണ്ട്.

ഭക്ഷ്യ സുരക്ഷ അവകാശമായിരിക്കെ, ഭക്ഷ്യോൽപന്നങ്ങളുടെ തരം തിരിക്കലും, പരിരക്ഷണവും പരമപ്രധാന്യമാർഹിക്കുന്ന മേഖലയാണ്. തന്നെയുമല്ല 'ഫണ്ടിങ് ദി അൺഫണ്ടഡ്' എന്നു പറഞ്ഞു ഈ ബജറ്റ് കൊണ്ടു വന്ന 'മുദ്രാ' ബാങ്കു തന്നെ ലക്ഷ്യം കാണാതെ പോയോക്കാം. ഈ കേന്ദ്രാവിഷ്കൃത പദ്ധതി നിറുത്തലാക്കിയതുകൊണ്ട്, താഴ്ന്ന വരുമാനക്കാർക്ക്, കുടുംബശ്രീ പോലുള്ള സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്കൊക്കെ ഏർപ്പെടാവുന്നതാണ്, 'ഭക്ഷ്യോൽപ്പന്നം തരംതിരിക്കൽ, പരിപാലിക്കൽ' മേഖലയിലെ നാമമാത്ര ചെറുകിട സംരംഭങ്ങളിലൂടെ സമ്പദ്ഘടനയുടെ താഴത്തെ ശ്രേണിയിലുള്ളവർക്ക് തലോടലും താഢനവും ഒന്നിച്ചു കൊടുക്കുന്ന രീതിയായിപ്പോയി ഇത്.

'വിനോദ സഞ്ചാര അടിസ്ഥാന സൗകര്യ' മേഖലയിൽ നിന്നുള്ള കേന്ദ്രത്തിന്റെ പിൻവലിയൽ ഈ മേഖലയ്ക്ക് കനത്ത ആഘാതമേല്പിക്കും, ചെറുകിട, ഇടത്തരം സംരംഭകരാണ് ഈ മേഖലയിൽ വിശിഷ്ട സേവനം കാഴ്ച വയ്ക്കുന്നത്. അതുകൊണ്ടു തന്നെ അടിസ്ഥാന സൗകര്യ മേഖലയിൽ ഗവൺമെന്റ് ഇടപെടൽ അനിവാര്യമാണ്. 'പാരമ്പര്യ വിനോദ സഞ്ചാര വികസന' ഭൂപടത്തിൽ ഈ ബജറ്റ് കേരളത്തെ ഉൾപ്പെടുത്തിയില്ല. അടിസ്ഥാന സൗകര്യ രംഗത്തു നിന്നുള്ള കേന്ദ്രത്തിന്റെ പിൻവലിയൽ കേരളത്തിനും വിനോദ സഞ്ചാര പ്രാമുഖ്യമുള്ള മറ്റു സംസ്ഥാനങ്ങൾക്കും തിരിച്ചടി തന്നെയാണ്.

കേന്ദ്ര സഹായത്തോടെ നടത്തുന്ന ചില പരമപ്രധാന സാമൂഹ്യ ഇടപെൽ പദ്ധതികൾക്ക് ഈ ബജറ്റ് എന്ത് തുക മാറ്റി വച്ചിരിക്കുന്ന എന്നു പരിശോധിക്കാം.

സർവ്വശിക്ഷാ അഭിയാൻ : വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യ സുരക്ഷാ ഇടപെടലിനായി 39038.50 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിലെ പ്രധാനപ്പെട്ട രണ്ടു പദ്ധതികൾ സർവ്വ ശിക്ഷാ അഭിയാൻ മിഡ് -ഡേ മീൽ പദ്ധതികളാണ്. എന്നാൽ ഈ രണ്ടു പദ്ധതികൾക്കും കൂടി 2013–14 ബജറ്റിൽ നീക്കി വച്ചത് 40473 കോടി രൂപയായിരുന്ന (1435 കോടി അധികം) എന്നോർക്കുമ്പോൾ ഇന്ന് അനുവദിച്ചിരിക്കുന്ന തുക എത്ര അപര്യാപ്തം എന്ന് മനസ്സിലാവും. മാത്രമല്ല സർവ്വശിക്ഷാ അഭിയാൻ ലക്ഷ്യമിടുന്നത് 'സ്കൂൾ പ്രവേശനം, തുടരൽ, തുല്യത, ഉയർന്ന ഗുണനിലവാരം' എന്നിവയാണ് വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന പെൺകുട്ടി

കൾക്കായുള്ള 'കസ്തൂർബാഗാന്ധി ബാലിക വിദ്യാലയ' പദ്ധതിയും സർവ്വശിക്ഷാ അഭിയാനിൽ ഉൾപ്പെടുത്തിയിരുന്നു. സർവ്വശിക്ഷാ അഭിയാന് മാത്രമായി നൽകിയിരിക്കുന്നത് 22000 കോടി രൂപയാണ് (27,258 കോടി 2013-14). അതിൽ നിന്ന് 2180 കോടി വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കായി മാറ്റി വച്ചിട്ടുണ്ടുതാനും.

ഉച്ചഭക്ഷണ പദ്ധതി(മിഡ്-ഡേ മീൽ): പ്രൈമറി വിദ്യാർത്ഥികൾക്കായി ആരംഭിച്ച ഉച്ചകഞ്ഞി പദ്ധതി ലോക ശ്രദ്ധ പിടിച്ചു പറ്റി വളർന്നു. ഇതിന്റെ പ്രയോജനം മനസ്സിലാക്കി 2007 ഒക്ടോബറിൽ അപ്പർ പ്രൈമറി വിഭാഗത്തെ ക്കൂടി ഉൾപ്പെടുത്തി വികസിപ്പിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിനായി 2015-16 ബജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത് 9236.40 കോടിയാണ്. (2013-14 വകകൊള്ളിച്ചത് 13215 കോടി) ഇതിൽ നിന്ന് 907 കോടി വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കായി നീക്കി വച്ചിട്ടുമുണ്ട്.

വനിതകൾക്കും ശിശുക്കൾക്കും

വനിതകളും ശിശുക്കളും കുട്ടികളും ഇന്ത്യയിൽ അശരണരും അവകാശങ്ങൾ നിഷേധിക്കപ്പെട്ടരവുമാണ്.1998 ജൂലൈ ലോക്സഭ ഒന്നോർത്തെടുക്കാം. ജനസംഖ്യയുടെ 48 ശതമാനത്തിലധികം വരുന്ന വനിതകൾക്ക് (അമർത്യസെൻ ചൂണ്ടിക്കാട്ടുന്നതുപോലെ ഭ്രൂണ ഹത്യയാൽ അപ്രത്യക്ഷരാകുന്ന ദശലക്ഷക്കണക്കിന് പെൺകുഞ്ഞുങ്ങളെ ഉൾപ്പെടുത്തിയാൽ, കേരളത്തിലെ പ്പോലെ ജനസംഖ്യയുടെ 52 ശതമാനം വരുമായിരുന്നു) 33 ശതമാനം ലോക്സഭാ സീറ്റുകൾ സംവരണം ചെയ്യുന്നതിനുള്ള ബിൽ ലോക്സഭയുടെ മുമ്പിൽ വയ്ക്കുന്നു. ലാലു പ്രസാദ് യാദവും ശരത് യാദവും ഒത്തുചേർന്ന് ആ ബിൽ നുള്ളിക്കീറി സ്പീക്കറുടെ ഡയസ്സിലേക്കെറിയുന്നു. ആ അവകാശംപോലും നേടിയെടുക്കാൻ സ്ത്രീകൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള ഇന്ത്യയിൽ 2015-16ലെ ബജറ്റിൽ വനിത/ശിശു ക്ഷേമ വികസനത്തിനായി പദ്ധതി ചെലവിൽ നിന്ന് 10286.73 കോടി മാറ്റി വച്ചിരിക്കുന്നു. 2013-14 ബജറ്റിൽ നീക്കി വച്ചത് 174370 കോടി. ഇത്ര വൻ കുറവ് വച്ചത് കുറഞ്ഞ പരിഗണനകൊണ്ടു മാത്രമല്ല കേന്ദ്ര സഹായ പദ്ധതികളുടെ പുന സംഘനടമൂലം വനിതാശിശു ക്ഷേമത്തിൽ വരുന്ന പല പദ്ധതികളുടേയും കേന്ദ്ര വിഹിതം വെട്ടിക്കുറച്ചതുകൊണ്ടു കൂടിയാണിത്.

ബേട്ടി ബച്ചാവോ ബേട്ടി പഠാവോ: ഉദ്ദേശ ശുദ്ധികൊണ്ട് ഈ ബജറ്റിലെ ഏറ്റവും മികച്ച പദ്ധതി എന്നാൽ വിഭവ വിന്യാസം കൊണ്ട് ഏറ്റവും ശുഷ്കിച്ചതും 'പുത്രൻ' മതി/ വേണം എന്ന തീരുമാനം മൂലമുള്ള പെൺശിശു/ഭ്രൂണ ഹത്യ വൻതോതിൽ വർദ്ധിക്കുകയാണ് ഇന്ത്യയിൽ. 2001 സെൻസസ് അനുസരിച്ച് 1000 ആൺകുഞ്ഞുങ്ങൾക്ക് 927 പെൺകുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. 2011 സെൻസസിൽ 1000 ആൺകുഞ്ഞുങ്ങൾക്ക് 914 പെൺകുഞ്ഞുങ്ങൾ എന്ന നിരക്കിലേയ്ക്ക് താണു. കേരളത്തിൽ പോലും പെൺകുഞ്ഞുങ്ങളുടെ നിരക്ക് കുറയുന്നു. 1000 പുരുഷന്മാർക്ക് 1084 സ്ത്രീകളുള്ള കേരളത്തിൽ 1000 ആൺകുഞ്ഞുങ്ങൾക്ക് 960 പെൺ കുഞ്ഞുങ്ങളെ ഉള്ളൂവെന്നത് ഈ പ്രശനത്തിന്റെ മ്ലേച്ഛതയാണ് രേഖപ്പെടുത്തുന്നത്. ആൺപെൺ അനുപാതം മെച്ചപ്പെടുത്തുന്നതിനായി കൊണ്ടുവന്നിരിക്കുന്ന 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' പദ്ധതി 100 കോടിയിൽ ഒതുക്കികളഞ്ഞു.

സ്വച്ഛ് ഭാരത് അഭിയാൻ: പുതു പേരിൽ വന്ന നിർമ്മൽ ഭാരത് അഭിയാൻ നല്ലൊരു സാമൂഹ്യ ഇടപെടലാണ്. എന്നാൽ 362 കോടി ഒന്നിനും തികയില്ല.വകകൊള്ളിച്ചിരിക്കുന്നതു മുഴുവനും ഗംഗാ ശുദ്ധീകരണത്തിൽ ഒതുങ്ങിയെന്നും വരാം.

എല്ലാവർക്കും ഭവനം: ഈ സ്വപ്ന പദ്ധതിക്കുവേണ്ടി വകക്കൊള്ളിച്ചിട്ടുള്ളതും 10,025 കോടി മാത്രം. ഈ പദ്ധതിയനുസരിച്ച് സമതലങ്ങളിൽ 70000 രൂപയും മലമ്പ്രദേശങ്ങളിൽ 75000 രൂപയും ഭവന നിർമ്മാണത്തിന് ലഭ്യമാവും. ഓരോ വീടിനും ശുചി മുറി നിർബന്ധമാക്കി സ്വച്ഛ് ഭാരത് അഭിയാനും പാർപ്പിട പദ്ധതിയും കൈകോർക്കണമെന്ന് നിഷ്കർഷയുണ്ട്.

പട്ടികജാതി ക്ഷേമം: ഇതിലേക്കായി 6467 കോടിയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് തീർത്തും അപര്യാപ്തം എന്നു പറയാതെ വയ്യ.

പട്ടികവർഗം: ബഹുമുഖ പദ്ധതികളെപ്പറ്റി പരാമർശമുണ്ടെങ്കിലും നീക്കി വച്ചിരിക്കുന്നത് 4792 കോടി മാത്രം പട്ടികജാതി/ വർഗത്തിനുവേണ്ടി നീക്കി വയ്ക്കുന്ന തുക കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ പോലും ചെലവഴിക്കപ്പെടാതെ ലാപ്സാക്കിക്കളയുന്ന ഗുരുതരമായ കൃത്യവിലോപം ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

സാമൂഹ്യ മേഖലയെ സുരക്ഷിത താവളമാക്കി ക്കൊണ്ടു മാത്രമേ ഇത്രയും ജനബഹുലമായ ഒരു രാജ്യത്ത് ഏതൊരു ഗവൺമെന്റിനും ചുവടുറപ്പിക്കാനൊക്കൂ. ഈ കാര്യത്തിൽ 2015-16 ബജറ്റ് കഴിഞ്ഞ ബജറ്റിനേക്കാൾ ഭേദമെങ്കിലും വൻ മുന്നേറ്റം ഉണ്ടായിട്ടില്ല. തന്മൂലം ധന ധ്രൂവീകരണം വർദ്ധിക്കും. താഴെത്തട്ടിൽ ക്രമേണ അമർഷം നുരഞ്ഞുപൊങ്ങും. ◆

*ലേഖിക യൂണിവേഴ്സിറ്റി കോളേജ് സാമ്പത്തിക ശാസ്ത്ര വിഭാഗത്തിൽ പ്രൊഫസ്സറായിരുന്നു.

മിഷൻ ഇന്ദ്രധനുസ്

ശൈശവ രോഗ പ്രതിരോധ പരിപാടിയിൽ ഒരു പുതിയ കുതിപ്പ്

വാക്സിനേഷൻ ഭാഗികമായി ലഭിച്ച കുഞ്ഞുങ്ങൾക്കും, ഇതുവരെ വാക്സിനേഷൻ ലഭിക്കാത്ത കുഞ്ഞുങ്ങൾക്കും വാക്സിനേഷൻ നല്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചതാണ് മിഷൻ ഇന്ദ്രധനുസ് പദ്ധതി.

സാർവ്വത്രിക രോഗ പ്രതിരോധ കുത്തിവെയ്പ് പദ്ധതി 1985 മുതൽ ഇന്ത്യയിൽ നടപ്പാക്കി വരുന്നുണ്ട്. പ്രതിവർഷം 2.7 കോടി ശിശുക്കൾക്ക് വാക്സിനുകൾ നല്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ 30 വർഷം കഴിഞ്ഞിട്ടും ഒരു വയസ്സിനുള്ളിൽ രോഗ പ്രതിരോധ കുത്തിവെയ്പ് ലഭിച്ചത് ഏതാണ്ട് 65 ശതമാനം കുഞ്ഞുങ്ങൾക്ക് മാത്രമാണ്. എന്നാൽ കഴിഞ്ഞ നാലു വർഷങ്ങൾകൊണ്ട് നാമമാത്ര വർദ്ധനവുണ്ടായെന്നു മാത്രം. അതായത് നാലു ശതമാനം മാത്രം വർധന.

സാർവ്വത്രിക രോഗ പ്രതിരോധ കുത്തിവെയ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാക്സിനുകൾ വർഷംതോറും 89 ലക്ഷം കുഞ്ഞുങ്ങൾക്ക് ലഭിക്കുന്നില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ 72 ലക്ഷം കുഞ്ഞുങ്ങൾക്ക് ഏതാനും ചില വാക്സിനുകൾ ലഭിക്കുന്നുണ്ട് താനും. ഇങ്ങനെ ഭാഗികമായി മാത്രം രോഗ പ്രതിരോധ കുത്തിവെയ്പ് ലഭിക്കുന്ന കുഞ്ഞുങ്ങളും പൂർണ്ണമായി രോഗ പ്രതിരോധ കുത്തിവെയ്പ് ലഭിക്കാത്ത കുഞ്ഞുങ്ങളും നിരവധി ശിശുരോഗങ്ങളുടെ കരിനിഴലിൽ ജീവിക്കുകയാണ്. രോഗപ്രതിരോധ കുത്തിവെയ്പ് ലഭിച്ച കുഞ്ഞുങ്ങളെയപേക്ഷിച്ച് ഇത്തരം ശിശുക്കൾ മരണമടയാൻ മൂന്ന് മുതൽ ആറ് മടങ്ങുവരെ സാധ്യത നിലനില്ക്കുന്നു.

എന്തുകൊണ്ടാണ് ഇത് സംഭവിച്ചത്? രക്ഷിതാക്കാൾക്കിടയിൽ വേണ്ടത്ര അവബോധമില്ലാത്തതും, വാക്സിനുകൾ സൃഷ്ടിക്കുമെന്ന് ഭയപ്പെടുന്ന പാർശ്വഫലങ്ങളെക്കുറിച്ചുള്ള അമിതമായ ഉത്കണ്ഠയും വാക്സിനുകൾ മതിയായ തോതിൽ ലഭ്യമല്ലാത്തതും രോഗപ്രതിരോധ കുത്തിവെയ്പു പരിപാടി ലക്ഷ്യം കാണുന്നതിന് വിഘാതമായിത്തീർന്നു.

രാജ്യത്തെ രോഗ പ്രതിരോധ കുത്തിവെയ്പ് പരിപാടിയുടെ പ്രയോജനം സിദ്ധിക്കാത്ത 201 ജില്ലകൾക്ക് പ്രത്യേക ഊന്നൽ നല്കികൊണ്ടാണ് മിഷൻ ഇന്ദ്രധനുസ് നടപ്പാക്കുന്നത്. കേരളത്തിൽ കാസർകോഡ് ജില്ലയും മലപ്പുറം ജില്ലയും ഈ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഭാഗികമായ തോതിൽ വാക്സിൻ ലഭിച്ചവരും, പൂർണ്ണമായി വാക്സിൻ ലഭിക്കാത്തവരുമായ ശിശുക്കളിൽ പകുതിയും ഈ 201 ജില്ലകളിലാണെന്ന് കണക്കാക്കുന്നു. ഏഴ് മാരക രോഗങ്ങൾക്കുള്ള വാക്സിനുകളാണ് കുഞ്ഞുങ്ങൾക്ക് ഇന്ദ്രധനുഷ് പദ്ധതിയിൽ നല്കുക. ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, പോളിയോ, ക്ഷയം, അഞ്ചാംപനി, ഹെപ്പറ്ററ്റിസ്-ബി എന്നീ രോഗങ്ങൾ

ക്ക് എതിരെ പ്രതിരോധം ലഭ്യമാക്കുന്ന വാക്സിനുകളാണിവ. ചില പ്രത്യേക ജില്ലകളിൽ ജപ്പാൻ എൻസെഫലാറ്റിസ്, ഹിമോഫിലസ് ഇൻഫ്ളുവൻസ എന്നീ രോഗങ്ങൾക്കെതിരെയുമുള്ള വാക്സിനുകൾ ശിശുക്കൾക്ക് മിഷൻ ഇന്ദ്രധനുസിൽ നല്കും. ഗർഭിണികൾക്ക് ടെറ്റനസിനെതിരെയുള്ള വാക്സിനേഷനും നല്കും.

അടുത്ത അഞ്ച് വർഷം കൊണ്ട് രാജ്യത്തെ 90 ശതമാനം കുട്ടികളെയും രോഗ പ്രതിരോധ വാക്സിനേഷൻ കീഴിൽ കൊണ്ടുവരികയാണ് ലക്ഷ്യം. പ്രതിവർഷം അഞ്ചുശതമാനം കണ്ട് രോഗ പ്രതിരോധ വാക്സിനേഷൻ പരിപാടി വർധിപ്പിച്ചുകൊണ്ടു വന്നാൽ മാത്രമെ ശ്രമകരമായ ഈ ദൗത്യം നേടാനാകുകയുള്ളൂ.

എല്ലാ മാസവും ഏഴാം തീയതികളിൽ നാലു പ്രത്യേക വാക്സിനേഷൻ പ്രചരണ പരിപാടിക്ക് തുടക്കമാവുകയാണ്. ആദ്യ പ്രചരണ പരിപാടി ലോകാരോഗ്യദിനമായ ഏപ്രിൽ ഏഴിനാരംഭിച്ചു. രണ്ടു വയസ്സിനു താഴെയുള്ള എല്ലാ ശിശുക്കളും ഈ പരിപാടിയിൽ വരും. കൂടാതെ എല്ലാ ഗർഭിണികൾക്കും ടെറ്റനസ് ടോക്സോയിഡ് വാക്സിനേഷൻ തെരഞ്ഞെടുക്കപ്പെട്ട 201 ജില്ലകളിലും നല്കി.

നഗരങ്ങളിലെ ചേരി പ്രദേശങ്ങൾ, നാടോടികൾ താമസിക്കുന്നയിടങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, ഇഷ്ടിക കളങ്ങൾ തുടങ്ങിയ ഇടങ്ങൾക്ക് പ്രാധാന്യം നല്കിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. അഞ്ചാംപനി, ഡിഫ്തീരിയ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നല്കുന്നു.

രോഗപ്രതിരോധ പരിപാടികളുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് പരിശീലനം, വിപുലമായ പ്രചാരണ പദ്ധതികൾ, ജില്ലാ സംസ്ഥാന ദേശീയ തലങ്ങളിൽ ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുക, വിദൂര പ്രദേശങ്ങളിൽ പോലും വാക്സിനുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവ മിഷൻ ഇന്ദ്രധനുസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന തലങ്ങളിൽ ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറിമാരായിരിക്കും ടാസ്ക് ഫോഴ്സിന്റെ അദ്ധ്യക്ഷൻ. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായുള്ള മികച്ച ഏകോപനം ടാസ്ക് ഫോഴ്സിന്റെ ചുമതലയാണ്. പ്രിൻസിപ്പൽ സെക്രട്ടറിയും, ആരോഗ്യ ദൗത്യ ഡയറക്ടറും ജില്ലാ കളക്ടർ, ഡി.എം.ഒ. എന്നിവരുമായി ഇതിനകം വീഡിയോ കോൺഫറൻസു നടത്തിയാണ് പരിപാടി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നത്.

നഗര, ജില്ലാ തലങ്ങളിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളും ഈ ബൃഹത് പരിപാടിയിൽ പങ്കാളികളാണ്. ബാനറുകൾ, കൈ പുസ്തകങ്ങൾ, ഓഡിയോ വീഡിയോ സ്പോട്ടുകൾ എന്നിവ തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് നല്കി. ഫണ്ട്, വാക്സിനുകൾ എന്നിവ യഥോചിതം തടസ്സമെന്യേ ഈ പരിപാടിക്ക് ലഭ്യമാകുന്നത് ഉറപ്പാക്കുന്നതാണ് സംസ്ഥാന തലത്തിൽ പരിപാടിയുടെ നടത്തിപ്പിന് നിരീക്ഷകരെയും നിയമിച്ചു. ജില്ലാതലത്തിലുള്ള ഏകോപനം ജില്ലാ കളക്ടർമാർ നിർവ്വഹിച്ചു. സംസ്ഥാന തലത്തിൽ ഏർപ്പെടുത്തിയ സമാനമായ സജ്ജീകരണങ്ങളും ക്രമീകരണങ്ങളും ജില്ലാ, ബ്ളോക്ക്, നഗര തലങ്ങളിലും നലവിൽ വന്നു കഴിഞ്ഞു. ബഹുജന പങ്കാളിത്തം കൊണ്ട് വളരെ ശ്രദ്ധേയമാകാൻ പോകുകയാണ് മിഷൻ ഇന്ദ്രധനുസ്. ◆

പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ,
തിരുവനന്തപുരം

ചക്കുപള്ളം ഗ്രാമപഞ്ചായത്ത് (ഇടുക്കി ജില്ല) സുതാര്യ ഭരണം

കേരളത്തെ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റാനുള്ള ഉദ്യമങ്ങൾക്ക് ചക്കുപള്ളം ഗ്രാമപഞ്ചായത്ത് മാതൃകയാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ലോകബാങ്ക് സഹായത്തോടെ 40 ലക്ഷം രൂപ ചെലവിൽ ചക്കുപള്ളം പഞ്ചായത്ത് നിർമ്മിച്ച കോൺഫറൻസ് ഹാളിന്റെയും സ്ഥിരം സമിതി അധ്യക്ഷന്മാരുടെ ഓഫീസിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തോമസ് രാജൻ അധ്യക്ഷത വഹിച്ചു.

പുതിയ കോൺഫറൻസ് ഹാൾ ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ ലോക്സഭ, നിയമസഭ സമ്മേളനങ്ങൾ തൽസമയം കാണുന്നതുപോലെ ചക്കുപള്ളം ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം പ്രേക്ഷകർക്ക് ലോകത്തിന്റെ ഏത് കോണിലിരുന്നും കാണാൻ കഴിയും.

പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം പ്രസിഡന്റിന് തന്റെ മൊബൈൽ ഫോണിലൂടെ എവിടെയിരുന്നും നിരീക്ഷിക്കുന്നതിനുള്ള ക്രമീകരണവും ഒരുക്കിയിട്ടുണ്ട്. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലക്ഷ്യമാക്കി സുതാര്യമായ ഭരണസംവിധാനമാണ് ലക്ഷ്യം. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഓൺലൈനിലും ത്രിജി ആൻഡ്രോയിഡ് ഫോൺ കൈവശമുള്ളവർക്ക് ഫോണിലൂടെയും ഏതുസമയത്തും കാണാൻ കഴിയും.

നിയമസഭയിൽ ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരിക്കുന്നതുപോലെയാണ് ഇവിടെയും ക്രമീകരണങ്ങൾ. മാധ്യമപ്രവർത്തകർ, സ്കൂൾ കുട്ടികൾ, പൊതുജനങ്ങൾ തുടങ്ങിയവർക്ക് ഭരണസമിതി യോഗങ്ങൾ വീക്ഷിക്കുന്നതിന് പ്രത്യേക സൗകര്യം പുതിയ കോൺഫറൻസ് ഹാളിൽ ഒരുക്കിയിട്ടുണ്ട്. വിദൂര സ്ഥലങ്ങളിലുള്ളവർക്ക് ഓൺലൈനിൽ യോഗ നടപടികൾ വീക്ഷിക്കാം.

പാറശാല ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം ജില്ല) ഗർഭാശയക്യാൻസർ പരിശോധന

പാറശാലബ്ലോക്ക് പഞ്ചായത്ത് 2014-15 വാർഷികപദ്ധതിയിലുൾപ്പെടുത്തി ഗർഭാശയ കാൻസർ നിർണയപദ്ധതി നടപ്പിലാക്കി. 30 വയസ്സുമുതൽ 50 വയസ്സുവരെയുള്ളസ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ക്യാമ്പിൽ സ്തനാർബുദം, വായിലെ ക്യാൻസർ എന്നിവയും പരിശോധിച്ചു. പരിപാടിവിപുലമായമുന്നൊരുക്കങ്ങളോടെയാണ്സംഘടിപ്പിച്ചത്.

ഒരുബ്ലോക്ക് പഞ്ചായത്ത്ആദ്യമായാണ്ഇത്തരം പദ്ധതി നടപ്പിലാക്കുന്നതെന്നും ഇത് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാണെന്നുംആരോഗ്യ, ദേവസ്വംവകുപ്പ് മന്ത്രി വിഎസ്ശിവകുമാർ അഭിപ്രായപ്പെട്ടു. പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ച്സംസാരിക്കുകയായിരുന്നു മന്ത്രി. ക്യാൻസർ അവബോധ കൈപുസ്തകത്തിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു. ചടങ്ങിൽ എം.എൽ.എ.മാരായ എ.ടി. ജോർജ്, ആർ സെൽവരാജ്, പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ആർ. സൈമൺ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.എം. സിറാബുദ്ദീൻ, ദേശീയ പ്രോഗ്രാം മാനേജർ, ജില്ലാ പ്രോഗ്രാംമാനേജർ ഡോ.ബി. ഉണ്ണികൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

പറണീയം, ചെങ്കൽ, പൂവാർ, കാരോട്, പൊഴിയൂർ, പാറശാലഎന്നിവിടങ്ങളിലായാണ് കാൻസർ നിർണയക്യാമ്പുകൾ സംഘടിപ്പിച്ചത്. പരശുവയ്ക്കൽ സർക്കാർ ആശുപത്രിയുടെ നേതൃത്വത്തിൽ പാറശാലബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുംചേർന്ന് പാറശാലതാലൂക്ക് ആശുപത്രിയിൽ സംഘടിപ്പിച്ച ക്യാമ്പ് എ ടിജോർജ് എം എൽ എ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ആർ സൈമൺ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ഗ്രാമപഞ്ചായത്ത് ആക്റ്റിംഗ് പ്രസിഡന്റ് കൊല്ലിയോട്സത്യനേശൻ, ജില്ലാ പഞ്ചായത്ത് അംഗം എസ്. അജിത, ബോക്ക് പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വട്ടവിള വിജയൻ, പാറശാലതാലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോവത്സല, പരശുവയ്ക്കൽ പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. സുജ തുടങ്ങിയവർ പങ്കെടുത്തു. കാരോട് പഞ്ചായത്തിൽ സംഘടിപ്പിച്ച ക്യാമ്പ് ആർ സെൽവരാജ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം റിജിയണൽ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ നടത്തിയ പരിപാടിയിൽ ആയിരത്തിലധികം പേരെ പരിശോധന നടത്തി. ഗർഭാശയക്യാൻസറിനുപുറമെ, സ്തനാർബുദം, വായിലെ ക്യാൻസർ എന്നിവയും പരിശോധിച്ചു. ബ്ലോക്ക്ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും പ്രാഥമികാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക്ക് ഹെൽത്ത് സൂപ്പർവൈസർ, പി ആർ ഒ തുടങ്ങിയവർഅംഗങ്ങളുമായ മോണിറ്ററിംഗ് കമ്മിറ്റിയാണ് ക്യാമ്പിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

പരിശോധനക്ക് വിധേയമായവരുടെ അന്തിമ ഫലം ലഭിച്ചതിനുശേഷം രോഗം ഉള്ളവരെ കണ്ടെത്തി ആർ.സി.സി.യിൽ സർക്കാരിന്റെസുകൃതം പദ്ധതിയിലുൾപ്പെടുത്തി ആവശ്യമായ വിദഗ്ദചികിത്സ ചെയ്യുന്നതിനുള്ള നടപടികൾ നടത്തുന്ന വിധത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ◆

ആഷ വി. എൻ

മണ്ണും ഭൂപടവും

ജീവൻ തുടിക്കുന്ന ജീവൻ നൽകുന്ന പ്രകൃതി വിഭവമാണ്, മണ്ണ്. ഭൂമി എന്ന ഗ്രഹത്തിന്റെ കര പ്രദേശത്തെ പൊതിഞ്ഞു നിൽക്കുന്ന നേർത്ത ആവരണമാണ് മണ്ണ്. അത് ജൈവമണ്ഡലത്തിന്റെ അടിത്തറയാണ്. ആരോഗ്യം തുടിക്കുന്ന മണ്ണായി മണ്ണിനെ സംരക്ഷിക്കുക എന്നുള്ളത് പ്രാമുഖ്യമുള്ള കാര്യമാണ്.

മണ്ണ് പര്യവേക്ഷണം എന്നത് ഒരു സ്ഥലത്തെ പല തരത്തിലുള്ള മണ്ണിനങ്ങളെ അതിന്റെ ഗുണവിശേഷങ്ങളേയും സ്വഭാവങ്ങളെയും കണ്ടെത്തുന്ന പ്രക്രിയ ആണ്.

പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, സംസ്ഥാനം എന്ന പല തട്ടുകളിൽ മണ്ണ് പര്യവേക്ഷണ വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. വിവിധ ഇനം മണ്ണുകൾ അവയുടെ പല സ്വഭാവങ്ങൾ, വിനിയോഗം, മണ്ണിലടങ്ങിയിരിക്കുന്ന മൂലകങ്ങൾ, മണ്ണിന്റെ ഫലപുഷ്ടിയുടെ ഏറ്റക്കുറച്ചിലുകൾ എന്നിങ്ങനെയുള്ള വിവരങ്ങൾ സമാഹരിക്കാവുന്നതാണ്. മണ്ണ് പര്യവേക്ഷണത്തിൽ ലഭിക്കുന്ന അടിസ്ഥാന വിവരങ്ങൾ സൂക്ഷ്മപരിശോധന മുഖേനയും വ്യാഖ്യാനം വഴിയും പുതിയ കണ്ടെത്തലുകളിൽ എത്തിച്ചേരാൻ സാധിക്കും. മണ്ണിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങളുടെ തോത്, ഏറ്റക്കുറച്ചിലുകൾ എന്നിവ പരീക്ഷണശാലകളിൽ വച്ച് നടത്തുന്ന നിരീക്ഷണങ്ങളിൽ നിന്നും കണ്ടെത്താനാകും

ഈ വിശദാംശങ്ങൾ ഭൂപടം മുഖേന പ്രതിപാദിക്കാവുന്നതാണ്. ഭൂപടങ്ങളുടെ പ്രത്യേകത അതിന്റെ ദൃശ്യസ്വഭാവം ആണ്. അത് ഉപയോഗിക്കുന്ന ആളിന്റെ മനസ്സിൽ പെട്ടെന്ന് പതിയുകയും അത് മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യുന്നു.

ഭൂപടങ്ങൾ എന്താണ്. എങ്ങിനെയാണ് അവനിർമ്മിക്കുന്നത്. മണ്ണ് പര്യവേക്ഷണത്തിൽ ഭൂപടങ്ങളുടെ പ്രസക്തി എന്താണ് എന്ന് നോക്കാം.

ഭൂപടനിർമ്മാണം (Catography) എന്ന വാക്ക് ഗ്രീക്ക് ഭാഷയിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതാണ്. (Khartes-'map', graphein-'write') പുരാതന കാലം മുതൽ ഗ്രീക്കുകാരും റോമാക്കാരും ഭൂപടനിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ട്. എ.ഡി. 2–ാം നൂറ്റാണ്ടിൽ ടോളമി അതിന് ഒരു അടിസ്ഥാനം നൽകുകയും ചെയ്തു. മധ്യകാലത്ത് ഇതിനെ തുടർന്ന് ഭൂപടങ്ങൾ നിർമ്മിച്ചു എങ്കിലും കൂടുതൽ കൃത്യതയുള്ള ഭൂപടനിർമ്മാണം 14–ാം നൂറ്റാണ്ടിൽ ആരംഭിച്ചു.

പുതിയ ലോകത്തിന്റെ കണ്ടുപിടിത്തം ഭൂപട നിർമ്മാണത്തിൽ പുതിയ സങ്കേതങ്ങൾ ഉപയോഗിക്കേണ്ടതായി വന്നു. പ്രത്യേകിച്ച് ഗോളാകൃതിയിലുള്ള ഭൂമിയെ പരന്ന പ്രതലത്തിൽ മാറ്റുന്ന സങ്കേതം, ഇതിലേക്കായി അക്ഷാംശങ്ങളുടെയും രേഖാംശങ്ങളുടെയും ശരിയായ നീളം, കോണുകൾ എന്നിവ മനസ്സിലാക്കാനും ഭൂപ്രദേശങ്ങളുടെ ആകൃതി, രൂപം, വലുപ്പം എന്നിവയിൽ തെറ്റുകൾ കുറഞ്ഞ ഭൂപടനിർമ്മാണത്തിനും തുടക്കം കുറിച്ചു. ഭൂമധ്യരേഖയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളും ധ്രുവപ്രദേശങ്ങളും അവയുടെ ആകൃതിക്കും, അളവിനും ദൂരത്തിനും വലിയ മാറ്റങ്ങളില്ലാതെ പരന്ന പ്രതലത്തിലേക്ക് മാറ്റുന്ന സങ്കേതമാണ് ഭൂപടക്രമം അല്ലെങ്കിൽ ജ്യാമിത രൂപനിർമ്മാണം (Map Projection).

ഭൂപടങ്ങളെ അവ നിർമ്മിക്കുന്ന അളവുകളുടെ (Scale) അടിസ്ഥാനത്തിൽ, അവയിൽ പ്രതിപാദിക്കുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാം പലതായി തരം തിരിക്കാം. നമ്മുടെ ആവശ്യമനുസരിച്ച് പലതോത്കളിലുള്ള (Scale) ഭൂപടങ്ങൾ നിർമ്മിക്കാൻ കഴിയും. പ്രതിപാദിക്കുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കി ഭൂപടങ്ങളെ പൊതുഭൂപടങ്ങൾ, പ്രത്യേക വിഷയത്തിലുള്ള ഭൂപടങ്ങൾ എന്നിങ്ങനെ വിശാലമായി തരം തിരിക്കാം. പൊതു ഭൂപടങ്ങൾ എല്ലാവിഭാഗത്തിലുള്ള ജനങ്ങൾക്കായി നിർമ്മിക്കപ്പെട്ടു. ഉദാഹരണത്തിന് റോഡുകൾ, റയിൽവേ, സ്ഥലപ്പേര്, രാജ്യങ്ങൾ എന്നിങ്ങനെ പൊതുവിലുള്ള വിവരങ്ങൾ അടങ്ങിയവ.

പ്രമേയപരമായ (thematic) ഭൂപടങ്ങൾ ഒരു പ്രത്യേക വിഷയത്തെ സംബന്ധിച്ച് അതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ വേണ്ടി നിർമ്മിക്കപ്പെടുന്നതാണ്. മണ്ണ് പര്യവേക്ഷണവുമായി ബന്ധപ്പെട്ടാണെങ്കിൽ, വിവിധ ശ്രേണിയിൽ പെട്ടമണ്ണിനങ്ങൾ, മണ്ണിന്റെ വിവിധ സ്വഭാവങ്ങൾ, അവയുടെ വിസ്തൃതി,

മൂലകങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുന്ന ഭൂപടങ്ങൾ എന്നിവ പ്രമേയപരമായ ഭൂപടങ്ങളാണ്.

മണ്ണ് പര്യവേക്ഷണത്തിന് മുഖ്യമായും സർവ്വേമാപ്പുകളെയാണ് ആശ്രയിക്കുന്നത്. ഒരു പ്രദേശത്തിന്റെ സർവ്വേമാപ്പുകളിൽ ആപ്രദേശത്തെ പല ശ്രേണിയിൽപെട്ടമണ്ണിനങ്ങളെ കണ്ടെത്തി ആലേഖനം ചെയ്യുന്നു. അവയോടൊപ്പം ആ ശ്രേണിയിൽപെട്ടമണ്ണിന്റെ രചന, ആഴം, ചരിവ്, മണ്ണൊലിപ്പിന്റെ തോത് എന്നിവയും ആലേഖനം ചെയ്യുന്നു. അതാത് സ്ഥലത്തു നിന്ന് ശേഖരിക്കുന്ന മണ്ണിൽ നിന്ന് അവയുടെ ഫലഭൂയിഷ്ഠിയുടെ തോത്, അടങ്ങിയിരിക്കുന്ന മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ എന്നിവ മനസ്സിലാക്കാനും ആ വിവരങ്ങൾ ഒരു ഭൂപടത്തിലൂടെ ആലേഖനം ചെയ്യാനും സാധിക്കും. ആവശ്യാനുസരണം പഞ്ചായത്തുകൾ, തണ്ണീർത്തടങ്ങൾ, ജില്ല എന്നീ വിഭാഗങ്ങളുടെ ഭൂപടനിർമ്മാണം ഇതുവഴി സാധിക്കും.

കൈകൾ ഉപയോഗിച്ച് മേശമേൽ പേപ്പർ ഉപയോഗിച്ച് വരയ്ക്കുന്ന രീതിയിൽ നിന്നും ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്ക് ഭൂപടനിർമ്മാണം മാറിയിരിക്കുന്നു. ബലൂണുകൾ, വിമാനങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവയിൽ കൂടി ക്യാമറയോ മറ്റു സെൻസറിന്റെയോ സഹായത്തോടെ ഭൂതലത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നു. ആദ്യകാലങ്ങളിൽ യുദ്ധ ആവശ്യങ്ങൾക്ക് ആണ് കൂടുതലായി ഈ ചിത്രങ്ങൾ ഉപയോഗിച്ചിരുന്നത്. ഇപ്പോൾ വിഷയാധിഷ്ഠിത പഠനങ്ങൾക്ക് ഇത്തരം ചിത്രങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു.

ഭൂപടങ്ങൾ, പട്ടികകൾ, മറ്റു സർവ്വേമാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങൾ അടിസ്ഥാനവിവരങ്ങളാക്കി ഉപയോഗിക്കുന്നു. ഇത്തരം വിവരങ്ങൾ സോഫ്റ്റ് വെയറുകളുടെ സഹായത്താൽ വിശകലനങ്ങൾക്ക് വിധേയമാക്കാൻ കഴിയുന്നു. അതുവഴി വിവിധവിഷയങ്ങളിൽ (ഉദാഹരണത്തിന് മണ്ണിനെ സംബന്ധിച്ച വിവരങ്ങൾ) സാംഖിക (digital) രൂപത്തിൽ സൂക്ഷിക്കാനും, വിശകലനം ചെയ്യാനും അനുമാനത്തിൽ എത്തിച്ചേരാൻ സാധിക്കും. ഇത് ഭാവിയിലേക്കുള്ള പ്രശ്നപരിഹാരത്തിനുള്ള വഴി തുറന്നു തരുന്നു. മാത്രമല്ല കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങളെ സമന്വയിപ്പിക്കാനും താരതമ്യപഠനത്തിനും ഉതകുന്നു. ഉദാഹരണത്തിന് 50 വർഷത്തിനിടയിലുള്ള നെൽവയൽ നികത്തലിന്റെ തോത് മനസ്സിലാക്കാൻ ഇത്തരം പഠനങ്ങൾ സഹായിക്കും. ഇങ്ങിനെ കമ്പ്യൂട്ടറധിഷ്ഠിത വിവരസഞ്ചയ വ്യവസ്ഥയെ ഭൂവിവര വ്യവസ്ഥ (Geographical Information System-GLS) എന്നു പറയുന്നു.

ഭൂവിവര വ്യവസ്ഥയിൽ ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഉപയോഗിച്ച് ഭാവി പ്രതിഭാസങ്ങളുടെയും പ്രക്രിയകളുടെയും ദൃശ്യമാതൃകകൾ സൃഷ്ടിക്കാനും വിവരങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും കൂട്ടിച്ചേർക്കുന്നതിനും സാധിക്കും.

ഭൗമോപരിതലത്തിൽ വസ്തുക്കളുടെ സ്ഥാനം കണ്ടുപിടിക്കാനുപയോഗിക്കുന്ന ഉപകരണമാണ് ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം (GPS). കമ്പ്യൂട്ടർ അധിഷ്ഠിത ഭൂപട നിർമ്മാണത്തിൽ ഈ ഉപകരണത്തിൽ നിന്നും ലഭിക്കുന്ന അക്ഷാംശം, രേഖാംശം, ഉയരം എന്നീ വിവരങ്ങൾ നിർണ്ണായകമാണ്.

ഇത്തരം വിവരങ്ങൾ ഒരു ഭൂപട മാതൃകയിൽ നിന്നും അത് ഉപയോഗിക്കുന്ന ആളിന് (user) ലഭിക്കുന്നു. ഉദാഹരണത്തിന് ഒരു കർഷകന് വീട്ടിലിരുന്നോ മൊബൈൽ വഴിയോ സ്വന്തം കൃഷിയിടത്തിന്റെ ഭൂപടം കാണാനും, മണ്ണിന്റെ ഗുണനിലവാരം മനസ്സിലാക്കാനും സാധിക്കുന്നു. ഒരു മൗസ് ക്ലിക്കിൽ സ്വന്തം കൃഷിഭൂമിയുടെ മണ്ണിനെപ്പറ്റി, അവയുടെ ഗുണനിലവാരം, ഫലപുഷ്ടി, ജലസേചന ക്ഷമത, വിസ്തൃതി മുതലായ പലകാര്യങ്ങളും അറിയാൻ കഴിയും.

ഗൂഗിൾ മാപ്പ്, ബിംഗ്മാപ്പ് പോലെ വെബ്സൈറ്റ് വഴിയുള്ള ഭൂപടങ്ങളുടെ (webmapping) ഉപയോഗം, ഭൂപടങ്ങളെ വളരെയധികം ജനകീയ മാക്കിയിട്ടുണ്ട്. ഏവർക്കും ആവശ്യമുള്ള പല പല മേഖലകളിലുള്ള വിവരങ്ങൾ ഒരു ദൃശ്യരൂപത്തിൽ ലഭിക്കാനും അവ ഉപയോഗപ്പെടുത്താനും, ഉപയോഗിക്കുന്ന ആളിനു തന്നെ തന്റെതായ കൂട്ടിച്ചേർക്കലുകൾ നടത്താനും കഴിയുന്ന സങ്കേതത്തിലേക്ക് ഭൂപടനിർമ്മാണവും വിവര സാങ്കേതിക വിദ്യയും മാറിക്കഴിഞ്ഞു. ◆

ലേഖിക തിരുവനന്തപുരം മണ്ണ് പര്യവേഷണ-സംരക്ഷണ വകുപ്പിൽ കാർട്ടോഗ്രാഫറാണ്. മൊബൈൽ: 9495512078

കൃഷി ക്ലിനിക്

എം. എ. സുധീർ ബാബു പട്ടാമ്പി
കൃഷി-മണ്ണു പര്യവേക്ഷണ വിദഗ്ധൻ

? അനുപമ, സുലഭ, സമൃദ്ധി, ഹൃദ്യ, ശ്രേയ എന്നീ പേരിൽ കേരളകാർഷിക സർവ്വകലാശാലയിൽ നിന്നും പുറത്തിറക്കിയ ഇനങ്ങൾ, ഏത് വിളകളുടെതാണ്. ഇവയുടെ വിത്ത് ലഭിക്കാൻ എവിടെ ബന്ധപ്പെടണം?

= കേരള കാർഷിക സർവ്വകലാശാലയുടെ തൃശൂർ, വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ പച്ചക്കറി വിള ഗവേഷണവിഭാഗം (ഒളരികൾച്ചർ ഡിപ്പാർട്ട്മെന്റ്) പുറത്തിറങ്ങിയ. നന്നായി കായ്പിടിക്കുന്ന, കമ്പുവെട്ടി നട്ടുപിടിപ്പിയ്ക്കാൻ പറ്റിയ മുരിങ്ങയുടെ ഇനമാണ്, 'അനുപമ'. വളരെ നേരത്തെ കായ്ക്കുന്ന അനുപമ, ദീർഘനാൾ വിളവ് തരും. ഇതിന്റെ കമ്പിന് തൃശൂരിലെ ഹോർട്ടിക്കൾച്ചർ കോളേജിലെ ഒളരികൾച്ചർ വിഭാഗത്തിൽ ബന്ധപ്പെടാം. 'സുലഭ' നന്നായി കായ്പിടിക്കുന്ന കോവലിനമാണ്. 'സമൃദ്ധി' മികച്ച വിളവ് തരുന്ന പച്ചമുളകിനമാണ്. ഓണാട്ടുകരയിലെ, നെൽവയലിൽ മൂന്നാമത്തെ വിളയായി 'ഹൃദ്യ' വൻപയറിനം നടാം. അമ്പത്തിയഞ്ച് ദിവസത്തെ വിളദൈർഘ്യമുള്ള 'ഹൃദ്യ'-നാടൻ പയറിനത്തിൽ നിന്നാണ് ഗവേഷകർ വികസിപ്പിച്ചത്. പയറിലെ കായ്തുരപ്പൻ (Fruitborer), തുരുമ്പ് രോഗം (Rust disease) എന്നിവയ്ക്കെതിരെ ഒരു പരിധിയോളം പ്രതിരോധശേഷിയുണ്ട്. 'ഹൃദ്യ' എന്ന പയറിന്റെ കായ്കളുടെ നിറം പച്ചയും, വിത്തിന് വൈക്കോൽ നിറവുമാണുള്ളത്.

'ശ്രേയ' ഒരു വൻപയറിനമാണ്. എൺപത് ദിവസം വിളദൈർഘ്യമുള്ളതിനാൽ ജനുവരിയിൽ ആദ്യമേ നടണം. ഈയിനവും, ഓണാട്ടുകരയിലെ നെൽപ്പാടങ്ങൾക്കിണങ്ങിയതാണ്. ശ്രേയയുടെ, കായ്കൾക്ക് ഇളം, ചെമപ്പ് നിറമാണ്. വിത്തിന്റെ ലഭ്യതയ്ക്ക് കേരള കാർഷിക സർവ്വകലാശാലയിലെ വിൽപ്പന കേന്ദ്രങ്ങളിൽ ബന്ധപ്പെടുക. ചില ഫോൺ നമ്പറുകൾ.

മണ്ണുത്തി - അഗ്രോടെക്നോളജി ഇൻഫർമേഷൻ സെന്റർ 0487 - 2371340.

കാർഷികകോളേജ്-വെള്ളായണി-0471 - 2382439, ഹോർട്ടിക്കൾച്ചർ കോളേജ്, തൃശൂർ- 0487 - 2371652.

മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രം, ആലപ്പുഴ - 0477-2702245.

? 'ഇക്കോഡോൺ,' എന്നറിയപ്പെടുന്ന മരുന്ന് എന്തിനാണുപയോഗിക്കുന്നത്. ഇതിന്റെ ലഭ്യത എവിടെനിന്നറിയാം?

= 'ഇക്കോഡോൺ' (ECOD-ON), ആവണക്കിൽ നിന്നും വികസിപ്പിച്ച മികച്ച ജൈവ വികർഷിണിയാണ്. വന്യമൃഗശല്യം നിമിത്തം വനപ്രദേശത്തിനോട് ചേർന്നുള്ള ഭാഗത്തെ കാർഷിക വിളവ് നശിപ്പിക്കുന്നതു സ്ഥിരമാണ്. കാട്ടുപന്നികൾ, പെരുച്ചാഴി, എലി എന്നിവയെ അകറ്റി നിർത്താൻ ഏറ്റവും നല്ല ജൈവവികർഷിണി (Biorepellent) യാണ് 'ഇക്കോഡോൺ.' ഇത് തരിരൂപത്തിലും ലായനിയായും ലഭ്യമാണ്. കൃഷിയിടത്തിന് ചുറ്റിലും ചാക്കിലോ, തുണിനാരിലോ ഇക്കോഡോൺ ലായനി മുക്കി അതിരിൽ വച്ചാൽ പന്നിശല്യം വരില്ല. 'ഇക്കോഡോൺ'' കൃഷിയിടത്തിന്റെ അതിരിൽ മണ്ണിൽ ഒഴിച്ചാലും മണം നിമിത്തം പന്നി, പെരുച്ചാഴി ശല്യം ഒഴിവാക്കാം. കർഷകർക്ക് ഇക്കോഡോൺ ആവശ്യമുണ്ടെങ്കിൽ, വിളിക്കേണ്ട ചില നമ്പരുകൾ ഇവയാണ്.

സജീവ്- 9544300925, 9946105331.

ബിജുബാലൻ - 9072 844855, 9745034129

ആവണക്കിൽ നിന്നുതിരിച്ചെടുത്ത ഉൽപ്പന്നമാണ് 'ഇക്കോഡോൺ.' മലയോരപ്രദേശങ്ങളിലെ തോട്ടങ്ങൾക്ക് രക്ഷകനായി മാറിയിരിക്കുകയാണ് 'ഇക്കോഡോൺ.'

? പുളിവെണ്ടയിൽ നല്ല വിത്തിനങ്ങൾ ഏതെല്ലാമാണ്. ഇതിൽ നാടൻ ഇനങ്ങൾ എവിടെനിന്ന് ലഭിക്കും. വിത്തുലഭിക്കാൻ എവിടെയാണ് വിളിക്കേണ്ടത്?

= പുളിവെണ്ടയിൽ നാടൻ ഇനങ്ങൾ മാത്രമേ പ്രചാരത്തിലുള്ളൂ. പട്ടാമ്പിയ്ക്കടുത്ത് മണ്ണേങ്ങോട് ഭാഗങ്ങളിൽ നല്ല ചെമന്ന പുളിവെണ്ടയിനമായിട്ടുള്ള ഒരു നാടൻ ഇനം പ്രചാരത്തിലുണ്ട്. ഇതേമാതിരി, ചേലക്കര ഭാഗങ്ങളിലും, പാലക്കാട്, മലപ്പുറം, തിരുവനന്തപുരം ഭാഗങ്ങളിലെല്ലാം നാടൻ ഇനങ്ങൾ കാണപ്പെടുന്നുണ്ട്. 'മണ്ണേങ്ങോട് ലോക്കൽ' എന്ന് പേരുവിളിക്കാവുന്ന ഈ നാടൻ ഇനത്തിന്റെ വിത്തിനായി വിളിക്കാവുന്ന നമ്പർ 8086861023, 9946105331.

പുളിവെണ്ടയുടെ ഉപയോഗം ക്യാൻസർ ചെറുക്കാൻ വളരെനല്ലതാണ്. അടുക്കളത്തോട്ടത്തിൽ വേലിയായി നടാൻ നല്ലതാണിത്. ഇംഗ്ലീഷിൽ 'റോസല്ലീ' എന്നറിയപ്പെടുന്ന പുളിവെണ്ടയെ സസ്യശാസ്ത്രത്തിൽ പറയുന്നത് 'ഹിബിസ്ക്കസ് സാബ് ഡരിഫ്'എന്നാണ്. ◆

ചന്ദ്രമോഹനൻ നായർ

പഞ്ചായത്ത് കോടതി

കോടതികളിൽ അര നൂറ്റാണ്ടിലേറെ പഴക്കമുള്ളതായ പല കേസുകളും ഇന്നും തീർപ്പാക്കാനാവാതെ കിടക്കുന്നുവെന്നും അടുത്ത കാലത്തായി വിവിധ കോടതികളിലായി ലക്ഷക്കണക്കിന് കേസുകൾ വന്ന് പെരുകിക്കൊണ്ടിരിക്കുന്നതായും പത്രപംക്തികളിൽ നമുക്ക് സ്ഥിരമായി കാണാവുന്ന വാർത്തയാണ്. ഇത് പരിഹരിക്കുന്നതിന് എന്ത് മാർഗ്ഗമെന്ന് വളരെക്കാലമായി പത്രപ്രവർത്തകരും രാഷ്ട്രീയാചാര്യന്മാരും സാമൂഹ്യപ്രവർത്തകരും നീതിന്യായമേഖലയിലെ പ്രമുഖരും ചിന്തിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി എന്നതാണ് വസ്തുത. പക്ഷേ ഫലം കേസുകളുടെ എണ്ണം പല മടങ്ങായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ് കാണാൻ കഴിയുന്നത്. ഏത് കേസ് ആദ്യം എടുക്കുമെന്നും എന്ന് തീർപ്പാക്കാൻ കഴിയുമെന്നും ഒരു തീരുമാനത്തിലെത്താൻ കഴിയാത്ത അവസ്ഥയിലാണ് നീതിന്യായലോകം. ഏത് കോടതിയുടെ കാര്യമെടുത്താലും ഇതുതന്നെയാണ് അവസ്ഥ ഇതിന് ഒരു പരിഹാരമില്ലേ എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

മുഖത്തോട്മുഖം നോക്കിയാൽ, ഫോൺ വിളിച്ചാൽ, വസ്തു കൈയേറ്റം നടന്നെന്ന് സംശയം ഉണ്ടായാൽ, സർവ്വീസിലുള്ളവരുടെ പ്രശ്നങ്ങൾ, കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ചെന്ന് തോന്നിയാൽ, ചുമത്തിയ നികുതി കൂടിയതായി തോന്നിയാൽ എന്നുവേണ്ട ഏത് കാര്യത്തിനും നേരെ ഓടുന്നത് വക്കീലിന്റെ അടുത്തേക്കാണ്. വക്കീൽ ഫാറം (വക്കാലത്ത്) ഒപ്പിട്ട് നൽകിയാൽ സമാധാനമായി. ഇനി എല്ലാം വക്കീൽ നോക്കിക്കൊള്ളും എന്നതാണ് ഓരോരുത്തരുടേയും ചിന്താഗതി. കോടതിയിൽ ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് എന്താണെന്ന് ഇങ്ങനെ ഓടുന്നവർ ചിന്തിക്കുന്നില്ല. ഭൂരിപക്ഷം കോടതികളിലും വിശ്രമമില്ലാത്ത പ്രവർത്തനങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. കേസ് വാദം വച്ചു കഴിഞ്ഞാൽ ഇരുഭാഗത്തുമുള്ള അഡ്വക്കേറ്റുമാർ അവരവരുടെ കക്ഷികൾ ജയിക്കുന്നതിനുവേണ്ടിയുള്ള വാദങ്ങൾ നിരത്തുകയും ചിലപ്പോൾ നീതി വഴിമാറിപോകുവാനിടവരുകയും ചെയ്യുന്നത് ദൗർഭാഗ്യകരമായ കാഴ്ചയാകാറുണ്ട്. ബഹുമാനപ്പെട്ട കോടതികൾക്ക് ഒന്നും ചെയ്യാനാകാതെ നിൽക്കാനേ കഴിയുന്നുള്ളൂ. അത്തരം സാഹചര്യമുണ്ടായാൽ അത് നമ്മുടെ ബഹുമാ

നപ്പെട്ട കോടതികളുടെ വൈകല്യമായെങ്ങനെ കരുതാനാവും.

ഈ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടായേ മതിയാകൂ. എന്തിനും ഏതിനും കോടതിയെ ശരണം പ്രാപിക്കുന്ന അവസ്ഥ മാറ്റേണ്ടതാണ്, മാറിയേ മതിയാകൂ അതിന്റെ തുടക്കമായി എല്ലാ കേസുകളും കോടതിയിൽ എത്തേണ്ടതുണ്ടോ എന്ന് കണ്ടെത്തേണ്ടതുണ്ട്. പരിശോധനയിൽ കോടതിയിൽ എത്തേണ്ടതല്ലാത്തതാണെങ്കിൽ ബഹുമാനപ്പെട്ട കോടതികളുടെ വിലയേറിയ സമയം എന്തിന് അത്തരം കേസുകൾക്കായി ദുർവിനിയോഗം ചെയ്യണം. എന്നാൽ ചില കേസുകൾ കോടതിയിൽ എത്തിയേ പരിഹരിക്കാനാകുകയുള്ളൂ. അത്തരം കേസുകൾ കോടതി മുൻപാകെ എത്തുകതന്നെ വേണ്ടതുമാണ്.

സാമൂഹിക പെൻഷനുകൾ, തൊഴിൽ രഹിതവേതനം, വൈദ്യുതി, റേഷൻകാർഡ്, പാസ്പോർട്ട് മുതലായവ ലഭിക്കണമെങ്കിൽ ഗ്രാമ പഞ്ചായത്തിന്റെ സേവനം ആവശ്യമാണെങ്കിൽ എന്തിനേറെപ്പറയുന്നു കക്കൂസ് മുതൽ മണിമാളികകൾ വരെ നിർമ്മിക്കണമെങ്കിൽ പഞ്ചായത്തിന്റെ അനുമതി വേണമെന്നിരിക്കെ സാധാരണ ജനങ്ങളെ നിലയ്ക്കു നിർത്താനും ബാദ്ധ്യതയില്ലേ എന്നാണ് പണ്ഡിതശ്രേഷ്ഠർ ചോദിക്കുന്നത്. ശരിയാണുതാനും. എങ്കിൽ മാത്രമേ സാധാരണജനങ്ങൾ ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുകയുള്ളൂ. അങ്ങനെയായാൽ എല്ലാ മേഖലയിലും ഒരു പുത്തൻ ഉണർവുണ്ടാകുമെന്നതിൽ രണ്ടഭിപ്രായമുണ്ടാകുകയില്ല. സാമ്പത്തികവും സാമൂഹികവുമായ അധികാരങ്ങൾ താഴേത്തട്ടിലേയ്ക്ക് വിന്യസിച്ചു നൽകിയതുപോലെ നീതിന്യായമേഖലയിലും ഇത്തരത്തിലുള്ള വിന്യാസം ഉണ്ടായേ മതിയാകുകയുള്ളൂ. ഈ വിഷയം കൂടി ഗ്രാമ പഞ്ചായത്തുകളുടെ അധികാരപരിധിയിൽ വന്നാൽ എങ്ങനെയിരിക്കും എന്ന് എല്ലാ വിഭാഗത്തിൽപ്പെട്ടവരും വിശദമായി ചർച്ചയ്ക്കെടുത്തിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് എടുക്കുന്ന തീരുമാനങ്ങൾക്ക് അപ്പീൽ ആയി മാത്രമേ കോടതിയെ സമീപിക്കാൻ കഴിയുകയുള്ളൂവെന്ന അവസ്ഥ വന്നുചേർന്നാൽ കോടതിയിൽ ചെയ്യുന്ന കേസുകളുടെ എണ്ണം ഇപ്പോഴുള്ളതിന്റെ പകുതിയേക്കാൾ കുറവുണ്ടാകും. മാത്രമല്ല കോടതികളുടെ പ്രവർത്തനം കുറച്ചു കൂടി മെച്ചമാകുകയും ചെയ്യും.

സാമൂഹിക പെൻഷനുകൾ, തൊഴിൽ രഹിതവേതനം, വൈദ്യുതി, റേഷൻകാർഡ്, പാസ്പോർട്ട് മുതലായവ ലഭിക്കണമെങ്കിൽ ഗ്രാമ പഞ്ചായത്തിന്റെ സേവനം ആവശ്യമാണെങ്കിൽ എന്തിനേറെപ്പറയുന്നു കക്കൂസ് മുതൽ മണിമാളികകൾ വരെ നിർമ്മിക്കണമെങ്കിൽ പഞ്ചായത്തിന്റെ അനുമതി വേണമെന്നിരിക്കെ സാധാരണ ജനങ്ങളെ നിലയ്ക്കു നിർത്താനും ബാദ്ധ്യതയില്ലേ എന്നാണ് പണ്ഡിതശ്രേഷ്ഠർ ചോദിക്കുന്നത്. ശരിയാണുതാനും. എങ്കിൽ മാത്രമേ സാധാരണജനങ്ങൾ ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുകയുള്ളൂ.

ഇങ്ങനെയൊരു ശ്രമം നടത്തിയാൽ അത് പാഴായി പോകില്ലയെന്നാണ് 1988-ൽ ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമ പഞ്ചായത്ത് തെളിയിച്ചത് ഇന്നും നമുക്ക് പ്രചോദനം നൽകുന്ന കാര്യമാണ്. ചെറിയനാട് ഗ്രാമപഞ്ചായത്തിൽ ഗ്രാമവാസികളായ പൗരജനങ്ങൾ തമ്മിലുള്ള തർക്കങ്ങളും എതിർപ്പുകളും പരിഹരിക്കുന്നതിനു വേണ്ടി ഗ്രാമ 'പഞ്ചായത്ത് കോടതിയ്ക്ക്' രൂപം നൽകുകയും നല്ല രീതിയിൽ ഗ്രാമ പഞ്ചായത്ത് കോടതി അവിടെ പ്രവർത്തിച്ചിരുന്നതും ആ ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന മികവുതന്നെയാണ്. അന്ന് പഞ്ചായത്ത് പ്രസിഡന്റ് വി. കെ. വാസുദേവന് വ്യവഹാര നിയന്ത്രിത പഞ്ചായത്തിനുള്ള സർട്ടിഫിക്കറ്റ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ സമ്മാനിച്ചത് ഏവർക്കും എന്നും ഓർമ്മിക്കാനും അതനുസ്സരിച്ച് പ്രവർത്തിക്കാനും പ്രചോദനം നൽകുന്ന ഒന്നു തന്നെയാണ്.

ചെറിയനാട് ഗ്രാമ പഞ്ചായത്തിനെ 100% നിയമ സാക്ഷരതാ പഞ്ചായത്തായി നമ്മുടെ അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ പ്രതിപക്ഷനേതാവുമായ വി.എസ്. അച്യുതാനന്ദൻ പ്രഖ്യാപിക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങളെല്ലാം ആ ഗ്രാമ പഞ്ചായത്തിലുണ്ടായിട്ടും ആരും ഇതിന് കൂടുതൽ ശ്രദ്ധ നൽകാതെ പോയത് നമ്മുടെ രാഷ്ട്രീയ ചിന്തകർ അവരവരിലേയ്ക്ക് തന്നെ പിൻവലിഞ്ഞതുകൊണ്ട് മാത്രമാണെന്ന് ആർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. എന്നാൽ സാമൂഹിക വിദ്യാഭ്യാസ പണ്ഡിതന്മാരെങ്കിലും ഈ 'ഗ്രാമ പഞ്ചായത്ത് കോടതി' എന്ന ആശയം ഊന്നൽ നൽകി ആയത് ഒരു പ്രവർത്തന മേഖലയായി എല്ലാ ഗ്രാമപഞ്ചായത്തിലും കൊണ്ടുവന്നാൽ ഇത് സമൂഹത്തിന് ഒട്ടാകെ വൻ നേട്ടമായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

എല്ലാ ഗ്രാമ പഞ്ചായത്തിലും ചെറിയനാട് ഗ്രാമപഞ്ചായത്തിൽ നിലനിന്നിരുന്ന തരത്തിലുള്ള അർപ്പണമനോഭാവമുള്ള ഒരു ഗ്രാമ പഞ്ചായത്ത് സമിതിയും അതേചിന്താഗതിയുള്ള ഗ്രാമ പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനും കൂടിയായാൽ ആ 'ഗ്രാമ പഞ്ചായത്ത് കോടതി' നല്ല രീതിയിൽ പ്രവർത്തിക്കാനും അതുവഴി ഇന്ന് നമുക്ക് ബഹുമാനപ്പെട്ട കോടതികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അധിക ജോലിഭാരം ഒഴിവാക്കാനും അർഹിക്കുന്ന തരത്തിലുള്ള നീതി യഥാസമയം ലഭിക്കാനും സാധിക്കും. ഒരു ജോലിയും നേടാനാകാതെ ഒരു ന്യൂനപക്ഷമാളുകൾ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ കാരണം സമൂഹത്തെയാകെ വിഷമഘട്ടത്തിൽ എത്തിക്കുന്ന ഈ സ്ഥിതിവിശേഷം 'പഞ്ചായത്ത് കോടതികൾ' രൂപീകൃതമാകുന്നതോടെ ഒഴിവാക്കാൻ കഴിയുമെന്നതാണ് നേട്ടം. തൊഴിലുറപ്പു പദ്ധതി പോലെ നിയമം മൂലം പഞ്ചായത്ത് കോടതികൾ നിലവിൽ വരുന്നതോടെ ആർക്കും

തടയാനോ നിഷേധിക്കാനോ കഴിയില്ല.

ചെറിയനാട് ഗ്രാമ പഞ്ചായത്തിൽ ഈ 'പഞ്ചായത്ത് കോടതി' എന്ന മേന്മയേറിയ ആശയം നടപ്പിലാക്കിയ സമയത്താണ് ഈ ലേഖകൻ സർക്കാർ സേവനത്തിൽ പ്രവേശിക്കുന്നത്. അന്നത്തെ 'പഞ്ചായത്ത് കോടതിയുടെ' ഘടനയിലേയ്ക്ക് ഓർമ്മയിൽ നിന്നൊരു എത്തിനോട്ടം നടത്തുന്നത് എന്തുകൊണ്ടും നന്നായിരിക്കുമെന്നു കരുതുന്നു. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, ഏതു വാർഡിലെ കേസാണോ പരിഗണിക്കുന്നത് ആ വാർഡിലെ മെമ്പർ, പുറമേ നിന്നുള്ള സാമൂഹ്യ പ്രവർത്തകരായ 5 പേർ, കൂടാതെ അർപ്പണമനോഭാവമുള്ള ഒരു ഉദ്യോഗസ്ഥൻ (ഏതു കാറ്റഗറിയിൽപ്പെട്ടവരും ആവാം). ആ ഉദ്യോഗസ്ഥന് ആഫീസ് ഉത്തരവ് മൂലം മറ്റ് ജോലികൾ പോലെ ഡ്യൂട്ടി നിശ്ചയിച്ച് നൽകണം. പരാതി രജിസ്റ്ററും മിനിട്സ് ബുക്കും വാദികളേയും പ്രതികളേയും വിളിച്ചു വരുത്തുന്നതിനുള്ള ഫാറങ്ങളും മറ്റും ഉണ്ടാവേണ്ടതുമാണ്. സാമൂഹ്യനീതി വകുപ്പിലെ പഞ്ചായത്തിന് വിട്ട് നൽകിയിട്ടുള്ള സൂപ്പർ വൈസറെ കൺവീനറായി നിശ്ചയിക്കാവുന്നതാണ്. അതോടൊപ്പം പോലീസ് സ്റ്റേഷനിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം നൽകി ഒരു പോലീസ് ഉദ്യോഗസ്ഥനെ വാദം വച്ചിരിക്കുന്ന ദിവസം ഡ്യൂട്ടിയിൽ വാങ്ങാവുന്നതുമാകാം. അത് യോഗത്തിന്റെ ഘടനയ്ക്ക് നല്ല പരിവേഷവും പരിരക്ഷയും നൽകുന്നതുമായിരിക്കും, ചിട്ടയോടെ കൊണ്ടുപോകാനുമാകും.

ഇപ്പോൾ മിക്കവാറും എല്ലാ പഞ്ചായത്തുകളിലും ഒരു ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിൽ മാസത്തിലൊരിക്കലെങ്കിലും കേസുകൾ കേൾക്കുന്ന സംവിധാനം നടന്നുവരുന്നുണ്ട്. എന്നാൽ അത് വളരെ കുറച്ച് കേസുകൾ മാത്രമേ പരിഗണിക്കാനാവുകയുള്ളൂ. മറ്റ് ചില ബുദ്ധിമുട്ടുകൾ കൂടി ഇവിടെ ഉണ്ടാകുന്നുണ്ട് എന്നത് വിസ്മരിക്കാനാവുകയില്ല. അതിനാൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോടതി ഒരു അപ്പീൽ കോടതിയായി പ്രവർത്തിപ്പിക്കാൻ 'പഞ്ചായത്ത് കോടതി' അനിവാര്യമാണ്. എല്ലാ വാർഡുകളിലും പരാതികൾ ഉണ്ടാവാൻ ഇടയുള്ളതിനാൽ എല്ലാ പഞ്ചായത്ത് മെമ്പർമാരും 'പഞ്ചായത്ത് കോടതി' കളിൽ അംഗങ്ങളായിരിക്കും. അതാതു വാർഡുകളിലെ മെമ്പർമാർ 'പഞ്ചായത്ത് കോടതി'യുടെ വാദം നടക്കുന്ന വേദിയിൽ ഹാജർ നിർബന്ധമായും ഉറപ്പാക്കിയാൽ മാത്രമേ പഞ്ചായത്ത് കോടതി നല്ല രീതിയിൽ നടത്താനാവുകയുള്ളൂ.

വർഷങ്ങളോളമായി കെട്ടിക്കിടക്കുന്ന കേസുകളും പുതുതായി ഉണ്ടാകുന്ന കേസുകളും ഒരു മേശയ്ക്കു ചുറ്റുമായി ജനപ്രതിനിധികളും കേസുകളിൽപ്പെടുന്ന ഇരുവിഭാഗത്തിൽപ്പെടുന്നവരും കൂടി ഇരുന്ന് സംസാരിച്ച് തീർക്കാൻ കഴിയുമെങ്കിൽ ഇതല്ലേ അഭികാമ്യം. ഈ പഞ്ചായത്ത് കോടതിയിൽ ഒരു വിധത്തിലും തീർക്കാൻ കഴിയാത്ത പരാതിയെ ജില്ലാ ജഡ്ജിയുടെ നിയന്ത്രണത്തിൽ ഉള്ള കോടതിയിൽ അപ്പീൽ ആയി പോകാനും അവിടേയും പരിഹാരമാകുന്നില്ലങ്കിൽ മാത്രം മറ്റു കോടതികളിലേയ്ക്ക് പോകാനുമേ കഴിയുന്നുള്ളുവെങ്കിൽ കോടതികളിൽ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി എന്ന് പറയാനാകുകയുള്ളൂ. ഇത്തരം പ്രവർത്തിയിൽ ഊന്നിക്കൊണ്ടുള്ളതായതിനാലാണ് ചെറിയനാട് ഗ്രാമ പഞ്ചായത്തിനെ നമ്മുടെ പരമോന്നത നീതിപീഠത്തിലെ ചീഫ് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ

വ്യവഹാര നിയന്ത്രിത പഞ്ചായത്തിനുള്ള സർട്ടിഫിക്കറ്റ് നൽകുവാൻ ഇടയായത്.

ചെറിയനാട് ഗ്രാമ പഞ്ചായത്തിൽ ലീഗൽ എയിഡ് ക്ലിനിക് പ്രവർത്തനം ആരംഭിക്കുകയും എല്ലാ ശനിയാഴ്ചയും ചെങ്ങന്നൂർ ബാറിലെ ഒരു അഭിഭാഷകൻ ക്ലിനിക്കിൽ എത്തുകയും പൊതുജനങ്ങൾക്ക് ആവശ്യമായ നിയമോപദേശം നൽകുകയും ചെയ്തിരുന്നു. നിയമ പാഠപുസ്തകങ്ങൾ വിതരണം ചെയ്തും ബോധവൽക്കരണ ക്ലാസുകൾ നടത്തിയും പഞ്ചായത്ത് കോടതിയുടെ പ്രവർത്തനത്തെ ഉത്തേജിപ്പിച്ചിരുന്നു. അതിനാലാണ് ചെറിയനാട് ഗ്രാമപഞ്ചായത്തിനെ 100% നിയമ സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിച്ചത്.

ഇത്തരം ഗ്രാമ 'പഞ്ചായത്ത് കോടതികൾ'ക്ക് വമ്പിച്ച ജനപിൻതുണ ഉണ്ടെങ്കിൽ മാത്രമേ ചെറിയനാട് ഗ്രാമ പഞ്ചായത്തിലെ വിജയം മറ്റ് പഞ്ചായത്തുകളിലും നേടുവാൻ കഴിയൂ. സേവനതല്പരരായ ജനപ്രതിനിധികൾ രംഗത്തിറങ്ങിയാലേ അവരുടെ അഭിപ്രായങ്ങൾ ജനങ്ങൾ മുഖവിലയ്ക്കെടുക്കുകയും അതുവഴി ഈ സംരംഭം വിജയത്തിലെത്തിക്കുവാനും കഴിയുകയുള്ളൂ. എന്ന കാര്യം വളരെ ശ്രദ്ധയോടെ കണക്കിലെടുക്കേണ്ടതുണ്ട്. ജനപ്രതിനിധികൾ അവരുടെ വാർഡുകളിൽ നിറഞ്ഞുനിന്ന് പ്രവർത്തിച്ചെങ്കിലേ ജനങ്ങൾ അവരെ വിശ്വാസത്തിലെടുക്കുകയുള്ളൂ എന്ന കാര്യം കൂടി നമ്മൾ ഓർക്കേണ്ടതുണ്ട്. സ്വാർത്ഥതയും സ്വജനപക്ഷപാതവും കാട്ടുകയില്ലെന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ കയറിയിട്ട് വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ജനങ്ങൾ വിശ്വാസത്തിലെടുക്കുകയോ അവരുടെ അഭിപ്രായങ്ങൾ മാനിക്കുകയോ ചെയ്യാനിടയില്ല. സത്യപ്രതിജ്ഞാലംഘനം നടത്തിയതായി കരുതുന്ന അവസ്ഥ സംജാതമായാൽ ജനപ്രതിനിധികളെ അനുസരിക്കുകയില്ലെന്നു മാത്രമല്ല പ്രതിഷേധപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുമെന്നതിൽ രണ്ടഭിപ്രായമില്ല. സേവന തല്പരരായ ജനപ്രതിനിധികൾ എവിടെ ഇത്തരം മേഖലയിൽ ഇറങ്ങുന്നുവോ അവിടെ ആളുകൾ കോടതി കയറാതെ ജീവിക്കുന്നത് നമുക്ക് കാണുവാൻ കഴിയും.

ഞാൻ ജോലി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ മേൽപ്പറഞ്ഞ തരത്തിൽ അർപ്പണമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നതായിട്ട് മനസ്സിലാക്കാൻ കഴിയും. തിരുവനന്തപുരം ജില്ലയിൽ ഐ. എസ്സ്. ഒ. സർട്ടിഫിക്കേഷൻ ലഭ്യമായ രണ്ടാമത്തെ പഞ്ചായത്താണ് മുദാക്കൽ ഗ്രാമപഞ്ചായത്ത്. ഇവിടെ പൊതുജനങ്ങൾക്ക് സേവനം നൽകുന്ന കാര്യത്തിൽ ആരെക്കാളും മുന്നിൽതന്നെയാണ് എന്ന് ധൈര്യത്തോടെ പറയാൻ കഴിയും. ഫ്രണ്ട് ആഫീസിൽ അവർക്കാവശ്യമായ സേവനത്തിനായി കാത്തുകെട്ടി കിടക്കേണ്ട കാര്യമില്ല. ടോക്കൺ എടുത്ത ശേഷം ടി.വി. വാർത്തകൾ കണ്ടിരിക്കാവുന്നതും ടോക്കൺ നമ്പർ അനൗൺസ് ചെയ്യുമ്പോൾ ഹാജരായി അപേക്ഷ നൽകി രസീത് വാങ്ങി വീട്ടിലേയ്ക്ക് പോകാവുന്നതും രസീതിൽ കാണിച്ചിരിക്കുന്ന സമയത്ത് ഫ്രണ്ട് ആഫീസിൽ ഹാജരായി സേവനം കൈപ്പറ്റാവുന്നതുമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ എന്തുകൊണ്ട് കുറ്റകൃത്യങ്ങൾ ചെയ്യുന്ന ജനവിഭാഗത്തെ നിയന്ത്രിച്ചുകൂടാ എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല എന്നാണ് എന്റെ മതം. പഞ്ചായത്ത് കോടതി എന്ന ജനങ്ങൾക്ക് ഗുണോപകാരമായ പ്രവർത്തി ആരംഭിക്കുന്നത് എന്തു കൊണ്ടും ശുഭകരം തന്നെയായിരിക്കും. ◆

(ലേഖകൻ മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയാണ്)

പ്രവാകർ സാഹു

പതിനാലാം ധനകാര്യ കമ്മിഷൻ ശുപാർശകൾ

സ്വാതന്ത്ര്യത്തിനും മുമ്പ് ബ്രിട്ടീഷ് ഭരണാധികാരികൾ എഴുതിയുണ്ടാക്കിയ 1935 ലെ ഇന്ത്യാ ഗവൺമെന്റ് നിയമത്തിൽ കേന്ദ്രവിഷയങ്ങൾ, സംസ്ഥാന വിഷയങ്ങൾ, കേന്ദ്ര-സംസ്ഥാന വിഷയങ്ങൾ എന്നിവ വളരെ വ്യക്തമായി വ്യവഛേദിച്ചതു വഴിയാണ് ഇന്ത്യയിലെ ധനവിനിയോഗ ഫെഡറൽ സംവിധാനം രൂപീകൃതമായത്. ഈ നിയമം പിന്നീട് വിവിധ ഭരണഘടനാ ഭേദഗതികളിലൂടെ പല പ്രാവശ്യം മാറ്റങ്ങൾക്കു വിധേയമായി. ധനവിനിയോഗ അസമത്വങ്ങൾ കുറയ്ക്കാനും, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതു സേവന സംവിധാനങ്ങൾ രാജ്യത്ത് നികുതിയുടെ അടിസ്ഥാനത്തിൽ എല്ലാവർക്കും തുല്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാനും ആയിരുന്നു ഈ മാറ്റങ്ങൾ. ഒട്ടുമിക്ക ഫെഡറേഷനുകളിലും സുസ്ഥിരത പോലുള്ള ലക്ഷ്യങ്ങൾ നേടാൻ വിഭവങ്ങൾ കേന്ദ്ര ഗവൺമെന്റുകളെ സഹായിക്കുമ്പോൾ ഇന്ത്യൻ ഫെഡറലിസത്തിൽ ലംബവും തിരശ്ചീനവുമായ ധനവിനിയോഗ അസമത്വങ്ങളും വിഭവങ്ങളുടെയും വിനിയോഗത്തിന്റെയും പൊരുത്തമില്ലായ്മയുമാണ് ഗവൺമെന്റിന്റെ വിവിധ തലങ്ങളിൽ നിലനിൽക്കുന്നത്. ധനവിനിയോഗത്തിലെ ലംബ അസമത്വങ്ങളും ഉപ ദേശീയ ഗവൺമെന്റുകൾക്കിടയിലുള്ള പൊതു സേവന സംബന്ധിയായ പ്രാദേശിക അസന്തുലിതാവസ്ഥകളും ലഘൂകരിക്കുന്നതിന് കേന്ദ്ര ധനകാര്യ കമ്മിഷൻ, ആസൂത്രണ കമ്മിഷൻ, കേന്ദ്ര മന്ത്രാലയങ്ങൾ എന്നിവയിലൂടെയുള്ള സമ്പത്തിന്റെ അന്തർ ഗവൺമെന്റ് കൈമാറ്റങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രശ്നങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. എല്ലാ ധനകാര്യ കമ്മിഷനെയും പോലെ, ശരിയായ മത്സരബുദ്ധിയും സഹകരണവുമുള്ള സംയുക്ത ഭരണ വ്യവസ്ഥിതി സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ 14-ാമതു കമ്മിഷനും ധനവിനിയോഗ ഫെഡറലിസത്തിലെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ പരമാവധി പരിശ്രമിക്കുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനങ്ങളിൽ നിന്നു കേന്ദ്രത്തിലേയ്ക്കുള്ള ധനവിനിയോഗ കൈമാറ്റങ്ങൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. അതെ സമയം ധനകാര്യകമ്മിഷൻ വഴി നിയമപ്രകാരമുള്ള കൈമാറ്റങ്ങളുടെ വിഹിതം കുറഞ്ഞിട്ടുമുണ്ട്. പക്ഷെ, പദ്ധതികൾക്കുള്ള ധനസഹായം വർധിച്ചു. വളരെ കുറച്ച് വിഷയങ്ങൾ മാത്രമെ കേന്ദ്ര – സംസ്ഥാന ധനകാര്യ ബന്ധത്തിൽ അവശേഷിക്കുന്നുള്ളു; അതായത് കൈമാറ്റത്തിനുള്ള വിവിധ സംവിധാനങ്ങൾ, ധനകാര്യ കമ്മിഷൻ വഴിയുള്ള കൈമാറ്റങ്ങളുടെ പരിമിതമായ പ്രസക്തി, രീതിശാസ്ത്രപരമായ ദൗർബല്യങ്ങൾ, ഇടനികത്തൽ സമീപനം, അസമത്വം ലഘൂകരണം എന്ന പ്രധാന ലക്ഷ്യത്തിൽ നിന്നുള്ള വ്യതിയാനം തുടങ്ങിയവയാണ് അവ.

കേന്ദ്ര സംസ്ഥാന നികുതി നിരക്ക് വർധിപ്പിക്കുക, സാമ്പത്തിക സ്വയംഭരണം നടപ്പാക്കുക, പൊതുമേഖലാ സംരംഭങ്ങളുടെ സേവനം മെച്ചപ്പെടുത്തുക, സംസ്ഥാനങ്ങളിൽ ഗവൺമെന്റ് ഒരു മാനദണ്ഡവുമില്ലാതെ പണം ചെലവഴിക്കുന്ന രീതി മാറ്റുക, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നീ വെല്ലുവിളികൾ ഏറ്റെടുക്കുക തുടങ്ങി 14-ാം ധനകാര്യ കമ്മിഷന്റെ ധനവിനിയോഗ, സാമ്പത്തിക, സാമൂഹിക മേഖലകളിലെ ഉത്തരവാദിത്വങ്ങൾ ഭാരിച്ചതാണ്.

കേന്ദ്ര സംസ്ഥാന സമ്പദ്ഘടന

14-ാം ധനകാര്യ കമ്മിഷൻ പ്രവർത്തനം ആരംഭിച്ചത് 13-ാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ പരിശോധിച്ചുകൊണ്ടായിരുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ അനുഭവപ്പെട്ട മാന്ദ്യം, ആഗോളസാമ്പത്തിക മാന്ദ്യത്തോടുള്ള പ്രതികരണം എന്ന നിലയ്ക്ക് എക്സൈസ് തീരുവയിലെ നിരക്ക് വെട്ടിച്ചുരുക്കൽ എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ നികുതി – ആഭ്യന്തര മൊത്ത ഉത്പാദന നിരക്ക് 2007- 08 ലെ 11.9 ശതമാനത്തിൽ നിന്ന് 2012 -13 ൽ 10.2 ശതമാനമായി കുറയുന്നതിനു കാരണമായി. എന്നാലും നികുതി – ആഭ്യന്തര മൊത്ത ഉത്പാദന നിരക്കിൽ 14-ാം ധനകാര്യ കമ്മിഷൻ വർധനയ്ക്ക് സാധ്യത കാണുന്നു. നികുതി – ആഭ്യന്തര മൊത്ത ഉത്പാദന നിരക്കു കുറഞ്ഞതിനൊപ്പം നികുതി ഇതര വരുമാനം, ഋണേതര മൂലധന വരവ് എന്നിവയിലും കുറവ് അനുഭവപ്പെട്ടു. മൊത്തത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ വരുമാനത്തിൽ വലിയ പുരോഗതിയൊന്നും ഇല്ലായിരുന്നു. കമ്മിഷൻ ശ്രദ്ധിച്ച മറ്റൊരു കാര്യം വരുമാനത്തിലെ വലിയ ഒരു വിഹിതം അതായത് മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ അഞ്ചു ശതമാനം അല്ലെങ്കിൽ കേന്ദ്രത്തിന്റെ മൊത്തത്തിലുള്ള പ്രതിവർഷ നികുതി വരുമാനത്തിലെ 50 ശതമാനം കഴിഞ്ഞ ഒരു ദശകമായി നികുതി ഇളവായി എഴുതി തള്ളുകയായിരു

ന്നു. അതെ സമയം 2013 – 14 ലെ മൊത്തം ചെലവ് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 13.94 ശതമാനം ആണ്. മൊത്തം നികുതി വരുമാനം ആകട്ടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 10.2 ശതമാനവും. ഇവിടെയാണ് കേന്ദ്ര തലത്തിലുള്ള ധനവിനിയോഗ അസന്തുലിതാവസ്ഥ വ്യക്തമാകുന്നത്. ചെലവിന്റെ ക്രമീകരണവും നിശ്ചിത സമയത്തുള്ള മൂലധന വിനിയോഗവും പക്ഷപാതപരമാണ്. ഉദാഹരണത്തിന് 2001 – 02 ൽ മൊത്തം ചെലവിന്റെ നിശ്ചിത ശതമാനമായ മൂലധന വിനിയോഗം 16.79 ശതമാനത്തിൽ നിന്ന് 2013 – 14 ൽ 12 ശതമാനമായി കുറഞ്ഞു. 2004 –05 ലെ അവസ്ഥയിൽ നിന്ന് 2012 –13 ൽ എത്തുമ്പോൾ സംസ്ഥാനങ്ങളുടെ ധനവിനിയോഗ അവസ്ഥ മെച്ചപ്പെട്ടു. അതായത് മൊത്ത ധന വിനിയോഗ കടം, വരുമാനം കടം എന്നിവ കുറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ സംസ്ഥാനങ്ങളുടെ വരുമാനം കഴിഞ്ഞ കുറെ വർഷങ്ങളായി അധികമാണ്. ഇത് നികുതി വരുമാനത്തിലെ വർധന മൂലമാണ്. 2010 –11 മുതൽ വരുമാന വിനിയോഗത്തിൽ ന്യായമായ മിതത്വം പാലിക്കപ്പെടുന്നു. അതിലുമുപരി സംസ്ഥാനങ്ങളുടെ മൂലധന വിനിയോഗം ഒന്നുകിൽ മരവിക്കുകയോ അല്ലെങ്കിൽ അടുത്ത നാളുകളിലായി കുറയുകയോ ചെയ്തിരിക്കുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക അവസ്ഥ ഉയർന്നിട്ടുണ്ട് എങ്കിലും സംസ്ഥാന ഗവൺമെന്റ് തലത്തിൽ ഇപ്പോഴും ധനവിനിയോഗ അസമത്വം ഉണ്ട് എന്നാണ് 14–ാം ധനകാര്യ കമ്മിഷന്റെ നിരീക്ഷണം.

കേന്ദ്ര സംസ്ഥാനങ്ങളുടെ സാമ്പത്തിക അവസ്ഥ പരിശോധിച്ച ശേഷം2015 മുതൽ 2020 വരെ സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും വരുമാനവും വിനിയോഗവും 14–ാം ധനകാര്യ കമ്മിഷൻ എടുത്തു കാണിക്കുന്നു. ധനകാര്യ കമ്മിഷന്റെ കണക്കു കൂട്ടൽ 2015 –16 മുതൽ 2019 –20 വരെ സംസ്ഥാനങ്ങളുടെ വരുമാനം 8.58 ശതമാനവും , വിനിയോഗ ആവശ്യം മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 11.12 ശതമാനവും ആയിരിക്കും.ഇവിടെ 2.7 ശതമാനം നഷ്ടം വരുന്നു. അതിനാൽ കമ്മിഷൻ ഉദ്ദേശിക്കുന്നത് ഈ നഷ്ടം നികുതി വരുമാനത്തിലൂടെ നികത്താം എന്നാണ്.കേന്ദ്ര ഗവൺമെന്റിന്റെ മൊത്ത വരുമാനം 2015 –16 ൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 12.25 ശതമാനം 2019 –20 ൽ 12.92 ശതമാനത്തിലേയ്ക്ക് ഉയരും. മൊത്തം വരുമാനം 2015 –16 ൽ 8.25ശതമാനത്തിൽ നിന്ന് 2019 – 20 ൽ 8.62 ൽ എത്തും.

കേന്ദ്രത്തിൽ നിന്നു സംസ്ഥാനങ്ങളിലേയ്ക്ക് ഗണ്യമായ സാമ്പത്തിക കൈമാറ്റങ്ങൾ ഉണ്ടാകും.ഇത് 60 ശതമാനത്തിൽ നിന്ന് 69 ശതമാനമാകും. ഇതിൽ ഭൂരിഭാഗവും നികുതി ഇനത്തിൽ നിന്നാണ്. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി കേന്ദ്രത്തിൽ നടന്നത് ധനകാര്യ കമ്മിഷനിലൂടെ അല്ലാത്ത സാമ്പത്തിക കൈമാറ്റങ്ങളാണ്. ഉദാഹരണത്തിന് ധനകാര്യ കമ്മിഷനിലൂടെ അല്ലാത്ത സാമ്പത്തിക കൈമാറ്റങ്ങൾ 2007 –08 ൽ 42.6 ശതമാനമായിരുന്നു. ഇത് 2010 –11 ൽ 49.3 ശതമാനമായി വർധിച്ചു. ഇതെല്ലാം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ വഴിയും സംസ്ഥാന ആസൂത്രണത്തിനുള്ള കേന്ദ്ര സഹായം വഴിയുമാണ്.

14–ാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ

14–ാം ധനകാര്യ കമ്മിഷന്റെ മുമ്പാകെ നികുതി, ധനസഹായം തുടങ്ങിയ വിഷയങ്ങളിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. സംസ്ഥാനങ്ങലുടെ പൊതുവായ ആവശ്യം കേന്ദ്രത്തിൽ നിന്നുള്ള സാമ്പത്തിക കൈമാറ്റങ്ങളുടെ വിഹിതം, ആ തുകയുടെ വിതരണം എന്നിവ സംബന്ധിച്ചായിരുന്നു. ഇതിൽ പ്രധാനമായും നികുതി, സെസ്, സർച്ചാർജ്, ടെലികോം, കൽക്കരി പാട ലേലം പോലെയുള്ള നികുതിയിതര വരുമാന മേഖലകളിലെ നികുതി കൈമാറ്റവും, സെസ് ലഘൂകരണവുമാണ്. സംസ്ഥാനങ്ങളുടെ മുഖ്യ വിഭവം കേന്ദ്രത്തിൽ നിന്നുള്ള നികുതി കൈമാറ്റത്തിലൂടെയാവണം. അല്ലാതെ സാമ്പത്തിക സഹായമാകാൻ പാടില്ല. 2009 –10 ൽ നികുതി കൈമാറ്റത്തിലൂടെ ലഭിച്ച വിഹിതം 46.8 ശതമാനമായിരിക്കെ വിവിധ ധനസഹായങ്ങളിലൂടെ 2014 –15 ൽ ലഭിച്ചത് മൊത്തം സാമ്പത്തിക കൈമാറ്റത്തിന്റെ 54 ശതമാനമാണ്. പലതരത്തിലുമുള്ള നിബന്ധനകൾ ഉള്ളതിനാൽ ചില സംസ്ഥാനങ്ങൾക്ക് നേരിട്ടുള്ള ഇത്തരം സാമ്പത്തിക സഹായങ്ങളുടെ ആനുകൂല്യം സ്വീകരിക്കാൻ പോലും സാധിച്ചില്ല. കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾക്കുള്ള ധനസഹായങ്ങളിൽ അവയുടെ നടത്തിപ്പിൽ സംസ്ഥാനങ്ങൾക്കു വളരെ ചെറിയ അഭിപ്രായ സ്വാതന്ത്ര്യമെ ഉള്ളു താനും. ചിലപ്പോൾ ഇത്തരം കേന്ദ്ര പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ പകുതിയിൽ വച്ച് പ്രഖ്യാപിക്കുകയും സംസ്ഥാനങ്ങളുടെ ധനവ്യയ പദ്ധതികളെയും പരിഗണനകളെയും മുഴുവൻ താറുമാറാക്കുകയും ചെയ്യും.

എന്തായാലും സംസ്ഥാനങ്ങളുടെ ഏകദേശം 50– 60 ശതമാനം വരുമാനവും കേന്ദ്രത്തിൽ നിന്നാണെന്നും അതിൽ ഇനിയും വർധനയ്ക്ക് വലിയ സാധ്യത ഇല്ലെന്നും 14–ാം ധനകാര്യ കമ്മിഷൻ തിരിച്ചറിയുന്നു. അതിനാൽ സംസ്ഥാനങ്ങൾ ഇനിയും അധികമായി കേന്ദ്രത്തെ ആശ്രയിക്കാതെ, അവരുടെ സാമ്പത്തിക സ്രോതസുകൾ അവർ സ്വന്തമായി കണ്ടെത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ ധനകാര്യ കമ്മിഷനുകളിൽ നിന്നു വ്യത്യസ്തമായി ഈ കമ്മിഷൻ പൊതു സംസ്ഥാനങ്ങളെന്നും പ്രത്യേക പദവിയുള്ള സംസ്ഥാനങ്ങളെന്നുമുള്ള വ്യത്യാസം പരിഗണിക്കുന്നില്ല. സാമ്പത്തിക ഏകീകരണത്തിനുള്ള വഴിയായി സംസ്ഥാനങ്ങൾക്ക് ഈ കമ്മിഷൻ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശം 2016 –17 ൽ 3 ശതമാനം ധന കമ്മിയാണ്. അപ്പോൾ 2019–20 ൽ വരുമാന കമ്മി പൂജ്യമാക്കാൻ സാധിക്കും.

സാമ്പത്തിക കൈമാറ്റങ്ങൾ നടത്തുമ്പോൾ ധനകാര്യ കമ്മിഷനും ആസൂത്രണ കമ്മിഷനും ഒരേ രീതിയിലാണ് പ്രധാനപ്പെട്ട പൊതു ലക്ഷ്യങ്ങളെ കാണുന്നത്. കാലാകാലങ്ങളിലെ ആവശ്യമനുസരിച്ച് വിവിധ ധനകാര്യ, ആസൂത്രണ കമ്മിഷനുകൾ സാമ്പത്തിക കൈമാറ്റങ്ങൾ ഏകീകരിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഏഴാം ധനകാര്യ കമ്മിഷനു ശേഷം ജനസംഖ്യക്ക് നല്കിയിരുന്ന പരമാവധി (90 ശതമാനം) ഊന്നൽ കുറയ്ക്കുകയും ബദൽ സംവിധാനങ്ങൾ തേടുകയുമായിരുന്നു ചെയ്തത്. 14–ാം ധനകാര്യ കമ്മിഷൻ അതിന്റെ

സമീപനത്തിൽ മുൻ ധനകാര്യ കമ്മിഷനുകളിൽ നിന്നു വ്യത്യസ്തമായ ഒരു സമീപനമാണ് സ്വീകരിക്കുന്നത്. എന്നാൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നികുതി കൈമാറ്റത്തിലാണ്. എന്നാൽ പരിസ്ഥിതി, പരിസ്ഥിതി വിജ്ഞാനീയം തുടങ്ങിയ കാര്യങ്ങളിൽ 13-ാം ധനകാര്യ കമ്മിഷൻ അനുവർത്തിച്ച അതെ പ്രവർത്തന ശൈലിയാണ് ഈ കമ്മിഷനും പിന്തുടരുന്നത്.

സംസ്ഥാനങ്ങൾക്കുള്ള നികുതി കൈമാറ്റത്തിൽ ഈ കമ്മിഷൻ പിന്തുടരുന്നത് കഴിഞ്ഞ കമ്മിഷന്റെ നയങ്ങൾ തന്നെ. അവ ജനസംഖ്യ, സാമ്പത്തിക ശേഷി, സ്ഥലവിസ്തൃതി, പരിസ്ഥിതി, പരിസ്ഥിതി വിജ്ഞാനീയം, സാമൂഹിക- സാമ്പത്തിക സൂചകങ്ങൾ തുടങ്ങിയവയാണ്. ഇതിൽ 50 ശതമാനം പ്രാധാന്യം സാമ്പത്തിക ശേഷി, യഥാർത്ഥ പ്രതിശീർഷ വരുമാനം എന്നിവയ്ക്കാണ്. പിന്നെ ഏറ്റവും പ്രാധാന്യം നല്കുന്നത് ജനസംഖ്യയ്ക്കാണ്. 1971 ജനസംഖ്യക്ക് 17.5 ശതമാനവും 2011 ലെ ജനസംഖ്യയ്ക്ക് 10 ശതമാനവും ആണ് ഊന്നൽ. പന്ത്രണ്ടാം ധനകാര്യ കമ്മിഷനെ അനുകരിച്ച് 7.5 ശതമാനം പ്രാധാന്യം നല്കിയത് വന സംരക്ഷണത്തിനാണ്. ഈ കമ്മിഷൻ പതിനൊന്ന് സംസ്ഥാനങ്ങൾക്ക് ചെലവിനത്തിലേയ്ക്കായി 1,94,821 കോടി രൂപയുടെ ധനസഹായം ശിപാർശ ചെയ്തിട്ടുണ്ട്.

പ്രാദേശിക വിഭവസമാഹരണം പരമാവധി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ കമ്മിഷൻ സംസ്ഥാന ധനകാര്യ കമ്മിഷനുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ് – ഇൻ - എയ്ഡ് പോലുള്ള നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്. ഇത് കാര്യക്ഷമമായ ഒരു സാമ്പത്തിക വികേന്ദ്രീകരണം സാധ്യമാക്കും. ഈ പശ്ചാത്തലത്തിൽ ഈ കമ്മീഷൻ രാജ്യത്തെ 2.5 ലക്ഷം വരുന്ന സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2,87,436 കോടി രൂപ (പഞ്ചായത്തുകൾക്ക് 2,00,292 കോടിയും മുനിസിപ്പാലിറ്റികൾക്ക് 87,143 കോടിയും) 2015 – 20 കാലഘട്ടത്തിൽ സഹായധനമായി ശിപാർശ ചെയ്തിട്ടുണ്ട്. 13-ാം കമ്മിഷൻ 2010 –15 കാലയളവിലേയ്ക്കായി ശിപാർശ ചെയ്തത് 87,519 കോടിയായിരുന്നു. 2001 ലെ സെൻസസാണ് 13-ാം കമ്മിഷൻ കണക്കിലെടുത്തത് എന്ന ഒരു വിമർശനം ഉയർന്നിരുന്നു. അതിനാൽ ഈ കമ്മിഷൻ 2011 ലെ സെൻസസ് ആണ് ധസഹായ ശിപാർശകൾക്കുള്ള അടിസ്ഥാന രേഖയായി സ്വീകരിച്ചിരിക്കുന്നത്.

ദുരന്തനിവാരണത്തിനായി നിലവിലുള്ള സംവിധാനം തുടരുന്നതിനാണ് ഈ കമ്മിഷൻ നിർദ്ദേശിച്ചിരിക്കുന്നത്.ഇത് 55,097 കോടി വരും. ദേശീയ ദുരന്ത നിവാരണ ഫണ്ടിന് കേന്ദ്രത്തിൽ നിന്ന കൂടുതൽ ധനസഹായം ലഭ്യമാക്കാവുന്നതാണ്. സ്വകാര്യ സ്ഥാപനങ്ങൾ കോർപ്പറേറ്റുകളുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ഇതിലേയ്ക്കു നല്കുന്ന സംഭാവനകളെ നികുതിയിൽ നിന്ന് ഇളവ് ചെയ്യാം.സംസ്ഥാനങ്ങൾ 10 ശതമാനവും കേന്ദ്രം 90 ശതമാനവും സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലേയ്ക്ക് സംഭാവന ചെയ്യണം. പൊതു സേവന വിഭാഗത്തിലും ഈ കമ്മിഷൻ ചില ശിപാർശകൾ മുന്നോട്ടു വച്ചിട്ടുണ്ട്. അതായത് എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കുടിവെള്ള ഉപഭോക്താക്കൾക്കും മീറ്റർ സ്ഥാപിക്കുക, റെയിൽ താരിഫ് അതോറിറ്റി സ്ഥാപിക്കുക, സംസ്ഥാന റോഡ് ഗതാഗതത്തിന് കൃത്യമായ കണക്കു സംവിധാനം ഉണ്ടാക്കുക തുടങ്ങിയവയാണ് അവ.

ഉപസംഹാരം

ഭീമമായി വർധിപ്പിച്ച ബാധ്യതകളില്ലാത്ത നികുതിയുടെ കൈമാറ്റം സംസ്ഥാനങ്ങൾക്ക് സ്വന്തമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള സാമ്പത്തിക ഇടം ലഭ്യമാക്കുന്നു. സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തോടൊപ്പം പതിനൊന്നു സംസ്ഥാനങ്ങൾക്കുള്ള വരുമാന കമ്മിയും കൽക്കരി പാടങ്ങളുടെ ലേല ഓഹരിയും ഈ സംസ്ഥാനങ്ങളുടെ ധനവിനിയോഗ കൈമാറ്റത്തിൽ വൻ തോതിലുള്ള വർധന വരുത്തും. വികസന പദ്ധതികൾക്കു വേണ്ടി വളരെക്കാലമായി സംസ്ഥാനങ്ങൾ കേന്ദ്രത്തെ ആശ്രയിക്കുന്ന പ്രശ്നത്തിന് ഇത് പരിഹാരമാകും. അതിനുമുപരി ധനകാര്യ കമ്മിഷൻ ധന കൈമാറ്റ പ്രക്രിയ വളരെ ലഘൂകരിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ധന കൈമാറ്റ നിബന്ധനകൾ ഓരോ തലത്തിലും വിശ്വാസത്തിന്റെ അംശം കൂടി കൂട്ടിച്ചേർത്ത് പരസ്പര സഹകരണത്തിന്റെ പ്രതീകമാക്കി. അതിന് മത്സരക്ഷമതയുള്ള ധനവിനിയോഗ ഫെഡറൽ സംവിധാനത്തിന്റെ മുഖം നല്കി. സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമായി നില്ക്കാനുള്ള സമയമാണ് ഇത്. ധനകാര്യ കമ്മിഷന്റെ മറ്റ് എല്ലാ ശിപാർശകളും രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയും കാര്യക്ഷമതയും വർധിപ്പിക്കാനുള്ളതു മാത്രമാണ്.

പാനൽ അംഗമായ പ്രൊഫ.അഭിജിത് സെന്നിന്റെ വിയോജന കുറിപ്പിൽ വ്യക്തമാകുന്നപോലെ നികുതി കൈമാറ്റത്തിലെ 42 ശതമാനം വിഹിതം തീർച്ചയായും പദ്ധതി കൈമാറ്റങ്ങളെ അലോസരപ്പെടുത്തും. കേന്ദ്ര സഹായത്തോടെയുള്ള ചില സാമൂഹ്യ സാമ്പത്തിക പദ്ധതികൾ ഇതുമൂലം നിന്നുപോയേക്കാം. ഇതിനോടകം തന്നെ 66 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ എട്ട് എണ്ണം 2015–16 ബജറ്റോടെ അവസാനിച്ചു കഴിഞ്ഞു. ശേഷിക്കുന്നതിൽ 24 പദ്ധതികളുടെ സാമ്പത്തിക വിഹിതം വെട്ടിക്കുറച്ചു. ഇനിമുതൽ 34 പദ്ധതികൾക്കു മാത്രമാണ് കേന്ദ്രത്തിൽ നിന്ന് ആവശ്യമായ ധനസഹായം പൂർണമായി ലഭിക്കുക. ഇതെല്ലാം ബാധിക്കുന്നത് ഈ പദ്ധതികളുടെ ഗുണഭോക്താക്കളെയാണ്.

ആസൂത്രണ കമ്മിഷനെപോലെ ഒരു സ്ഥാപനത്തിന്റെ നിയന്ത്രണമില്ലെങ്കിൽ സംസ്ഥാനങ്ങൾ ഏതു വിധത്തിൽ പണം ഉപയോഗിക്കുമെന്നതിൽ ഒരു നിശ്ചയവുമില്ല. ഓരോ സംസ്ഥാനങ്ങളുടെയും ശേഷിയും ഭരണത്തിലെ കാര്യ ക്ഷമതയും വ്യത്യസ്തമാണല്ലോ. അതിനാൽ വികസന പദ്ധതികൾക്കുള്ള പണം ഒരു പക്ഷെ ദുരുപയോഗം ചെയ്യപ്പെട്ടേക്കാം. പണം കാര്യക്ഷമമായി നല്ല കാഴ്ച്ചപ്പാടോടെ വിനിയോഗിക്കുന്ന സംസ്ഥാനങ്ങൾ ഇല്ലെന്നല്ല ഇതിനർത്ഥം.

ചുരുക്കത്തിൽ 14-ാം ധനകാര്യ കമ്മിഷന്റെ ശിപാർശകൾ സംസ്ഥാനങ്ങൾക്ക് ധനവ്യയ സ്വയം ഭരണാധികാരവും അവരുടെ സ്വന്തം വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും നല്കാൻ ഉദ്ദേശിച്ചുള്ളതാകുന്നു. അവരുടെ പക്കൽ കൂടുതൽ വിഭവങ്ങൾ ഉണ്ടാകുമെന്നും സംസ്ഥാനങ്ങൾ അവ മെച്ചപ്പെട്ട രീതിയിൽ അവരുടെ പൗരന്മാർക്ക് വിതരണം ചെയ്യുമെന്നും പ്രതീക്ഷിക്കാം.

◆

**ലേഖകൻ ഡൽഹിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്തിൽ പ്രൊഫസറാണ്.*

ഡോ. എം. കെ. മുഹമ്മദ് അസ്‌ലം

World Health Organization

ലോകാരോഗ്യദിനം ഭക്ഷണസുരക്ഷ

ആഗോളതലത്തിൽ ആരോഗ്യരംഗവുമായി ബന്ധപ്പെട്ട വിഷയങ്ങളും അടിയന്തിര ആവശ്യങ്ങളും കൈകാര്യം ചെയ്യുകയാണ് ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം. 1948 ഏപ്രിൽ 7 ന് സ്ഥാപിതമായ ലോകാരോഗ്യ സംഘടനയുടെ ആസ്ഥാനം ജനീവയാണ്. 1948 ൽ ജനീവയിൽ വെച്ചു തന്നെ നടന്ന ലോകാരോഗ്യ സംഘടനയുടെ ആദ്യത്തെ സമ്മേളനത്തിലാണ് ലോകാരോഗ്യദിനം ആചരിക്കാൻ തീരുമാനിക്കുന്നത്. ലോകാരോഗ്യ സംഘടന നിലവിൽ വന്ന ദിവസം എന്നതിനു പുറമെ ഓരോ വർഷവും ആരോഗ്യ മേഖലയിലെ വെല്ലുവിളികളിലേക്ക് ശ്രദ്ധ ക്ഷണിക്കുക എന്നത് ഈ ദിനാചരണം ലക്ഷ്യമിടുന്നു. സംഘടന നിലവിൽ വന്നതു മുതൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങളായ പോളിയോ, സ്മാൾ പോക്സ്, ചിക്കൻ പോക്സ് എന്നിവക്കെതിരെ അതിശക്തമായ ബോധവത്കരണ, നിയന്ത്രണ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വികസിത രാജ്യങ്ങളിൽ പകർച്ച വ്യാധി കണക്കെ കാണപ്പെട്ടിരുന്ന അസുഖങ്ങളാണിവ.

ഓരോ വർഷവും പ്രത്യേക വിഷയങ്ങൾ ലോകാരോഗ്യദിനാചരണത്തിന് തെരഞ്ഞെടുക്കാറുണ്ട്. 1995 ലെ പോളിയെ നിർമ്മാർജ്ജനത്തിനായുള്ള യജ്ഞമായിരുന്നു ലോകാരോഗ്യ സംഘടനയുടെ ഏറ്റവും വിജയകരമായ കാമ്പയിനുകളിലൊന്ന്. പോളിയോയെക്കുറിച്ച് ജനങ്ങളുടെ അവബോധം വർദ്ധിച്ചതോടെ ലോകത്തിന്റെ ഭൂരിപക്ഷം ഭാഗങ്ങളിൽ നിന്നും ഈ രോഗം നിർമ്മാർജ്ജനം ചെയ്യാൻ സാധിച്ചു. ദിനാചരണത്തിന് ഒരു പ്രത്യേക വിഷയം സ്വീകരിക്കുന്നു എന്നതിനു

പുറമെ, സ്കൂളുകളിലും കോളേജുകളിലും പ്രത്യേക പരിപാടികളും സംഘടിപ്പിക്കുന്നു.

ഈ വർഷം ലോകാരോഗ്യ ദിനാഘോഷത്തിന്റെ മുഖ്യപ്രമേയം ഭക്ഷണ സുരക്ഷയാണ്. ഗവൺമെന്റുകൾ, പൊതുസമൂഹം, സ്വകാര്യമേഖല എന്നിവയടക്കം ലോക സമൂഹത്തിന് മൊത്തം പ്രാധാന്യമർഹിക്കുന്ന വിഷയമാണിത്. സുരക്ഷിതമായ ഭക്ഷണം (safe food) എന്നത് ഭക്ഷ്യ സുരക്ഷയിൽ (food security) നിന്ന് വ്യത്യസ്തമാണ്.

ജനങ്ങളെ ഭക്ഷ്യവിഷബാധയിൽ നിന്നും ഭക്ഷണജന്യ രോഗങ്ങളിൽ നിന്നും രക്ഷിക്കുക എന്നതാണ് ഭക്ഷണ സുരക്ഷിതത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സുരക്ഷിതമല്ലാത്ത ഭക്ഷണം നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. വയറിളക്ക രോഗങ്ങൾ, വൈറസ് രോഗങ്ങൾ (കേടായ വന്യജീവി മാംസവുമായി ബന്ധപ്പെട്ടാണ് ആദ്യത്തെ എബോള കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത്) പ്രത്യുൽപ്പാദന, ബുദ്ധി വികാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാൻസറുകൾ എന്നിവക്കെല്ലാം ഇത് വഴിതെളിക്കും. ഭക്ഷണ സുരക്ഷിതത്വം എന്നത് ഭക്ഷ്യസുരക്ഷക്ക് അത്യന്താപേക്ഷിതമായ ഘടകമാണ്.

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പ്രധാന വസ്തുതകൾ

- ആവശ്യമായ അളവിൽ സുരക്ഷിതവും പോഷക മൂല്യമുള്ളതുമായ ഭക്ഷണത്തിന്റെ ലഭ്യത ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. ഹാനികാരികളായ ബാക്ടീരിയകൾ, വൈറസുകൾ, പരാദങ്ങൾ, രാസപദാർത്ഥങ്ങൾ എന്നിവയടങ്ങിയ സുരക്ഷിതമല്ലാത്ത ഭക്ഷണം - 200 ൽ കൂടുതൽ അസുഖങ്ങൾക്ക് കാരണമാവുന്നു.
- ഭക്ഷണ, ജലജന്യ രോഗങ്ങൾ കാരണം ആഗോള തലത്തിൽ പ്രതിവർഷം 2 ദശലക്ഷം ജനങ്ങൾ മരണമടയുന്നുണ്ട്.
- ഭക്ഷണ സുരക്ഷിതത്വം, പോഷണം, ഭക്ഷ്യസുരക്ഷ എന്നിവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സുരക്ഷിതമല്ലാത്ത ഭക്ഷണം രോഗങ്ങൾക്കും പോഷകങ്ങളുടെ കുറവിനും കാരണമാകുന്നു.
- ആരോഗ്യരംഗത്തെ ഗുരുതരമായി ബാധിക്കുന്ന ഭക്ഷണജന്യരോഗങ്ങൾ സാമൂഹിക, സാമ്പത്തിക വികസനത്തിനും വിഘാതമാവുന്നു. ടൂറിസം, വ്യാപാരമേഖലകളിലും ഇത് തിരിച്ചടിയുണ്ടാക്കുന്നു.
- ഉൽപ്പാദകരിൽ നിന്ന് ഉപഭോക്താക്കളിലേക്കെത്തുമ്പോഴേക്കും ഭക്ഷണം പല രാജ്യാതിർത്തികൾ തന്നെ മറികടക്കുന്നുണ്ട്. ഗവൺമെന്റുകൾ, ഉൽപ്പാദകർ, ഉപഭോക്താക്കൾ എന്നിവരുടെ സഹകരണം വഴി ഭക്ഷണ സുരക്ഷിതത്വം ഉറപ്പു വരുത്താനാകും.

ജനങ്ങളെ ഭക്ഷ്യവിഷബാധയിൽ നിന്നും ഭക്ഷണജന്യ രോഗങ്ങളിൽ നിന്നും രക്ഷിക്കുക എന്നതാണ് ഭക്ഷണ സുരക്ഷിതത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സുരക്ഷിതമല്ലാത്ത ഭക്ഷണം നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. വയറിളക്ക രോഗങ്ങൾ, വൈറസ് രോഗങ്ങൾ (കേടായ വന്യജീവി മാംസവുമായി ബന്ധപ്പെട്ടാണ് ആദ്യത്തെ എബോള കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത്) പ്രത്യുൽപ്പാദന, ബുദ്ധി വികാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാൻസറുകൾ എന്നിവക്കെല്ലാം ഇത് വഴിതെളിക്കും. ഭക്ഷണ സുരക്ഷിതത്വം എന്നത് ഭക്ഷ്യസുരക്ഷക്ക് അത്യന്താപേക്ഷിതമായ ഘടകമാണ്.

- ഭക്ഷണജന്യരോഗങ്ങൾ എളുപ്പത്തിൽ പകരുന്നതും മാരകവുമാണ്. മലിനമായ ജലം വഴി ശരീരത്തിലെത്തുന്ന ബാക്ടീരിയ, വൈറസുകൾ, പരാദങ്ങൾ, രാസപദാർത്ഥങ്ങൾ എന്നിവ വഴി രോഗം പിടിപെടാം.

പ്രചാരണത്തിന്റെ ലക്ഷ്യങ്ങൾ

- പൊതു പ്രചാരണ പരിപാടികളിലൂടെ ഭക്ഷണ സുരക്ഷ ഉറപ്പു വരുത്താൻ ഗവൺമെന്റുകളെ പ്രേരിപ്പിക്കുക.
- കഴിക്കുന്ന ഭക്ഷണം സുരക്ഷിതമാണെന്ന് ഉറപ്പു വരുത്താൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കുക.
- ഒരു ഉപഭോക്താവ് എന്ന നിലയിൽ നിങ്ങൾ കഴിക്കുന്ന ഭക്ഷണത്തെക്കുറിച്ച് നിങ്ങൾ അറിയേണ്ടതുണ്ട്. നിങ്ങളുടെ ഭക്ഷണത്തെക്കുറിച്ച് നിങ്ങൾക്ക് എന്തുമാത്രമറിയാം?
- ഭക്ഷണം വാങ്ങിക്കുമ്പോഴും തയ്യാറാക്കുമ്പോഴും ലേബലിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ വായിച്ചിരിക്കണം.
- നിങ്ങളുടെ പ്രദേശത്തുള്ള ഹാനികരങ്ങളായ രാസപദാർത്ഥങ്ങൾ, സൂക്ഷ്മാണുക്കൾ എന്നിവയെക്കുറിച്ച് അറിഞ്ഞിരിക്കണം.
- ശരിയായ പാചക രീതികൾ അറിയുക. ഭക്ഷണം ശരിയായി പാചകം ചെയ്തില്ലെങ്കിൽ ദോഷകരമാവും.
- ശരിയായ രീതിയിൽ മാത്രം ഭക്ഷണം സംഭരിച്ച് വെക്കുക, കൈകാര്യം ചെയ്യുക, പാചകം ചെയ്യുക
- ആരോഗ്യകരമായ ശീലങ്ങൾ സമൂഹത്തിന് പകർന്നു നൽകുക.

◆

ലേഖകൻ റീജ്യണൽ ഓഫീസ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, തിരുവനന്തപുരം, ഡയറക്ടറാണ്

ദേശീയ ശ്രദ്ധേയരാകുന്ന കേരള നിയമസഭാ സാമാജികർ

ഡോ. പി.പി. ബാലൻ

കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിന് നിസ്തൂലമായ സംഭാവനകൾ നൽകിയവരാണ് നിയമസഭാ സാമാജികർ. 1994 ഏപ്രിൽ മാസം 23, 24 ന് രാവും പകലും നിയമസഭാ ചേർന്നാണ് കേരളം 73, 74 ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട അനുബന്ധ നിയമം (Conformity Act) പാസ്സാക്കിയത്. തുടർന്ന് പല ഘട്ടങ്ങളിലായി പ്രാദേശിക ഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുതകുന്ന നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിൽ അവർ അനുകൂല നിലപാടുകൾ കൈക്കൊണ്ടു. അസംബ്ലി നിയോജകമണ്ഡലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളുടെ ഏകോപന തലമായി അംഗീകരിക്കപ്പെടുമ്പോൾ അവയ്ക്ക് നേതൃത്വപരമായ പങ്കുവഹിക്കുന്ന എം.എൽ.എ.മാർ അധികാരവികേന്ദ്രീകരണത്തിന്റെ വക്താക്കളായി മാറുകയാണ്. ചുരുക്കത്തിൽ കേരളത്തിൽ നടന്നുവരുന്ന അസംബ്ലി നിയോജകമണ്ഡല വികസന പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികളുടെ ഏകോപനത്തിനും സമഗ്രത ഉറപ്പുവരുത്തുന്നതിനും, വികസന വിടവുകൾ നികത്തുന്നതിനും മാർഗദർശകമായി മാറുകയാണ്. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം മറ്റു സംസ്ഥാനങ്ങളിൽ കൂടി ഈ പരിപാടി വ്യാപിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിക്കുമ്പോൾ കേരള നിയമസഭാ സാമാജികർക്ക് അത് ദേശീയ അംഗീകാരമാകുന്നത് ശ്രദ്ധേയമാണ്.

നിയമനിർമ്മാതാക്കൾക്ക് വികസന ഫണ്ട് നൽകുന്നത് വികേന്ദ്രീകൃത വിരുദ്ധമായ കാഴ്ചപ്പാടാണെന്ന സമീപനം നിലനിന്നിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 11, 12 ഷെഡ്യൂൾ പ്രകാരം നൽകിയിരുന്ന വിഷയമേഖലകളിൽ നേരിട്ടിടപെടുന്നതിനെയാണ് എതിരുനിന്നിരുന്നത്. എന്നാൽ എം.പി.മാരും, എം.എൽ.എ.മാരും പ്രാദേശിക വികസനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്ന അവസരത്തിൽ അവരുടെ പ്രവർത്തനം പ്രാദേശിക വികസനത്തിന് ആക്കം കൂട്ടുമെന്ന നിഗമനത്തിലേക്ക് കാഴ്ചപ്പാടുകൾ മാറി. ഈ അവരത്തിലാണ് നിയമസഭാ പ്രാദേശിക ജനപ്രതിനിധി കൂട്ടായ്മക്ക് പ്രാധാന്യമേറുന്നത്. കിലയുടെ നേതൃത്വത്തിൽ നിയമസഭാ സാമാജികരെയും തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരുമായും മുഖാമുഖം പരിപാടി ആരംഭിച്ചതും ഈ സാഹചര്യത്തിലാണ്. കേരളത്തിലെ 91 നിയോജകമണ്ഡലങ്ങളെ ആസ്പദമാക്കി ഇത്തരത്തിലുള്ള കൂട്ടായ്മ നടന്നപ്പോൾ അത് പ്രാദേശിക വികസനരംഗത്ത് നൂതനമായ ആശയത്തിന് തുടക്കമായി.

വികസന യൂണിറ്റാകുന്ന നിയമസഭാ മണ്ഡലം

നാളിതുവരെ ഇല്ലാത്ത പ്രവർത്തനത്തിൽ നിന്നും വ്യത്യസ്ഥമായി നിയമസഭാമണ്ഡലത്തെ വികസന യൂണിറ്റായി കണ്ടുകൊണ്ടുള്ള പ്രവർത്തനത്തിൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിശാലവികസന കാഴ്ചപ്പാടോടെയുള്ള കൂട്ടായ്മക്ക് സഹകരിക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും വികസന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന പ്രാഥമിക ചർച്ച അവർ മുന്നോട്ടുവെക്കുന്ന വലിയ വികസനാവശ്യങ്ങൾ അസംബ്ലിതലത്തിൽ പരിഗണിക്കപ്പെടുകയാണ്. വിശാലവീക്ഷണത്തോടെയുള്ള വലിയ പദ്ധതികൾ നടപ്പിലാക്കാൻ വൈഷമ്യം നേരിടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു അനുഗ്രഹവുമാണ്. രണ്ടു മൂന്നു പഞ്ചായത്തുകളുടെ വിവിധ ആവശ്യങ്ങൾക്ക് അസംബ്ലിമണ്ഡലതലത്തിൽ പരിഹാരം കണ്ടെത്തുവാനുള്ള ശ്രമവും ഇവിടെ നടക്കുന്നു. കുടിവെള്ളം, മാലിന്യസംസ്കരണം തുടങ്ങി വലിയ പദ്ധതികൾക്ക് രൂപം കൊടുക്കാൻ ഈ തലത്തിൽ സാധിക്കുന്നു. നിയമസഭാ സാമാജികരുടെ പ്രത്യേകമായ താല്പര്യത്തിലൂടെ വലിയ പദ്ധതികൾ രൂപപ്പെടുത്തിയെടുക്കാൻ കഴിയുന്നതും പ്രത്യേകമായി കാണേണ്ടിയിരിക്കുന്നു.

സമഗ്രതയും ഏകോപനവും

നിയമസഭാ സാമാജികരുടെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിന് സാധിക്കുമെന്നത് മറ്റൊരു പ്രത്യേകതയാണ്. കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുന്ന രീതിസമ്പ്രദായം പരക്കെ കാണാവുന്നതാണ്. എന്നാൽ ഈ പദ്ധതികൾക്ക് മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതികളുമായി ഏകോപന സാധ്യത കുറവാണെന്നത് വലിയൊരു പോരായ്മയായി നിലനിൽക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോന്നും ഓരോ വികസന യൂണിറ്റായി പരസ്പരബന്ധമില്ലാതെ വെള്ളം കയറാത്ത അറകളായി മാറ്റപ്പെടുന്ന അവസ്ഥയുമുണ്ടാകാറുണ്ട്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുമായി ചേർന്നുള്ള ഏകോപനം പ്രയോഗതലത്തിൽ കാണപ്പെടുന്നുമില്ല എന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ അസംബ്ലി നിയോജകമണ്ഡലതലത്തിൽ ഏകോപനസാധ്യത കൂടുതലാണ്. എം.എൽ.എ.യും തദ്ദേശസ്വയംഭരണ അദ്ധ്യക്ഷന്മാരും തമ്മിലുള്ള ചർച്ച പല പ്രശ്നങ്ങൾക്കും പരിഹാരമാകുന്നുണ്ട്. വാർഷിക പദ്ധതികളുടേയും പഞ്ചവത്സര പദ്ധതികളുടേയും ഏകോപനം അസംബ്ലിതലത്തിൽ രൂപപ്പെടുത്തിയെടുക്കാൻ ഈ കൂട്ടായ്മയിലൂടെ സാധിക്കുന്നു.

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും സംസ്ഥാനാവിഷ്കൃത പദ്ധതികളുടേയും സംയോജനം എം.എൽ.എ.മാരുടെ നേതൃത്വത്തിൽ നടത്താൻ സാധിക്കുന്നു. ജില്ലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുമായുള്ള ചർച്ചയിലൂടെയാണ് ഇതിനു തുടക്കമിടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികളുടെ സംയോജനം കാര്യക്ഷമമായി നടക്കാറില്ല. ലഭ്യമാകുന്ന വികസന ഫണ്ടിന്റെ കാര്യത്തിൽ മാത്രമേ അവരുടെ ശ്രദ്ധ നിയസഭാ സാമാജികന്റെ നേതൃത്വത്തിൽ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ സംയോജനം ഉറപ്പുവരുത്താൻ സാധിക്കുന്നതിന് പറ്റിയ തലമാണ്.

വികസന വിടവുകൾ കണ്ടെത്തൽ

അധികാരവികേന്ദ്രീകരണത്തിന്റെ ഏറ്റവും വലിയ നേട്ടമെന്നത് വിഭവ വിതരണത്തിന്റെ തുല്യതയാണ്. സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും വികസന ഫണ്ട് ചെന്നെത്തുന്നു എന്നതാണ് ഒരു പ്രത്യേകത. പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഫണ്ട് വിതരണം എന്നതും ശ്രദ്ധേയമാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ വികസന പോരായ്മകൾ നിലനിൽക്കുന്നതായി കാണാം. ആവശ്യമായ ഫണ്ടിന്റെ അഭാവം, ദീർഘവീക്ഷണമില്ലായ്മ ഇവയൊക്കെ ഇതിനുള്ള കാരണമാകുന്നു. ഇവിടെയാണ് നിയമസഭാ സാമാജികരുടെ ശ്രദ്ധ

പതിയുന്നത്. എം.എൽ.എ., എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട്, എം.എൽ.എ. മാർക്ക് പ്രത്യേകമായി ലഭിക്കുന്ന ആസ്തി വികസന ഫണ്ട് അതുമല്ലെങ്കിൽ പ്രത്യേക പദ്ധതികൾ തയ്യാറാക്കൽ ഈ പ്രവർത്തനം കൊണ്ട് വികസനത്തിന്റെ വിടവുകൾ പരിഹരിക്കാൻ ഒരു പരിധിവരെ സാധിക്കുന്നു.

സമ്പൂർണ്ണത ലക്ഷ്യമിടുന്ന പരിപാടികൾ

ചില പ്രത്യേക വിഷയമേഖലകൾ കണ്ടെത്തി അവയുടെ സമ്പൂർണ്ണത നിയമസഭാ സാമാജികർക്ക് ലക്ഷ്യമിടാൻ സാധിക്കുന്നു. തരിശുരഹിത മണ്ഡലമായി ഒരു അസംബ്ലി മണ്ഡലത്തെ പ്രഖ്യാപിക്കുമ്പോൾ ആ അസംബ്ലി നിയോജകമണ്ഡലത്തിലെ പരിധിയിൽവരുന്ന എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്. മാലിന്യമുക്തമണ്ഡലം എന്ന് വിജ്ഞാപനം ചെയ്യുമ്പോൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മുന്തിയ പരിഗണന ഇതിനുണ്ടായിരിക്കണം. സമ്പൂർണ്ണ പാർപ്പിടം എന്നുവരുമ്പോൾ അതിനുള്ള പരിപാടികൾ കണ്ടെത്തണം. നിയമസഭാ സാമാജികനെ സംബന്ധിച്ചിടത്തോളം ഇത്തരം ലക്ഷ്യപ്രാപ്തിക്കായി സംസ്ഥാന കേന്ദ്ര സർക്കാരുകളിൽ നിന്നും കൂടുതൽ സഹായം കിട്ടുന്ന സ്കീമുകൾ ആവിഷ്കരിക്കേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ സമഗ്ര വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള പദ്ധതികളുമാകാം. ഏതിനാണോ പ്രാധാന്യം നൽകുന്നത് അത് കൂട്ടായ ചർച്ചയിലൂടെ ഉരുത്തിരിയേണ്ടതാണ്. അങ്ങനെ വരുമ്പോൾ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഇതിൽ നിന്നും മാറിനിൽക്കാൻ സാധിക്കില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ സഹായവും സഹകരണവും ഉറപ്പുവരുത്താൻ നിയമസഭാ സാമാജികർക്ക് കഴിയുന്നു. പ്രാദേശിക ചർച്ചകളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ സംസ്ഥാന ബജറ്റിൽ ഇടം പിടിക്കുന്നതും ഇതിന്റെ ഭാഗമാണ്.

വ്യത്യസ്ഥ സമീപനം

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സ്ഥിതി ഇതല്ല. നിയമസഭാ സാമാജികർ പഞ്ചായത്തുകൾക്ക് അധികാരം നൽകുന്നതിൽ മുഖം തിരിഞ്ഞുനിൽക്കുന്നവരാണെന്നതാണ് പൊതുവെയുള്ള വിലയിരുത്തൽ. അതുകൊണ്ടുതന്നെ പഞ്ചായത്തുകളെ ചൊൽപ്പടിയിൽ നിർത്തി കാര്യങ്ങൾ ചെയ്യിക്കുന്നു. എന്നാൽ കേരളം പോലുള്ള അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമായ സംസ്ഥാനങ്ങളിൽ എം.എൽ.എ.മാരെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ജൈവബന്ധം നിലനിർത്താൻ ആഗ്രഹിക്കുന്നവരാണ്. ഇത് അധികാരവികേന്ദ്രീകരണത്തിന് കൂടുതൽ ശക്തിപകരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉന്നയിക്കുന്ന നയപരമായ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കേണ്ടതിൽ അവർ പ്രതിജ്ഞാബദ്ധരാകുന്നതും അതുകൊണ്ടാണ്. പ്രാദേശിക വികസനത്തെ സംബന്ധിച്ച ഉൾക്കാഴ്ച നിയമസഭാ സാമാജികർക്ക് ഉണ്ടാകുന്നതും പ്രാധാന്യമർഹിക്കുന്നു.

ജില്ലാ പദ്ധതിയിലേക്കുള്ള ചുവടുവെപ്പ്

സമഗ്രമായ ജില്ലാ പദ്ധതി ഇന്നും വിദൂരമാണ്. ജില്ലാ പദ്ധതി എന്നു പറയുമ്പോൾ അത് ഒരു ജില്ലയിലെ എല്ലാ ഭരണ സ്ഥാപനങ്ങളുമായും വികസന പദ്ധതികളുടെ ഏകോപനം ഉറപ്പുവരുത്തുന്ന തലമാണ്. അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, മറ്റു വികസന ഏജൻസികളുടെ പദ്ധതികൾ എം.എൽ.എ., എം.പി. എന്നിവരുടെ വികസന ഫണ്ടുകൾ ഇവയുടെയൊക്കെ ആകെ തുകയാണ്. അസംബ്ലിതലത്തിൽ ഇത്തരം വിവിധ വികസന ഫണ്ടുകളുടേയും പദ്ധതികളുടേയും ഏകോപനം ഉറപ്പുവരുത്താൻ കഴിയുന്നു. അതുകൊണ്ടുതന്നെ അസംബ്ലി നിയോജമണ്ഡലം മാസ്റ്റർ പ്ലാൻ ജില്ലാ പദ്ധതിയിലേക്കുള്ള ചുവടുവെപ്പായി കാണാം.

ഇതര സ്ഥാപനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽവരാത്ത ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം പ്രാദേശിക വികസന കൂട്ടായ്മ ഉറപ്പുവരുത്തുന്നതിന് എം.എൽ.എ. മാർക്ക് നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയുന്നു. വിദ്യുച്ഛക്തി, പി. ഡബ്ല്യു.ഡി., ഇറിഗേഷൻ തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾക്ക് യോജിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നത് ഇത്തരത്തിലുള്ള ഇടപെടലിലൂടെയാണ്. തടസ്സമായിവരുന്ന സാങ്കേതിക കാര്യങ്ങൾ പരിഹരിക്കുന്നതിന് കൂട്ടായ ചർച്ച വഴിയൊരുക്കുന്നു. പ്രാദേശിക വികസനരംഗത്തു നിന്നും ആരേയും മാറ്റിനിർത്തുന്നില്ല

എന്ന സന്ദേശമാണിവിടെ നൽകുന്നത്. ഡിപ്പാർട്ടുമെന്റൽ-ജനകീയ ഏകോപനമാണിവിടെ നടക്കുന്നത്. ജലസേചന പദ്ധതികൾ ഗതാഗത വികസനത്തിനായുള്ള ശൃംഖലകൾ, വൈദ്യുതി സബ് സ്റ്റേഷനുകൾ, റൂറൽ ബിസിനസ്സ് ഫണ്ടുകൾ തുടങ്ങിയവ നിയമസഭാ സാമാജികരുടെ മേൽനോട്ടത്തിൽ നടന്നുവരുന്ന പദ്ധതികളാണ്.

സമാന്തര സംവിധാനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് സമാനമായ സംവിധാനം വഴി (Parallel Bodies) വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നതായി കാണാം. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽവരുന്ന പ്രവർത്തനങ്ങളാണ് ഇവ നടത്തുന്നത്. വിവിധ വികസന ഏജൻസികളും ജില്ലാ കളക്ടർ ചെയർമാനായ ഒരു കൂട്ടം കമ്മിറ്റികളും ഈ കൂട്ടത്തിലുണ്ട്. അവയുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും ഏകീകരിക്കാനും സമഗ്രത ഉറപ്പുവരുത്താനും നിയമസഭാ സാമാജികർക്കു കഴിയുന്നു. ഫലത്തിൽ സമാന്തര സംവിധാനം വഴി ഉണ്ടാകുന്ന ആവർത്തനം ഒഴിവാക്കിക്കൊണ്ട് പരസ്പരപൂരകമായ പ്രവർത്തനം നടത്തുന്നതിനും സാധിക്കുന്നത് നിയമസഭാ സാമാജികരുടെ നേതൃത്വത്തിലാണ്.

മാറുന്ന കാഴ്ചപ്പാടുകൾ

സാധാരണയായി പഞ്ചായത്തുകൾ വാർഡ് അടിസ്ഥാനത്തിലുള്ള വികസന പദ്ധതികൾ ആവിഷ്കരിക്കാനാണ് താല്പര്യമെടുക്കുന്നത്. പഞ്ചായത്തുകളെ വികസന യൂണിറ്റായി കണ്ടുകൊണ്ടുള്ള പ്രവർത്തനം പരിമിതമാണ്. അതുകൊണ്ടുതന്നെ വലിയ വികസന പദ്ധതികളെക്കുറിച്ച് അവർ ചർച്ച ചെയ്യുന്നില്ല. കേവലം വാർഡിൽ ഒതുങ്ങിനിൽക്കുന്ന റോഡ്, പാലം, കൾവർട്ട് എന്നിങ്ങനെ നീണ്ടുപോകുന്നു അവരുടെ ആവശ്യങ്ങൾ. എന്നാൽ നിയമസഭാ സാമാജികർ നേതൃത്വം കൊടുക്കുന്ന ചർച്ചയിൽ വലിയ വികസന ആവശ്യങ്ങൾ ഉന്നയിക്കാൻ അവർ നിർബന്ധിതരാകുന്നു. അവ സ്ഥായിയായതും ദീർഘവീക്ഷണത്തോടെയുള്ളതും സ്വയം നിലനിൽക്കുന്നതുമായിരിക്കണമെന്നതുകൂടിയാകുമ്പോൾ തദ്ദേശസ്വയംഭരണാധിപന്മാരുടെ മനോഭാവത്തിൽ തന്നെ വലിയ മാറ്റം ഉണ്ടാകുന്നു. നിയമസഭാ സാമാജികർ അത്തരത്തിലുള്ള വികസന വീക്ഷണത്തിനുള്ള പശ്ചാത്തലമൊരുക്കുകയാണ് ഇവിടെ ചെയ്യുന്നത്.

ആദർശ് ഗ്രാമങ്ങൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ SAGY ആവശ്യപ്പെടുന്നത് ഓരോ എം.പി.മാരോടും ഒരു പഞ്ചായത്തിനെ കണ്ടെത്തി ആ പഞ്ചായത്തിനെ ആദർശ്ഗ്രാമമാക്കി ഉയർത്തുക എന്നുള്ളതാണ്. എന്നാൽ കേരളത്തിലെ നിയമസഭാ സാമാജികർ ഇത്തരം വികസന കൂട്ടായ്മയിലൂടെ സ്വന്തം പരിധിയിൽ വരുന്ന എല്ലാ പഞ്ചായത്തുകളേയും ഒരുപോലെ ഉയർത്തിക്കൊണ്ടുവരിക എന്ന തത്വമാണ് അവലംബിക്കുന്നത്. അവിടെ വകഭേദമില്ല, കക്ഷിരാഷ്ട്രീയമില്ല, വിഭാഗീയതയുമില്ല. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വയം പ്രചോദനമുൾക്കൊണ്ടുള്ള മുന്നേറ്റമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അതിന് നിയമസഭാ സാമാജികർ നേതൃത്വപരമായ പങ്കുവഹിക്കുന്നു. എം.എൽ.എ.മാരുടെ സഹായത്തോടെ നടക്കുന്ന ഈ വികസന കൂട്ടായ്മ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു. ഒരുതരത്തിൽപ്പറഞ്ഞാൽ ഇവിടെ നടക്കുന്നത് പഞ്ചായത്തീരാജ് ശാക്തീകരണമാണ്. അതുകൊണ്ടുതന്നെ കൂടുതൽ ഫലവത്തായി അസംബ്ലി നിയോജകമണ്ഡല വികസന പരിപാടി മുന്നോട്ട് കൊണ്ടുപോകേണ്ടതായുണ്ട്. അത് രാജ്യത്തിലെ ഇതര സംസ്ഥാനങ്ങൾക്കും ദക്ഷിണേഷ്യൻ രാഷ്ട്രങ്ങൾക്കും മാതൃകാപരമായ പ്രവർത്തനമായി മാറുന്നത് അതിന്റെ വിജയപരിസമാപ്തിയിലാണ്. ◆

ലേഖകൻ കില ഡയറക്ടറാണ്

ഗോപകുമാർ പൂക്കോട്ടൂർ

ജീവകാരുണ്യപദ്ധതികളിൽമാതൃകയായി കോറാടൻ റംല

ഭിന്നശേഷിയുള്ള കുട്ടികൾക്കായി അങ്ങാടിപ്പുറം പഞ്ചായത്ത് നടത്തിയ വിനോദയാത്രയിൽ നിന്ന്

കോറാടൻ റംല

ആദ്യമായി ഞങ്ങളുടെ മുന്നിൽ വരുന്നത് ഒൻപത് വയസ്സുള്ള ഷാമിൽ ആറങ്ങോടൻ എന്ന കേൾവി നഷ്ടപ്പെട്ട വിദ്യാർത്ഥിയാണ്. കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്യാൻ അവന്റെ കുടുംബത്തിന് സാമ്പത്തികശേഷിയില്ലാതെ ഇരിക്കുമ്പോഴാണ് അവൻ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നത്. അങ്ങനെ പഞ്ചായത്ത് മുൻകൈയെടുത്ത് ഷാമിലിന് ശസ്ത്രക്രിയ നടത്തി, കേൾവിശക്തി തിരികെ ലഭ്യമാക്കി.

ഉത്തരവാദിത്തബോധമുള്ള ഒരു ജനപ്രതിനിധി എന്താവണമെന്നത് മലപ്പുറം, അങ്ങാടിപ്പുറം പഞ്ചായത്ത് പ്രസിഡന്റ് വലിയവീട്ടിൽപടി കോറാടൻ റംലയുടെ (58) ഈ വാക്കുകളിലുണ്ട്. അതുകൊണ്ടുതന്നെയാകാം ഭരണ നൈപുണ്യത്തിനും, കർമശേഷിക്കുമുപരിയായി കാരുണ്യസേവന സന്നദ്ധതകൊണ്ട് ശ്രദ്ധേയായ ഒരു പഞ്ചായത്ത് പ്രസിഡന്റിനെ കേന്ദ്ര വനിതാശിശുക്ഷേമന്ത്രാലയത്തിന്റെ മഹിളാസമ്മാൻ പുരസ്കാരം തേടിയെത്തിയതും.

കോറാടൻ റംല തുടരുന്നു- വിഭിന്നശേഷിയുള്ള കുട്ടികളെ, 'സ്വർഗത്തിലേക്ക് കൈപിടിച്ചുയർത്തുക' എന്നർത്ഥം വരുന്ന കൈവല്യഗ്രാമം എന്ന് പേരിൽ ഒരു പദ്ധതിക്ക് തുടക്കമിട്ടപ്പോഴാണ് ഷാമിൽ ആറങ്ങോടന്റെ ശസ്ത്രക്രിയ വിഷയമാകുന്നത്. അഞ്ചുവയസ്സുവരെയുള്ളവരുടെ ശസ്ത്രക്രിയ മാത്രമേ ഗവൺമെന്റ് ചെയ്തുകൊടുക്കൂ. അവൻ പഠിക്കുന്ന പരിയാപുരം ഫാത്തിമസ്കൂൾ സ്വരൂപിച്ച 3,18,000 രൂപയടക്കം ഏകദേശം ഏഴരലക്ഷത്തോളം രൂപ വിവിധ സ്കൂളുകളിൽ നിന്നും മറ്റു അഭ്യുദയാംകാംക്ഷികളിൽ നിന്നുമായി പഞ്ചായത്ത് പിരിച്ചെടുത്തു. വിജയകരമായ ശസ്ത്രക്രിയക്കുശേഷം ഡോക്ടർ ആദ്യമായി നിർദേശിച്ചത് 60,000 രൂപയുടെ ശ്രവണസഹായി വേണ്ടിവരും എന്നും നിർജ്ജീവമായ ചെവിയെ പുനരുജ്ജീവിപ്പിക്കാൻ അതാവശ്യമാണ് എന്നുമായിരുന്നു. അതിനുള്ള തുക പഞ്ചായത്ത് വിനിയോഗിച്ചു. കൂടാതെ ഏതെങ്കിലും അടിയന്തിരഘട്ടങ്ങളിൽ ഇതുപോലുള്ള കുട്ടികൾക്ക് ധനസഹായംആവശ്യമായി വന്നാൽ തുക നൽകാനായി 'കൈവല്യനിധി'യും നടപ്പാക്കി. പരിയാപുരത്ത് പഠിക്കുന്ന ഒരുവിദ്യാർത്ഥിക്ക് പാമ്പുകടിയേറ്റ് 4,00000 രൂപ ചെലവ് വന്നപ്പോൾ 50,000 രൂപ പഞ്ചായത്ത് നൽകുകയുണ്ടായി. ഇങ്ങനെ നിരവധികുട്ടികൾക്ക് രണ്ട് ലക്ഷത്തിലധികം രൂപ പഞ്ചായത്ത് നൽകി.

പഞ്ചായത്ത് ഭരണമെന്നാൽ റോഡും പാലവും നിർമ്മിക്കലും, അതുവഴി കൈവരുന്ന സൗകര്യങ്ങളാണ് പഞ്ചായത്തിന്റെ വികസനം എന്നൊക്കെയുള്ള പതിവുരീതികളെ

ഈ ജനപ്രതിനിധി മാറ്റിയെടുത്തു. 2000 മുതൽ 2010 വരെമങ്കടബ്ലോക്ക് പഞ്ചായത്ത് അംഗമായിരിക്കെയുള്ള പരിചയം കൈമുതലാക്കിയാണ് 2010-ൽ കോറാടൻ റംല പഞ്ചായത്ത് പ്രസിഡന്റായി സ്ഥാനമേൽക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളിൽ വനിതാസംവരണംമൂലം സാധ്യമായസ്ത്രീശാക്തീകരണത്തിന്റെ ഉത്തമമാതൃകയായിഅവർ പിന്നീട് മാറിയത് ഭരണമികവുകൊണ്ടുമാണ്.

വികസനഫണ്ടും മെയിന്റനൻസ് ഗ്രാന്റുമായി ആറ് കോടിരൂപയും, 350-ഓളം പദ്ധതികളും ഉള്ള ഒരു വലിയ പഞ്ചായത്തിൽ അഞ്ചുവ്യത്യസ്ത നൂതന പദ്ധതികൾ കോറാടൻ റംലയുടെ പരിശ്രമഫലമായി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ആ അഞ്ചുപദ്ധതികളുടെയും മൊഞ്ചിന്റെ ഫലമാകാം ഇങ്ങനെ ഒരു അവാർഡ് അവരെതേടിയെത്തിയതെന്ന് സ്പഷ്ടം. കേവലം നാലുവർഷത്തിനുള്ളിൽ ഇത്തരം വ്യത്യസ്ത പദ്ധതികൾ നടപ്പാക്കുക അത്ര എളുപ്പമാകില്ലല്ലോ. അതുകൊണ്ട് ഇതുപോലുള്ളകരുത്തുറ്റ സ്തീഭരണകർത്താക്കളെ ഇനിയും വാർത്തെടുക്കാൻ, അവർ നടത്തിയ പരിശ്രമങ്ങളുംഅതിന് ബലമേകിയ പദ്ധതികളും നമുക്ക് പരിചയപ്പെടേണ്ടതുണ്ട്. കൈവല്യം ഗ്രാമം, ആശ്രയതുടർസേവന പദ്ധതിയുടെ ഒന്നുംരണ്ടും ഘട്ടങ്ങൾ, പ്രതീക്ഷാ പദ്ധതി, പരിരക്ഷാപദ്ധതി എന്നിവയിലെല്ലാംതന്നെ ജില്ലാ പഞ്ചായത്തുംസർക്കാരും അനുവദിക്കുന്ന ഫണ്ട് കൂടാതെ പൊതുജനങ്ങളിൽ നിന്നുംതുകസമാഹരിക്കാനും അവ ഫലപ്രദമായിവിനിയോഗിക്കാനും പ്രതിപക്ഷ സഹകരണംഉറപ്പാക്കാനും കോറാടൻ റംലയുടെ നേതൃത്തിലുള്ള ഭരണസമിതിക്ക് കഴിഞ്ഞു.

അതിൽ പ്രധാനപ്പെട്ടതാണ് 'കൈവല്യഗ്രാമം പദ്ധതി'. ഭിന്നശേഷിയുള്ളവർക്കുള്ള ഈ പുനരധിവാസ പദ്ധതി ഇന്ന്കേരളത്തിന് തന്നെ മാതൃകയാണ്. 2012-ൽ മലപ്പുറംജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽതുടങ്ങിയ പ്രതീക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്ന 'പരസ്പരം' കുടുംബസംഗമത്തിൽ നിന്നാണ് ഈ പദ്ധതി രൂപം കൊണ്ടത്. ജില്ലാ

വികസനഫണ്ടും മെയിന്റനൻസ് ഗ്രാന്റുമായി ആറ് കോടിരൂപയും, 350 – ഓളം പദ്ധതികളും ഉള്ള ഒരു വലിയ പഞ്ചായത്തിൽ അഞ്ചുവ്യത്യസ്ത നൂതന പദ്ധതികൾ കോറാടൻ റംലയുടെ പരിശ്രമഫലമായി ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി. ആ അഞ്ചുപദ്ധതികളുടെയും മൊഞ്ചിന്റെ ഫലമാകാം ഇങ്ങനെ ഒരു അവാർഡ് അവരെതേടിയെത്തിയതെന്നും സ്പഷ്ടം.

പഞ്ചായത്തിന്റെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ 25 പഞ്ചായത്തുകളിൽ 20 -ഉം നടപ്പാക്കി. അതിലൊന്നായിരുന്നുഅങ്ങാടിപ്പുറം. വിവിധ ജനപ്രതിനിധികളെഉൾപ്പെടുത്തിവിളിച്ചുചേർത്ത യോഗത്തിൽവിഭിന്നശേഷിയുള്ളവരുടെ 272 കുടുംബങ്ങൾ പങ്കെടുത്തു. അതിൽതന്നെ 26 പേരെമാത്രമേഉൾപ്പെടുത്താനായുള്ളൂ. ബാക്കിയുള്ളവരിൽ 18വയസ്സിന് താഴെയുള്ളവരെ കണ്ടെത്താൻഒരു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഒന്നാംഘട്ടത്തിൽ 116 കുട്ടികളുംരണ്ടാം ഘട്ടത്തിൽ 87 കുട്ടികളുംപങ്കെടുത്തു. തുടർന്ന് ജനപ്രതിനിധികൾക്ക് പുറമേ, പിടിഎ പ്രസിഡന്റുമാർ, സാമൂഹിക, രാഷ്ട്രീയ പ്രവർത്തകർ, ക്ലബുകൾഎന്നിവരെയുള്ളഉൾപ്പെടുത്തിഒരു 50 അംഗസമിതിക്ക്രൂപം കൊടുത്തു. അവരാണ്കൈവല്യ ഗ്രാമം പദ്ധതിക്ക് ചുക്കാൻ പിടിച്ചത്. പ്രതീക്ഷാഡേകെയറിൽവിവിധ തെറാപ്പികളുമായിഒതുങ്ങിയപ്പോൾ കൈവല്യഗ്രാമംഏറെ ശ്രദ്ധേയമായി. മഞ്ചേരിആസ്ഥാനമായ 'റിച്ച്' എന്ന സന്നദ്ധസംഘടനയുമായിചേർന്നാണ് ഈ പദ്ധതി നടപ്പാക്കിയത്. കഴിഞ്ഞ ഫെബ്രുവരി 18-ന് പാലക്കാട് നടന്ന സംസ്ഥാന പഞ്ചായത്ത് ദിനാഘോഷത്തിൽകൈവല്യഗ്രാമം പദ്ധതി കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളുടെയും മുൻപിൽ ആദരിക്കപ്പെടുകയുംഏവരുടെയും പ്രശംസ പിടിച്ചുപറ്റുകയുംചെയ്തു.

ബാലസൗഹൃദഗ്രാമം പദ്ധതിയുടെ ഭാഗമായി നടത്തിയ കുട്ടികൾക്കായുള്ള നീന്തൽ പരിശീലനം ഏറെ ശ്രദ്ധനേടി. പദ്ധതിയുടെ ഭാഗമായിസ്കൂളുകളിലെകുട്ടികൾക്ക് കിസ് മത്സരം നടത്തിവിജയികളെതിരുവനന്തപുരത്തേക്ക് പഠനയാത്ര കൊണ്ടുപോയി. പ്രതീക്ഷാ ഡേകെയറിലെ കുട്ടികൾ തങ്ങൾക്കും ഇതുപോലെഒരു പഠനയാത്ര പോകണമെന്ന് പ്രസിഡന്റിനെ അറിയിച്ചപ്പോൾ അതിനും പഞ്ചായത്ത്തയ്യാറായി. ഇതിനെത്തുടർന്ന്മൂന്ന്സുമനസ്സുകളിൽ നിന്ന് 15,000 രൂപ സ്വരൂപിച്ച് ഭിന്നശേഷിയുള്ളകുട്ടികളുമായിതൃശൂരിലേക്ക്ഉല്ലാസയാത്ര തിരിച്ചു. കുട്ടികളെ പൂന്തോട്ടവുംകടലോരവും കാണിച്ചുകൊടുത്തപ്പോൾ യഥാർത്ഥത്തിൽസന്തോഷിച്ചത്അവരുടെ അമ്മമാരായിരുന്നു. അതിലുൾപ്പെട്ട ഒരമ്മ പറഞ്ഞത് കോറാടൻ റംല ഇപ്പോഴുംഓർക്കുന്നുഅവരുടെരണ്ടുമക്കളുംഭിന്നശേഷിയുള്ളവരായതിനാൽ എത്രയോവർഷമായി പുറത്തേക്ക് കൊണ്ടുപോകാൻ കഴിയാറില്ല. വിവാഹംകഴിഞ്ഞ് 28 വർഷമായിട്ടുംവീട്ടുകാർപോലുംകുട്ടികളെഎവിടെയുംകൊണ്ടുപോകാത്ത സാഹചര്യത്തിൽ ഇങ്ങനെയൊരു ദൃമത്തിന് മുതിർന്ന പഞ്ചായത്ത് പ്രസിഡന്റിനോടുള്ള നന്ദിഅവരുടെമുഖത്ത്കാണാമായിരുന്നു. കുട്ടികളുടെ പുഞ്ചിരികണ്ടതിൽചാരിതാർത്ഥ്യമുള്ള നിരവധി അമ്മമാർ. അതിൽകൂടുതൽ നമുക്കെന്തുവേണം?.കോറാടൻറംല ചോദിക്കുന്നു.

ശരിയായിരിക്കാം, കുട്ടികളില്ലാത്ത കോറാടൻ റംല പഞ്ചായത്തിലെഎല്ലാകുട്ടികളെയുംസ്വന്തംകുട്ടികളായികാണുന്നു. അതിന്റെ ഉത്തമ ഉദാഹരണമാണ്ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ. കൂടാതെ പെൺകുട്ടികൾക്കുള്ള 'കരാട്ടേ പരിശീലനം', മഴവെള്ളം സംഭരിച്ച്ജലസുരക്ഷ ഉറപ്പാക്കുന്ന 'കിണർറീചാർജിംഗ്', കുട്ടികളിൽഇംഗ്ലീഷ്സംസാരിക്കാനുള്ള കഴിവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന 'ഈസിഇംഗ്ലീഷ് പദ്ധതി' എന്നിവയും എടുത്തുപറയേണ്ടവയാണ്.

ദാരിദ്രരേഖയ്ക്കുതാഴെ വരുമാനമുള്ള കുടുംബങ്ങളിലുള്ളവരുടെ പുനരധിവാസത്തിനായിആവിഷ്ക

കൈവല്യഗ്രാമം പദ്ധതിയിലെ കുട്ടികൾക്കുള്ള സഹായ ഉപകരണവിതരണം ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്യുന്നു.

രിച്ച ആശ്രയ പദ്ധതിയുടെ തുടർച്ചയായ ‘ആശ്രയതുടർസേവന പദ്ധതി ഒന്നാംഘട്ടവും രണ്ടാംഘട്ടവും’ വിജയകരമായി നടപ്പാക്കിയ പഞ്ചായത്താണ് അങ്ങാടിപ്പുറം. 2003-ൽ നടപ്പാക്കിത്തുടങ്ങിയആശ്രയ പദ്ധതിയിൽ പത്ത് ലക്ഷംരൂപ നീക്കിവച്ചെങ്കിലും ഫലപ്രദമായി നടപ്പാക്കുന്നത് 2010 മുതലാണ്. ആദ്യംഇതിൽ 243 കുടുംബങ്ങളെഉൾപ്പെടുത്തി. അതിൽ നിന്നുംമരിച്ചവരെയെല്ലാംഒഴിവാക്കി നടപ്പാക്കിയആശ്രയതുടർസേവന പദ്ധതി ഒന്നാംഘട്ടത്തിൽ 2010-13 കാലയളവിൽ 182 പേരെ ഉൾപ്പെടുത്തി. ഒന്നാം ഘട്ടത്തിൽജില്ലാ പഞ്ചായത്ത് അനുവദിച്ച തുകയുടെ 50 ശതമാനവുംചിലവഴിച്ച പഞ്ചായത്തുകൾക്കാണ്രണ്ടാംഘട്ടത്തിൽതുക അനുവദിച്ചത്. അങ്ങാടിപ്പുറം 60 ശതമാനം തുകയുംചെലവഴിച്ചിരുന്നു. അതുകൊണ്ടുതന്നെ കഴിഞ്ഞ ഒക്ടോബർമുതൽരണ്ടാംഘട്ടം നടപ്പിലാക്കി വരുന്നു.മൂന്ന്ലക്ഷംരൂപ നീക്കിവെച്ച് 116 കുടുംബങ്ങളെഈ പദ്ധതിയിൽ ഉൾപ്പെടുത്തി.

ക്യാൻസറുൾപ്പെടെയുള്ള മാരകരോഗങ്ങളാൽകഷ്ടപ്പെട്ടുന്നവർക്ക് സാന്ത്വനം നൽകാനുദ്ദേശിച്ചുള്ള ‘പരിരക്ഷാ പദ്ധതി’ യിലൂടെജീവകാരുണ്യ പ്രവർത്തനങ്ങളിൽമാതൃകാപരമായ സേവനങ്ങളും പഞ്ചായത്ത്ചെയ്തു. മരുന്നും, വീൽചെയർഉൾപ്പെടെയുള്ള ഉപകരണങ്ങളുംകൂട്ടായ്മകളിലൂടെസ്വരൂപിച്ച്രോഗികൾക്ക് നൽകിയെന്നുമാത്രമല്ല; ബെഡ്, സാരി, വാച്ച്, റേഡിയോതുടങ്ങിയവവരെ പലരുംസംഭാവനയായിനൽകുകയുണ്ടായി.

മാതൃകാലേബർ ബാങ്ക് പരിശീലന പദ്ധതിയെ ചുവടുപിടിച്ച്നടപ്പാക്കിയ ഹരിതസേന പദ്ധതിയും വിജയംകണ്ടു. തുടക്കത്തിൽ രണ്ട് ലക്ഷംരൂപ നീക്കിവച്ച് രണ്ട് വനിതകൾഅടക്കം 18 പേർക്ക്ലേബർ ബാങ്ക്രൂപീകരിക്കാൻ പരിശീലനം നൽകി. പദ്ധതി വിജയമായതോടെ നൂറുപേർക്കുള്ളസൗജന്യപരിശീലനത്തിനും അനുമതിലഭിച്ചു. ഇതിൽ 33 സ്തീകളടക്കം 53 പേർ വിജയകരമായി പരിശീലനം പൂർത്തിയാക്കി. ഇപ്പോൾസംസ്ഥാനത്തെ രണ്ടാമത്തെ മികച്ച ലേബർ ബാങ്കാണ്അങ്ങാടിപ്പുറം പഞ്ചായത്തിന്റേത്. 2015-2016ലെ വാർഷിക പദ്ധതിയുടെ അംഗീകാരംആദ്യമായിസംസ്ഥാനത്ത് നേടിയ പഞ്ചായത്തുംഅങ്ങാടിപ്പുറമായിരുന്നു. ഏപ്രിൽ ഒന്നിന് തന്നെ പദ്ധതി നിർവഹണംതുടങ്ങിയകേരളത്തിലെ 7 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തും ഉണ്ടായിരുന്നു. പഞ്ചായത്ത് സെക്രട്ടറി കെ. സിദ്ദീഖിന്റെ നേത്രത്വത്തിലുള്ള ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രസിഡന്റിന് തുണയായി.

1978-1979 കാലയളവിൽ പെരിന്തൽമണ്ണ പിടിഎംകോളേജിൽ വിദ്യാർത്ഥിയൂണിയൻ വൈസ്ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടതാണ് കോറാടൻ റംലയുടെ പൊതുപ്രവർത്തനരംഗത്തേക്കുള്ള അരങ്ങേറ്റം. മലപ്പുറം ഗവ: കോളേജിൽ ബിരുദപഠനത്തെത്തുടർന്ന് വിവാഹവും, ശേഷം ഭർത്താവിനൊപ്പംദീർഘകാലം പ്രവാസജീവിതം. ഭർത്താവ് കോറാടൻ സെയ്തുട്ടിഹാജിക്കൊപ്പം 2000-ൽ ഗൾഫ്ജീവിതംമതിയാക്കി നാട്ടിലെത്തിയ കോറാടൻ റംല,ആറുമാസത്തോളം സാമൂഹിക പ്രവർത്തനത്തിൽസജീവമായി. കലാകായികരംഗത്തും പാവപ്പെട്ടവരെസേവിക്കാനുമായിസാംസ്കാരികസമിതിയെന്ന പേരിൽഒരു കൂട്ടായ്മരൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകവെ 2000ലെ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽഅങ്ങാടിപ്പുറം ഡിവിഷനിൽ നിന്നുംമങ്കട ബ്ലോക്കുപഞ്ചായത്തിലേക്ക്തെരഞ്ഞെടുക്കപ്പെട്ടത്. ഒരുസ്ത്രീ എന്ന നിലയ്ക്ക് യാഥാസ്ഥിതിക കുടുംബങ്ങളിൽ നിന്നുണ്ടായേക്കാവുന്ന എതിർപ്പുകളെവകവെക്കാതെയാണ് റംല പൊതുരംഗത്തേക്കിറങ്ങുന്നത്. രാവിലെഏഴുമുതൽ രാത്രിവരെ നീളും കോറാടൻ റംലയുടെ പ്രവർത്തനസമയം.ഇന്ന്പഞ്ചായത്തിലെഏതൊരു പദ്ധതിയുടെയും വിവരങ്ങൾഏതു സമയത്തും റംലക്ക് മനഃപാഠമാണ്. ഊണുംഉറക്കവുംഒഴിവാക്കിയുള്ളഇവരുടെ പ്രവർത്തനം, ഇതര ജനപ്രതിനിധികൾക്ക്മാതൃകയാണ്. ◆

ലേഖകൻ തിരുവനന്തപുരം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയിലെ ഇൻഫർമേഷൻ അസിസ്റ്റന്റാണ്

വാർത്തകളും വിശേഷങ്ങളും

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായുള്ള അപേക്ഷ കാലാവധി ദീർഘിപ്പിച്ചു.

16-11-13 ലെ 362/13/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവിഹ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി വിവാഹം കഴിഞ്ഞ് മൂന്ന് മൂസത്തിനകമെന്ന് നിഷ്‌ക്കർഷിച്ചിരുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി വിവാഹം കഴിഞ്ഞ് ആറ് മാസത്തിനകമായി ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ദീർഘിപ്പിച്ചു.

പട്ടികജാതി വികസന വകുപ്പിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും ഒരു സ്ഥലത്ത് നിന്നു മാത്രമേ ആനുകൂല്യം കൈപ്പറ്റാൻ പാടുള്ളൂ. കൗൺസിൽ തീരുമാനം അനുസരിച്ചായിരിക്കണം ആനുകൂല്യം നൽകേണ്ടത്.

സ.ഉ. (സാധാ) നം 789/2015 ത.സ്വ.ഭ.വ തീയതി: 18.03.2015

ദേശീയ വികലാംഗ പുനരുദ്ധാരണ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ സാമൂഹ്യനീതി ആഫീസറെ ചുമതലപ്പെടുത്തി

കോ- ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ദേശീയ വികലാംഗ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ സാമൂഹ്യനീതി ആഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

16.11.13ലെ സ.ഉ.(എം.എസ്.)നം. 362/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് മേൽ ഉൾപ്പെടുത്തലോടെ നിലനിർത്തിയിട്ടുണ്ട്.

സ.ഉ.(സാധാ)നം 812/2015/ത.സ്വ.ഭ.വ. തീയതി: 20.03.2015

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് അനുമതി

സംസ്ഥാനതല കോ -ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജുവേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ) 787/2015/ത.സ്വ.ഭ.വ. തീയതി: 18.03.2015

പ്രാദേശിക സർക്കാരുകളുടെ ഫണ്ടുകൾ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് നിയന്ത്രണം.

പ്രാദേശിക സർക്കാരുകളുടെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഫണ്ടുകൾ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് വ്യക്തമായ അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിലൊഴികെ അപ്രകാരം ട്രഷറി അക്കൗണ്ടിലുള്ള തുകകൾ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടില്ല എന്ന് എല്ലാ പ്രാദേശിക സർക്കാരുകൾക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു. സർക്കുലർ നം. ഇ.147340/എഫ്. എം.1/15/ത.സ്വ.ഭ.വ. തീയതി: 19.03.2015

ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉത്പാദനവും വിതരണവും എന്ന പദ്ധതി- മുൻകൂർ തുക നൽകുന്നതിന് അനുവാദം

'ശുദ്ധീകരിച്ചതും സുരക്ഷിതവുമായ കുടിവെള്ളത്തിന്റെ ഉത്പാദനവും വിതരണവും' എന്ന പദ്ധതി സംസ്ഥാനത്തെ താൽപ്പര്യമുള്ള ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും 16.11.13-ലെ സ.ഉ.(എം.എസ്.) 362/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും മറ്റു സർക്കാർ ഉത്തരവുകളും പാലിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചും, പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി സ്ഥലവും, പ്ലാന്റുകളും സ്ഥാപിക്കുന്നതിനും ആവശ്യമായി വന്നേക്കാവുന്ന തുകയുടെ അമ്പത് ശതമാനം പ്രസ്തുത പ്രോജക്റ്റിന് അംഗീകാരം ലഭിച്ച് കഴിഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനം കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മുൻകൂറായി നൽകുന്നതിന് സ.ഉ. (എം.എസ്) 362/2013/തദ്ദേശസ്വയംഭരണ വകുപ്പ് തീയതി: 16.11.2013, സ.ഉ.(അച്ചടി) 177/2006/ധനവകുപ്പ് തീയതി: 12.04.2006 ഉത്തരവുകളുടെയും ബന്ധപ്പെട്ട മറ്റ് ധനവിനിയോഗ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കണമെന്ന വ്യവസ്ഥയോട് കൂടി അനുവാദം നൽകിയും ഉത്തരവായി.

സ.ഉ.(സാധാ)നം. 957/2015/ത.സ്വ.ഭ.വ. തീയതി: 27.03.2015

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram

വായിക്കുക...
വരിക്കാരാകുക...

പഞ്ചായത്ത്‌രാജ്

പരസ്യ നിരക്ക്

	തുക രൂപയിൽ
കവർ (അവസാനപുറം) കളർ	12000/
കവർ (ഉൾവശം) കളർ	10000/
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	8000/
മറ്റു പേജുകൾ (കളർ)	8000/
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	6000/
അര പേജ് (കളർ)	5000/
അര പേജ് (ബ്ലാക്ക് & വൈറ്റ്)	3000/

PANCHAYATRAJ (Monthly) **April 2015**
Annual Subscription ₹120/-, Published on 20th April 2015
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to Post without Prepayment No. KL/TV(N) WPP-85/2015-17

www.ammini.com

ammini
partnering with tomorrow

ഹൈമാസ്റ്റ്‌ലൈറ്റുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award for Quality Products

STQC Certification
ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS